# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/ഡബ്യ്യ.വൈ.ഡി/പി3-667/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 30/07/2022
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/ഡബ്യ്യ.വൈ.ഡി/പി3-667/2022 തീയ്യതി: 30/07/2022

## വയനാട് ജില്ലയിലെ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഒ. കെ. അഗസ്റ്റ്യൻ | ഡെപ്യൂട്ടി ഡയറക്ടർ | 18-07-2022 | 29-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-07-2022 | 29-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രശാന്ത് സി.വി, ഓഡിറ്റ് ഓഫീസർ
ശ്രീ. ഷാജി പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ലത ടി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സൗമ്യ ജോൺ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഗിരിജ കൃഷ്ണൻ | പ്രസിഡന്റ് | 01-04-2020 | 12-11-2020 |

| | | | |
|---|---|---|---|
| ശ്രീ. പി.കെ വിജയൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. അബ്ദുള്ള വി.എം | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. അബ്ദുള്ള വി.എം | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ. ശ്രീകുമാർ കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ. സൗമ്യ മാത്യൂ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ. ലക്ഷ്മി എസ് അരവിന്ദ് | വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ശ്രീ. അനിൽകുമാർ ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ. അജിൽ എം.എസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. പി. സുരേന്ദ്രൻ | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി സുഭാഷിണി കെ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 10-07-2020 |
| ശ്രീമതി റജീന എം.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11-07-2020 | 31-03-2021 |
| ഡോ. കെ. ജി. രഞ്ജിത് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 22-05-2020 |
| ഡോ. മിഥുൻ കെ.പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 23-05-2020 | 30-10-2020 |
| ഡോ.ജിഷ ജി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 31-10-2020 | 08-01-2021 |
| ഡോ.എലിസബത്ത് സൂസൻ വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 09-01-2021 | 31-03-2021 |
| ഡോ. അബ്ദുൾ റഹ്മാൻ കുട്ടി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 08-07-2020 |
| ഡോ. അജിത് പാലിയേക്കര | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 09-07-2020 | 31-03-2021 |
| ശ്രീ. ആഷിക് ബാബു | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 29-06-2020 |
| ശ്രീ. സുജിത് എം. | ഫിഷറീസ് ഇൻസ്പെക്ടർ | 30-06-2020 | 03-11-2020 |
| ശ്രീ. ഷാജി സി | ഫിഷറീസ് ഇൻസ്പെക്ടർ | 04-11-2020 | 31-03-2021 |
| ശ്രീ. അശോക് കുമാർ | വി.ഇ.ഒ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| വി.ജി | | | |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Soumya John (Auditor, On 27-07-2022)<br>Last Updated By: Prasanth C V (Audit Officer, On 29-07-2022) | 1-1 |
| 2 | ബജറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: Soumya John (Auditor, On 27-07-2022)<br>Last Updated By: Prasanth C V (Audit Officer, On 29-07-2022) | 1-1-1 |
| 3 | ബഡ്ജറ്റ് പൂർണ്ണമല്ല<br>Written By: Soumya John (Auditor, On 27-07-2022)<br>Last Updated By: Prasanth C V (Audit Officer, On 29-07-2022) | 1-1-2 |
| 4 | ബഡ്ജറ്റ് വാസ്തവികമല്ല<br>Written By: Soumya John (Auditor, On 27-07-2022)<br>Last Updated By: Soumya John (Auditor, On 27-07-2022) | 1-1-3 |
| 5 | വാർഷികധനകാര്യപത്രിക<br>Written By: Soumya John (Auditor, On 27-07-2022)<br>Last Updated By: Prasanth C V (Audit Officer, On 29-07-2022) | 1-2 |
| 6 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Soumya John (Auditor, On 27-07-2022)<br>Last Updated By: Prasanth C V (Audit Officer, On 27-07-2022) | 1-3 |
| 7 | ഫണ്ട് വിനിയോഗം<br>Written By: Soumya John (Auditor, On 27-07-2022)<br>Last Updated By: Prasanth C V (Audit Officer, On 29-07-2022) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: Soumya John (Auditor, On 27-07-2022)<br>Last Updated By: Prasanth C V (Audit Officer, On 29-07-2022) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Soumya John (Auditor, On 27-07-2022)<br>Last Updated By: Prasanth C V (Audit Officer, On 29-07-2022) | 1-6 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: Soumya John (Auditor, On 27-07-2022)<br>Last Updated By: Prasanth C V (Audit Officer, On 29-07-2022) | 1-7 |
| 11 | ക്യാഷ് പരിശോധന<br>Written By: Soumya John (Auditor, On 27-07-2022)<br>Last Updated By: Prasanth C V (Audit Officer, On 27-07-2022) | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണസംവിധാനം<br>Written By: Soumya John (Auditor, On 27-07-2022)<br>Last Updated By: Prasanth C V (Audit Officer, On 29-07-2022) | 1-9 |
| 13 | പദ്ധതി രൂപീകരണം<br>Written By: Soumya John (Auditor, On 27-07-2022)<br>Last Updated By: Prasanth C V (Audit Officer, On 27-07-2022) | 1- 10 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Soumya John (Auditor, On 27-07-2022)<br>Last Updated By: Prasanth C V (Audit Officer, On 27-07-2022) | 1-11 |
| 15 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: T.K.Latha (Auditor, On 27-07-2022)<br>Last Updated By: Prasanth C V (Audit Officer, On 29-07-2022) | 1-12 |
| 16 | ഐ.എൽ.ജി.എം.എസ് സ്ലോറ്റ് വെയറിലെ അപാകതകൾ<br>Written By: T.K.Latha (Auditor, On 27-07-2022)<br>Last Updated By: Prasanth C V (Audit Officer, On 29-07-2022) | 1-13 |
| 17 | സാമൂഹ്യസുരക്ഷ പെൻഷൻ- പെൻഷണർ മരണപ്പെട്ടിട്ടും തുക അക്കൗണ്ടിലേക്ക് വിതരണം ചെയ്യുന്നു.<br>Written By: Soumya John (Auditor, On 27-07-2022)<br>Last Updated By: Prasanth C V (Audit Officer, On 29-07-2022) | 1-14 |

| | | |
|---|---|---|
| 18 | മരണമടഞ്ഞ പെൻഷനറുടെ അക്കൗണ്ടിലേക്ക് തുക കൈമാറി<br>Written By: Soumya John (Auditor, On 27-07-2022)<br>Last Updated By: Prasanth C V (Audit Officer, On 29-07-2022) | 1-14-1 |
| 19 | പെൻഷനറുടെ അക്കൗണ്ടിലേക്ക് കൈമാറാൻ സാധിക്കാത്ത തുക ബാങ്കിൽ സൂക്ഷിച്ചിരിക്കുന്നു<br>Written By: Soumya John (Auditor, On 27-07-2022)<br>Last Updated By: Soumya John (Auditor, On 27-07-2022) | 1-14-2 |
| 20 | മരണമടഞ്ഞ പെൻഷൻ ഗുണഭോക്താക്കളുടെ വിവരം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല<br>Written By: Soumya John (Auditor, On 27-07-2022)<br>Last Updated By: Prasanth C V (Audit Officer, On 29-07-2022) | 1-14-3 |
| 21 | തൊഴിൽ നികുതി - അപാകതകൾ- സംബന്ധിച്ച്<br>Written By: Soumya John (Auditor, On 27-07-2022)<br>Last Updated By: Prasanth C V (Audit Officer, On 27-07-2022) | 1-15 |
| 22 | ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല<br>Written By: Soumya John (Auditor, On 27-07-2022)<br>Last Updated By: Prasanth C V (Audit Officer, On 27-07-2022) | 1-15-1 |
| 23 | പഞ്ചായത്തിൽ വിവിധ നിർമ്മാണ പ്രവൃത്തികൾ നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Soumya John (Auditor, On 27-07-2022)<br>Last Updated By: Prasanth C V (Audit Officer, On 29-07-2022) | 1-15-2 |
| 24 | റേഷൻകടകൾ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.<br>Written By: Soumya John (Auditor, On 27-07-2022)<br>Last Updated By: Prasanth C V (Audit Officer, On 27-07-2022) | 1-15-3 |
| 25 | ഭിന്നശേഷികുട്ടികൾക്ക് സ്കോളർഷിപ്പ് - ഗുണഭോക്താക്കൾക്ക് നാളിതുവരെ അർഹമായ തുക ലഭ്യമായിട്ടില്ല<br>Written By: T.K.Latha (Auditor, On 27-07-2022)<br>Last Updated By: Prasanth C V (Audit Officer, On 29-07-2022) | 1-16 |
| 26 | ന്യൂട്രിമിക്സ് - ലാബ് പരിശോധന റിപ്പോർട്ട് ലഭ്യമല്ല<br>Written By: T.K.Latha (Auditor, On 27-07-2022)<br>Last Updated By: Prasanth C V (Audit Officer, On 29-07-2022) | 1-17 |
| 27 | ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തികരിച്ചില്ല.<br>Written By: T.K.Latha (Auditor, On 27-07-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 30-07-2022) | 1-18 |
| 28 | അങ്കണവാടി പോഷകാഹാരം- സപ്ലൈകോ നിരക്കിൽ കൂടുതൽ വിലയിൽ ഭക്ഷ്യ സാധനങ്ങൾ വാങ്ങിക്കുന്നു .<br>Written By: T.K.Latha (Auditor, On 27-07-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 30-07-2022) | 1-19 |
| 29 | സിഡ്കോയിൽ നിന്നും അനുമതിയില്ലാത്ത പഠനോപകരണങ്ങൾ വാങ്ങി വിതരണം ചെയ്തു- 9,88,917 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: P.Shaji (Asst. Audit Officer, On 26-07-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 30-07-2022) | 1-20 |
| 30 | കരാർ വെക്കുന്നതിലെ താമസം നിയമാനുസൃത പിഴ 1,28,336/- രൂപ ഈടാക്കിയിട്ടില്ല.<br>Written By: P.Shaji (Asst. Audit Officer, On 26-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 30-07-2022) | 1-21 |
| 31 | ടാറിംഗ്/റീ ടാറിംഗ് പ്രവൃത്തി ഫയലുകളിൽ ബിറ്റുമെൻ വാങ്ങിയതിന്റെ അസ്സൽ ബില്ലുകൾ ഹാജരാക്കിയിട്ടില്ല.<br>Written By: P.Shaji (Asst. Audit Officer, On 26-07-2022)<br>Last Updated By: P.Shaji (Asst. Audit Officer, On 26-07-2022) | 1-22 |
| 32 | എസ്റ്റിമേറ്റ് പി.എ.സി യിൽ അധികം തുക നൽകി- 13,423രൂപ തിരികെ ഈടാക്കിയില്ല<br>Written By: P.Shaji (Asst. Audit Officer, On 26-07-2022) | 1-23 |

| | | |
|---|---|---|
| | Last Updated By: P.Shaji (Asst. Audit Officer, On 26-07-2022) | |
| 33 | കിടാരി വിതരണം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Prasanth C V (Audit Officer, On 26-07-2022)<br>Last Updated By: Prasanth C V (Audit Officer, On 29-07-2022) | 1-24 |
| 34 | പട്ടികവർഗ്ഗക്കാർക്ക് പെണ്ണാട് വിതരണം-നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Prasanth C V (Audit Officer, On 26-07-2022)<br>Last Updated By: Prasanth C V (Audit Officer, On 29-07-2022) | 1-25 |
| 35 | തുക നല്കിയിട്ടും ഫോട്ടോകോപ്പിയർ മെഷീൻ ലഭിച്ചില്ല<br>Written By: Prasanth C V (Audit Officer, On 26-07-2022)<br>Last Updated By: Prasanth C V (Audit Officer, On 29-07-2022) | 1-26 |
| 36 | വിവിധ ഏജൻസികൾക്ക് തുക നല്കിയത്-പൂർത്തീകരണപത്രവും,വിനിയോഗവിവരവും ലഭ്യമാക്കിയില്ല<br>Written By: Prasanth C V (Audit Officer, On 26-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 29-07-2022) | 1-27 |
| 37 | ജൽജീവൻ മിഷന് തുക നല്കിയത്-നിലവിലെ അവസ്ഥ ലഭ്യമല്ല<br>Written By: Prasanth C V (Audit Officer, On 26-07-2022)<br>Last Updated By: Prasanth C V (Audit Officer, On 29-07-2022) | 1-28 |
| 38 | ആന്വൽ മെയിന്റനൻസ് കോൺട്രാക്ട്- കരാർ വ്യവസ്ഥകൾ പാലിക്കുന്നില്ല<br>Written By: Prasanth C V (Audit Officer, On 26-07-2022)<br>Last Updated By: Prasanth C V (Audit Officer, On 29-07-2022) | 1-29 |
| 39 | ഘടകസ്ഥാപനങ്ങൾക്ക് വാട്ടർപ്യൂരിഫയർ വാങ്ങിയത് സ്റ്റോക്കിലെടുത്തില്ല<br>Written By: Prasanth C V (Audit Officer, On 26-07-2022)<br>Last Updated By: Prasanth C V (Audit Officer, On 29-07-2022) | 1-30 |
| 40 | സംയുക്ത പരിശോധന നടത്താതെ കുടിവെള്ളടാപ്പുകൾക്കുള്ള ചാർജ്ജ് നല്കുന്നു<br>Written By: Prasanth C V (Audit Officer, On 26-07-2022)<br>Last Updated By: Prasanth C V (Audit Officer, On 29-07-2022) | 1-31 |
| 41 | സ്വയംതൊഴിലിന് ഓട്ടോ നല്കിയത്-മാർഗ്ഗരേഖപ്രകാരമുള്ള കരാർ ഉൾപ്പെടുത്തിയില്ല<br>Written By: Prasanth C V (Audit Officer, On 26-07-2022)<br>Last Updated By: Prasanth C V (Audit Officer, On 29-07-2022) | 1-32 |
| 42 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ-പൂർത്തീകരണപത്രവും,വിനിയോഗവിവരവും ലഭ്യമാക്കിയില്ല<br>Written By: Prasanth C V (Audit Officer, On 26-07-2022)<br>Last Updated By: Prasanth C V (Audit Officer, On 29-07-2022) | 1-33 |
| 43 | വിവാഹധനസഹായം-കാലാവധി കഴിഞ്ഞ അപേക്ഷ കളകൂർക്കയക്കാതെ ധനസഹായം നല്കി<br>Written By: Prasanth C V (Audit Officer, On 26-07-2022)<br>Last Updated By: Prasanth C V (Audit Officer, On 29-07-2022) | 1-34 |
| 44 | അപേക്ഷയില്ലാതെ വിവാഹധനസഹായം അനുവദിച്ചു<br>Written By: Prasanth C V (Audit Officer, On 26-07-2022)<br>Last Updated By: Prasanth C V (Audit Officer, On 29-07-2022) | 1-35 |
| 45 | തനത് ഫണ്ട് പരിശോധന-വിവിധ ഡിപ്പാർട്ടുമെന്റുകൾക്ക് തുക നല്കിയതിലെ അപാകതകൾ<br>Written By: Prasanth C V (Audit Officer, On 26-07-2022)<br>Last Updated By: Prasanth C V (Audit Officer, On 29-07-2022) | 1-36 |
| 46 | മുറിച്ചിട്ട ഈട്ടിമരം ലേലം ചെയ്തില്ല-പഞ്ചായത്തിന് വരുമാന നഷ്ടം<br>Written By: Prasanth C V (Audit Officer, On 26-07-2022)<br>Last Updated By: Prasanth C V (Audit Officer, On 29-07-2022) | 1-37 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | എസ്റ്റിമേറ്റ് പി.എ.സി യിൽ അധികം തുക നൽകി- 13,423രൂപ തിരികെ ഈടാക്കിയില്ല | 3-1 |

| | | |
|---|---|---|
| | Written By: P.Shaji (Asst. Audit Officer, On 26-07-2022)<br>Last Updated By: Prasanth C V (Audit Officer, On 29-07-2022) | |
| 2 | കിടാരി വിതരണം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Prasanth C V (Audit Officer, On 26-07-2022)<br>Last Updated By: Prasanth C V (Audit Officer, On 29-07-2022) | 3-2 |
| 3 | അംഗൺവാടി പോഷകാഹാരം- സപ്ലൈകോ നിരക്കിൽ കൂടുതൽ വിലയിൽ ഭക്ഷ്യ സാധനങ്ങൾ വാങ്ങിക്കുന്നു .<br>Written By: T.K.Latha (Auditor, On 27-07-2022)<br>Last Updated By: T.K.Latha (Auditor, On 27-07-2022) | 3-3 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Soumya John (Auditor, On 27-07-2022)<br>Last Updated By: Prasanth C V (Audit Officer, On 29-07-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Soumya John (Auditor, On 27-07-2022)<br>Last Updated By: Prasanth C V (Audit Officer, On 27-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Soumya John (Auditor, On 27-07-2022)<br>Last Updated By: Prasanth C V (Audit Officer, On 27-07-2022) | 4-3 |
| 4 | വായ്പ, വായ്പ തിരിച്ചടവ് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.<br>Written By: Soumya John (Auditor, On 27-07-2022)<br>Last Updated By: Prasanth C V (Audit Officer, On 27-07-2022) | 4-4-1 |
| 5 | വായ്പ /വായ്പാതിരിച്ചടവ്<br>Written By: Soumya John (Auditor, On 27-07-2022)<br>Last Updated By: Prasanth C V (Audit Officer, On 27-07-2022) | 4-4 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Soumya John (Auditor, On 27-07-2022)<br>Last Updated By: Prasanth C V (Audit Officer, On 27-07-2022) | 4-5 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Soumya John (Auditor, On 27-07-2022)<br>Last Updated By: Prasanth C V (Audit Officer, On 27-07-2022) | 4-6 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Soumya John (Auditor, On 27-07-2022)<br>Last Updated By: Prasanth C V (Audit Officer, On 27-07-2022) | 4-7 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Soumya John (Auditor, On 27-07-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 30-07-2022) | 4-8 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Soumya John (Auditor, On 27-07-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 30-07-2022) | 4-9 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Soumya John (Auditor, On 27-07-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 30-07-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ബഡ്ജറ്റ് താഴെപ്പറയുന്ന രീതിയിൽ അംഗീകരിച്ചിട്ടുണ്ട്.

| ഇനം | 2020-21 | |
|---|---|---|
| | യഥാർത്ഥം | പുതുക്കിയത് |
| മുൻബാക്കി | 98,66,513 | 11,04,124 |
| വരവ് | 29,85,13,054 | 25,81,95,792 |
| ആകെ | 30,83,79,567 | 25,92,99,916 |
| ചെലവ് | 30,73,25,350 | 25,83,59,146 |
| നീക്കിബാക്കി | 10,54,217 | 9,40,770 |
| തീരുമാനം നമ്പർ/തീയതി | 1/1- 25.03.2020 | 1/ 17.02.2021 |

### 1-1-1 ബജറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ 02.12.2016 ലെ ജി.ഒ.ആർ.ടി 3291/16 (LSGD) പ്രകാരമുള്ള നടപടികൾ പാലിച്ചതായി കാണുന്നില്ല.

ബജറ്റ് തയ്യാറാക്കുന്നതിന് മുൻപ് വാർഷിക പദ്ധതി തയ്യാറാക്കുകയും , പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം മേഖലാതല ഫണ്ട് വിഭജനവിവരങ്ങൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.എന്നാൽ സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെയും ലിസ്റ്റ് ,ട്രേഡേഴ്സ് ലിസ്റ്റ്,സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർദ്ദേശം നൽകിയതായോ അപ്രകാരം നികുതി /നികുതിയേതര വരവുകളുടെ എസ്റ്റിമേറ്റിന്റെ വാസ്തവികത ഉറപ്പ് വരുത്തിയതായോ കാണുന്നില്ല.

### 1-1-2 ബഡ്ജറ്റ് പൂർണ്ണമല്ല

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്കുള്ള ബജറ്റ് മാന്വലിലെ (ജി.ഒ. (ആർ.ടി.)നം. 3291/2016/തസ്വഭവ, തീയതി. 02.12.2016 ) ഖണ്ഡിക 3.1 പ്രകാരം ബജറ്റ് പ്രമാണങ്ങളിൽ താഴെ പറയുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്.

1. ബജറ്റ് പ്രസംഗം.

2. ബജറ്റ് നോട്ട്സ്.

3. ബജറ്റ് സ്റ്റേറ്റ്മെന്റ്സും ബജറ്റ് ഷെഡ്യൂളുകളും.

4. പെർഫോമൻസ് ബജറ്റ്.

5. ജെന്റർ ബജറ്റ്.

മേൽ പറഞ്ഞ പ്രാമാണങ്ങളിൽ പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നീ രേഖകൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള 2020-21 വർഷത്തെ ബജറ്റ് അപൂർണ്ണമാണ്.

### 1-1-3 ബഡ്ജറ്റ് വാസ്തവികമല്ല

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം വരവുകളുടെ മതിപ്പ് വാസ്തവികമായിരിക്കേണ്ടതാണ്. മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു വ്യതിയാനത്തോടൊപ്പവും വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.എന്നാൽ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ പുതുക്കിയ ബഡ്ജറ്റ് യഥാർത്ഥ വാർഷിക കണക്കിൽ നിന്നും വളരെയധികം അന്തരമുള്ളതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | പുതുക്കിയ ബജറ്റ് പ്രകാരം(₹) | വാർഷിക കണക്ക് പ്രകാരം(₹) |
|---|---|---|
| മുൻ ബാക്കി | 11,04,124 | 1,41,20,637/- |
| ആകെ വരവ് | 25,81,95,792 | 13,58,26,264/- |
| ആകെ | 25,92,99,916 | 14,99,46,901/- |
| ആകെ ചെലവ് | 25,83,59,146 | 13,51,76,398/- |
| നീക്കി ബാക്കി | 9,40,770 | 1,47,70,503/- |

വാർഷിക കണക്ക് പ്രകാരം യഥാർത്ഥ മുൻ ബാക്കി 1,41,20,637/-രൂപയായിരിക്കെ പുതുക്കിയ ബഡ്ജറ്റിൽ 11,04,124/- രൂപ മാത്രമാണ് മുൻബാക്കിയായി കാണിച്ചിരിക്കുന്നത്. ആകെ വരവ്-ചെലവ് തുകകളിലും വളരെ അന്തരം നിലനിൽക്കുന്നുണ്ട്. ഇപ്രകാരം വാസ്തവികമല്ലാത്ത ബജറ്റ് തയ്യാറാക്കുന്നത് മൂലം ബജറ്റ് തയ്യാറാക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യമായ സാമ്പത്തിക മാനേജ്മെന്റ് സാധ്യമാകാതെ വരുന്നു. ആയതിനാൽ, യഥാർത്ഥ്യ ബോധ്യത്തോടെ ബജറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2021 | 08.09.2021 | - | - |

1994 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ ,ചട്ടം 9 പ്രകാരം സാമ്പത്തിക വർഷം അവസാനിച്ചതിനുശേഷം നാലുമാസത്തിനകം വാർഷികധനകാര്യപത്രിക ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ്. എന്നാൽ ഐ.എൽ.ജി.എം.എസ് വഴി അക്കൗണ്ട് സമർപ്പിച്ചതിൽ കാലതാമസം വന്നിട്ടുണ്ട്. തുടർവർഷങ്ങളിൽ മേൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,41,20,637/- |
| വരവ് | 13,58,26,264/- |
| ആകെ | 14,99,46,901/- |
| ചെലവ് | 13,51,76,398/- |
| നീക്കിയിരിപ്പ് | 1,47,70,503/- |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 2,07,34,261/- | 2,07,34,261/- | 1,88,53,781/- * | 18,80,480/- |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 36,57,412/- | 36,57,412/- | 35,99,857/- * | 57,555/- |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 89,56,641/- | 89,56,641/- | 74,63,434/- * | 14,93,207/- |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 3,36,65,000/- | 3,36,65,000/- | 3,36,65,000/ | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 65,66,902/- | 65,66,902/- | 65,66,902/- * | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 2,85,69,739/- | 2,85,69,739/- | 1,71,09,839/- | 1,14,59,900/- |
| ജനറൽ | 1,80,88,183/- | 1,44,93,304/- | 3,25,81,487/- | 31,581,487/- | 10,00,000/- |

| പർപ്പസ് ഗ്രാന്റ് | | | | | |
|---|---|---|---|---|---|

*വിവിധ വാർഷിക പദ്ധതികളുടെ ചെലവ് എ.സി.ആർ. പ്രകാരവും ചെലവ് പത്രിക പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | ചെലവ് പത്രിക പ്രകാരം | ACR പ്രകാരം | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 2,19,52,645/- | 1,88,53,781/- | 30,98,864/- |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 37,46,445/- | 35,99,857/- | 1,46,588/- |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 75,36,572/- | 74,63,434/- | 73,138/- |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 66,34,000/- | 65,66,902/- | 67,098/- |

വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 305 | 19,17,84,845/- | 242 | 11,56,60,906/- | 63 | 79.34% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4,45,784.70 | 14,34,113 | 18,79,897.70 | 18,73,682.75 | 6,214.95 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,81,35,401 | 3,81,35,401 | 3,81,35,401 | 0 |
| സാധന ഘടകം | 0 | 50,28,812 | 50,28,812 | 50,28,812 | 0 |
| ആകെ | 4,45,784.70 | 4,45,98,326 | 4,50,44,110.7 | 4,50,37,895.75 | 6,214.95 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു .

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 57,12,800/- | 400 |
| വിധവാപെൻഷൻ | 1,37,07,000/- | 989 |
| വാർദ്ധക്യകാലപെൻഷൻ | 3,17,35,900/- | 2293 |
| വികലാംഗപെൻഷൻ | 44,92,400/- | 306 |
| അവിവാഹിത പെൻഷൻ | 1,23,600/- | 9 |
| വിധവകളുടെ പെൺമക്കൾക്കുള്ള | 1,20,000/- | 4 |

| | | |
|---|---|---|
| വിവാഹ ധന സഹായം | | |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.07.2022 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9,994/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ യോഗം കൃത്യമായ ഇടവേളകളിൽ വിളിച്ചുചേർത്ത് പ്രവർത്തനം വിലയിരുത്തൽ നടത്തുന്നുണ്ട്.ഓഫീസ് ഓർഡർ മുഖേന സെക്ഷനുകളുടെ ചുമതലകൾ ജീവനക്കാരെ ഏൽപ്പിച്ച് ഒരോ സെക്ഷനും നിർവ്വഹിക്കേണ്ട ജോലികൾ സംബന്ധിച്ച് കൃത്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.ഓരോ ജീവനക്കാരനെയും ഏൽപ്പിക്കുന്ന ചുമതലകൾ സെക്ഷനുകളുടെ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കുകയും ആയത് കാര്യക്ഷമമായി നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ അക്കൗണ്ടന്റിന്റെയും ക്യാഷ്യറുടെയും ജോലി വ്യത്യസ്ത ജീവനക്കാരെ ഏൽപ്പിച്ചിട്ടുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ചചെയ്ത് അംഗീകരിക്കുന്നുണ്ട്. നികുതി നികുതിയേതര വരവുകളുടെ പിരിവ് ,ഒടുക്ക് എന്നിവ കൃത്യമായി വിലയിരുത്തുന്നുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുണ്ട്.

ആസ്തിരജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും കാലികമാക്കിയിട്ടില്ല. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. വായ്പാ രജിസ്റ്റർ ,സ്ഥിരനിക്ഷേപങ്ങളുടെ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെങ്കിലും കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. എ.സി.ആറിലെ ചെലവ് തുകയും ചെലവ് പത്രികയിലെ ചെലവ് തുകയും വ്യത്യസ്തമായി നിൽക്കുന്നു. പഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്നവരുടെ വിവരങ്ങൾ സേവന സോഫ്റ്റ് വെയറിൽ ഒത്തുനോക്കുന്നില്ല. മരണപ്പെട്ടവർക്ക് പെൻഷൻ വിതരണം ചെയ്യപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുന്നില്ല.

ഐ.കെ.എം വികസിപ്പിച്ച സുലേഖ, സഞ്ചയ, സങ്കേതം, സൂചിക, സകർമ്മ, സ്ഥാപന, സേവന, സാംഖ്യ, സചിത്ര ,സമഗ്ര,സുഗമ എന്നിങ്ങനെ വിവിധ സോഫ്റ്റ് വെയറുകൾ പഞ്ചായത്തിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. ഓരോ ആവശ്യത്തെയും മുൻനിർത്തി ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകൾ ഒരൊറ്റ പ്ലാറ്റ്ഫോമിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി ഐ.കെ.എം വികസിപ്പിച്ച ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിലേക്ക് പഞ്ചായത്ത് 08.09.2020മുതൽ മാറിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ഉപയോഗിക്കുന്ന മുഴവൻ സോഫ്റ്റ് വെയറുകളും പൂർണ്ണതോതിൽ ഐ.എൽ.ജി.എം.എസ് -ലേക്ക് ഇന്റഗ്രേറ്റ് ചെയ്യപ്പെടാത്തതിനാൽ ആയതിന്റെ ഗുണം പൂർണ്ണതോതിൽ പൊതുജനങ്ങൾക്ക് ലഭിക്കുന്നില്ല. മാത്രമല്ല ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിലേക്ക് മാറുന്നതിന്റെ ഭാഗമായുണ്ടായ അപാകതകൾ പൂർണ്ണതോതിൽ പരിഹരിക്കാത്തത് ജീവനക്കാരുടെ ജോലിഭാരം വർദ്ധിപ്പിക്കുന്നുണ്ട്.ഇത് മൂലം പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനം നൽകാൻ കഴിയാതെ വരുന്നുണ്ട്. ആഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1- 10 പദ്ധതി രൂപീകരണം

പതിമൂന്നാം പഞ്ചവൽസരപദ്ധതിയിലെ ഗ്രാമ,ബ്ലോക്ക് ,ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് ഗ്രാമ,ബ്ലോക്ക് ,ജില്ലാ പഞ്ചായത്തുകൾ പാലിക്കേണ്ട നടപടിക്രമങ്ങളും ചുമതലകളും സംബന്ധിച്ച് 29.01.2018 ലെ ജി.ഒ.(എം.എസ്) 11/2018.ത.സ്വ.ഭ.വ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.കൂടാതെ പദ്ധതിരൂപീകരണത്തിലും നടത്തിപ്പിലുമുള്ള സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകളും മേൽ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്.

മേൽഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 14 വർക്കിംഗ് ഗ്രൂപ്പുകൾ 2020-21 രൂപീകരിച്ചിട്ടുണ്ട്.പഞ്ചായത്തിൽ പദ്ധതിരൂപീകരണനടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്.

2020-21 വർഷത്തേക്കുള്ള പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് 28.02.2020 നാണ്. ഈ യോഗങ്ങളിൽ ഓരോ മേഖലകളിലെയും നിലവിലെ സ്ഥിതി അവലോകനം ചെയ്തതായി കാണുന്നില്ല. ഏതാനും പദ്ധതിനിർദ്ദേശങ്ങൾ നൽകുക എന്നതിൽ കവിഞ്ഞ് മറ്റ് ചർച്ചകൾ നടന്നതായി വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ പദ്ധതിരൂപീകരണപ്രക്രിയയിൽ വർക്കിംഗ് ഗ്രൂപ്പുകൾക്ക് പങ്ക് വഹിക്കാൻ കഴിഞ്ഞിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ പല യോഗങ്ങളുടെയും മിനുട്സുകൾ എഴുതി പൂർത്തീകരിച്ചതായി കാണുന്നില്ല.

കൊറോണവൈറസ് ബാധ കേരളത്തിൽ റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് ദുരന്ത നിവാരണ പദ്ധതി ,വാർഷിക പദ്ധതി വികസനസെമിനാർ എന്നിവ 11.03.2020 ന് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും മാത്രമായി ചുരുക്കിയാണ്

നടത്തിയിട്ടുള്ളത്. പദ്ധതി നടത്തിപ്പ് മോണിട്ടർ ചെയ്തിട്ടില്ല.വർക്കിംഗ് ഗ്രൂപ്പുകളിൽ ചർച്ച ചെയ്തിട്ടില്ലാത്ത പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | റിമാർക്ക്സ് |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.05.2022 മുതൽ 11.05.2022 വരെ | 01.10.2021 മുതൽ 31.03.2022 വരെ | ലഭിച്ചിട്ടില്ല. | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.08.2010 മുതൽ 02.09.2010 വരെ | 2005-2006 മുതൽ 2009-2010 | 07.10.2010 | 25.03.2019 ലെ എൽ.ബി.എ(എച്ച്.ക്യൂ)/III /8എ-1631/2010-11/281 നം. കത്ത് പ്രകാരം തീർപ്പാക്കി. |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

ഭരണസമിതിയുടെ 16.08.2021 ലെ 1/ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച മുള്ളൻക്കൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക കണക്കുകളിലെ അപാകതകൾ താഴെപ്പറയുന്നു.

1. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(5) അനുസരിച്ച് 2020-21 ലെ വാർഷിക കണക്ക് മെയ് മാസം 15-ാംതീയതിക്കുമുമ്പായി മുമ്പായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. എന്നാൽ 16.08.2021 -നാണ് ഭരണസമിതി വാർഷിക കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്.

2. ഓഡിറ്റിന് സമർപ്പിച്ച 2020-21 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല (ചട്ടം 62). വാർഷിക കണക്കുകളോടൊപ്പം ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ള ട്രയൽ ബാലൻസിൽ ലെഡ്ജറുകളുടെ ബാലൻസുകൾ ചേർക്കേണ്ടതിന് പകരം ലെഡ്ജറുകളിലെ ക്രഡിറ്റ് ഭാഗത്തിന്റെയും ഡെബിറ്റ് ഭാഗത്തിന്റെയും ആകെ തുകയാണ് ചേർത്തിട്ടുള്ളത്

3. വാർഷിക കണക്കുകൾ 07.09.2020 - ന് സാംഖ്യ സോഫ്റ്റ് വെയറിൽ നിന്നും ഐ.എൽ.എം.ജി.എസ്. സോഫ്റ്റ് വെയറിലേക്ക് മാറിയിട്ടുണ്ട്. പ്രസ്തുത തീയതി വരെ സാംഖ്യ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ കണക്കുകൾ ഐ.എൽ.എം.ജി.എസ്. സോഫ്റ്റ് വെയറിലേക്ക് ഉൾപ്പെടുത്തിയതിന്റെ പാസ്റ്റ് ഡാറ്റ എൻട്രിയുടെ (PDE) ആധികാരിക രേഖകൾ ഹാജരാക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4.ഓഡിറ്റിനായി സമർപ്പിച്ച വാർഷിക കണക്കും, നിലവിൽ ഓൺലൈനായി (ഐ.എൽ.എം.ജി.എസ്.സോഫ്റ്റ് വെയറിൽ) ലഭ്യമായ തൻവർഷത്തെ വാർഷിക കണക്കും തമ്മിൽ ചില പൊരുത്തക്കേടുകൾ കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഷെഡ്യൂൾ നമ്പർ | അക്കൗണ്ട് ഹെഡ് | ഇനം | Hard Copy | ILGMS പ്രകാരമുള്ളത് | വ്യത്യാസം |
|---|---|---|---|---|---|
| | Balance Sheet | | | | |
| B-11 (E) | 415110401 | Footpaths -Footpaths | 0 | 2,98,870 | |
| | | Total | 15,08,37,016 | 15,11,35,886 | |
| B-17 | 450100101 | Cash | 2,98,870 | ---------- | |
| | | Total | 1,47,70,503 | 1,44,71,633 | |
| | Income And Expenditure Statement | | | | |
| E=C-D | | Gross Surplus /Deficit Of Income Over Expenditure After Prior Period Items | 60,90,187 | 65,66,699 | |
| | Receipt And Payments | | | | |
| RP -21 | 253100101 | Total Poverty Allevation | ------------ | 6,808 | |
| RP -42 | 415110201 | Footpaths -Footpaths | | 2,98,870 | |

| | | | | | |
|---|---|---|---|---|---|
| | | Total | 11,79,627 | 14,78,497 | |
| I-14 (C) Null Payment | 253100101 | Total Poverty Allevation | ------------ | 6,808 | |
| | 450100101 | Cash | 2,98,870 | ---------- | |
| RP 40(b) | | Total | 1,47,70,503 | 1,44,71,633 | |

വ്യത്യാസത്തിന് കാരണം വ്യക്തമല്ല

5.വിവിധ നികുതിനികുതിയേതര വരവുകളുടെ രജിസ്റ്റർ/റിപ്പോർട്ടുകളിലെയും വാർഷിക കണക്കുകളിലെയും തുകകളിലെ വ്യത്യാസം താഴെ കൊടുക്കുന്നു.

| ഇനം | വാർഷിക കണക്ക് | | | | രജിസ്റ്റർ/റിപ്പോർട്ട് | | |
|---|---|---|---|---|---|---|---|
| | മുൻബാക്കി | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| വസ്തുനികുതി തന്നാണ്ട്-residential | 0 | 17,96,447 | 17,96,447 | 0 | 27,78,249 | 27,32,729 | 20,490 |
| Non-residential | | 8,49,504 | 8,11,694 | 20,490 | | | |
| വസ്തുനികുതി കുടിശ്ശിക Residential | | | 712 | 0 | 7,423 | 23,662 | 73,761 |
| Non-residential | | | 21,820 | 73,761 | | | |

6. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 61 അനുസരിച്ച് മാസാന്ത്യധനകാര്യ പത്രിക തയ്യാറാക്കിയിട്ടില്ല.

7,സ്ഥിര നിക്ഷേപ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററും, വാർഷിക കണക്കും, തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഷിക കണക്ക് പ്രകാരം | | യഥാർത്ഥത്തിൽ | | | |
|---|---|---|---|---|---|
| മുൻബാക്കി | 14,76,500 | 14,76,500 | മുതൽ | പലിശ | ബാലൻസ് |
| Interest (I-7 Schedule) | 42,635 | FDR-130071807520049 | 5,41,250 | 43,300 | 5,84,550 |
| | | FDR -2001000236 | 5,41,250 | 44,653 | 5,85,903 |
| | | FDR 799010500376433 | 3,94,000 | ------ | 3,94,000 |
| തൻവർഷം നീക്കി ബാക്കി (B-12 Schedule) | 14,76,500 | | 14,76,500 | 87,953 | 15,64,453 |

സ്ഥിര നിക്ഷേപത്തിന്റെ പലിശ മുതൽക്കൂട്ടിയിട്ടില്ല. കൂടാതെ തൻവർഷം 42,635/-രൂപ വരവുണ്ടെങ്കിലും, ആയത് പിൻവലിച്ചതിന്റെയോ, മുതൽകൂട്ടിയതിന്റെയോ വിവരം ലഭ്യമല്ല.

8. വായ്പ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ അനുഗ്രഹ ഭവനപദ്ധതി വായ്പയും, ലൈഫ് ഭവനപദ്ധതി വായ്പയും ഉണ്ടെങ്കിലും അനുഗ്രഹ ഭവന പദ്ധതി വായ്പ സംബന്ധിച്ച് മാത്രമേ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ളൂ.

| വായ്പ ഇനം | | വാർഷിക കണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|---|
| അനുഗ്രഹ ഭവന പദ്ധതി | മുൻബാക്കി | | 1,16,89,966 |
| | തൻവർഷം വരവ് | 3,40,000 | 3,60,000 |
| | തിരിച്ചടവ് മുതൽ+ പലിശ | 17,68,939 + 18,56,603 (I-13) 7,15,850 (RP -15) | 17,88,939 + 25,05,313 |
| | ബാലൻസ് | 1,02,61,028 | 1,02,61,027 |
| ലൈഫ് ഭവനപദ്ധതി വായ്പ | മുൻബാക്കി | 2,03,11,193 | രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. |
| | തൻവർഷം വരവ് | 0 | |
| | തിരിച്ചടവ് | 20,04,588 | |
| | ബാലൻസ് | 1,83,06,605 | |

9.ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാലും ആസ്തികളുടെ കാൽകുലേഷൻ ഷീറ്റും, ഡിപ്രിസിയേഷന്റെ കാൽകുലേഷൻ ഷീറ്റും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാലും ഇൻകം& എക്സ്പെൻഡിച്ചർ അക്കൗണ്ടിലെ I - 17(A) ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന ആസ്തികളുടെ ഡിപ്രിസിയേഷൻ തുകയുടെ (₹12,77,573/-) കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

10. പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള ബി-4 ഷെഡ്യൂളിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടുള്ള എൻ.ആർ.ജി.ഇ.എ

ക്ക് മാത്രമാണ് പ്രത്യേക ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടുള്ളത്.മറ്റ് ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മറ്റ് ഫണ്ടുകളോടൊപ്പം ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള പ്രസ്തുത ബാധ്യതൾക്ക് തുല്യമായ തുക ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ ഉണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. എൻ.ആർ.ജി.ഇ.എ. യുടെ ബി-4 ഷെഡ്യൂൾ പ്രകാരവും, ബി-17 ഷെഡ്യൂൾ പ്രകാരമുള്ള ബാങ്ക് ബാലൻസും ₹3,284/- ആണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിന്റെ ക്യാഷ് ബുക്ക് ബാലൻസ് പ്രകാരം 6214.95/- രൂപയാണ് വ്യത്യാസത്തിന് കാരണം വ്യക്തമല്ല.

11.ഡെപ്പോസിറ്റ് രജിസ്റ്ററും ,വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെചേർക്കുന്നു.

| Head Of Account | Item | വരവ് | | ചെലവ് | |
|---|---|---|---|---|---|
| | | AFS | Regiter | AFS | Regiter |
| 340100102 | Suppliers EMD | 63,920 | 92,070 | 35,750 | 63,900 |
| 340100101 | Contractors EMD | വ്യത്യാസമില്ല | | 1,46,300 | 2,70,100 |
| 340100301 | Contractors Retension | വ്യത്യാസമില്ല | | 74,338 | 1,16,953 |

12.വാർഷിക കണക്ക് പ്രകാരമുള്ള അഡ്വാൻസ് തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

13.വാർഷികകണക്ക് ബി-4സ്റ്റേറ്റ്മെന്റ് പ്രകാരം സംയുക്ത പ്രൊജക്റ്റുകൾക്കായി ലഭിച്ച ബ്ലോക്ക് വിഹിതം പദ്ധതികൾക്കായി ചെലവഴിക്കാതെ 84,900/- രൂപയും, ജില്ലാ പഞ്ചായത്ത് വിഹിതം പദ്ധതികൾക്കായി ചെലവഴിക്കാതെ 37,943/- രൂപ നീക്കിയിരിപ്പുണ്ട്. സംയുക്ത പ്രൊജക്റ്റുകൾക്കായി ലഭിച്ച ഫണ്ട് വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

14.നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ,ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെയും പേരിൽ ഉള്ളബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.

ഉദാഹരണം -

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ബാങ്ക് അക്കൗണ്ട് | മുൻബാക്കി | നീക്കിബാക്കി |
|---|---|---|---|
| വി.ഇ.ഒ | 10001002010897 | 4,842 | 5,011 |
| മെഡിക്കൽ ഓഫീസർ | 4011611022647 | 997 | 591.59 |

15. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B -7 ൽ ഉൾപ്പെട്ട3 വർഷം കാലാവധി പൂർത്തിയാക്കിയ ഡെപ്പോസിറ്റുകൾ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടസ് ) ചട്ടങ്ങൾ - ചട്ടം 79 ,KFC Volume 1 Article -282 എന്നിവ പ്രകാരം തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | തുക | റിമാർക്സ് |
|---|---|---|
| Suppliers EMD | 41,600 | 2016-17 മുതൽ 2018-19 വരെയുള്ളത് |
| Contractors EMD | 91,370 | 2012-13 മുതൽ 2017-18 വരെയുള്ളത് |
| Bidders EMD | 12,000 | 2017-18 വർഷത്തെ |
| Auction Deposit | 30,000 | 2016-17 വർഷത്തെ |
| Suppliers Security Deposit | 45,815 | 2018 - 19 വർഷത്തെ |

16.അക്കൗണ്ടിങ്ങും സേവനങ്ങളും ഫയൽ ഫ്ലോയും ഈ സോഫ്റ്റ് വെയറിലൂടെ സാധിക്കുന്നു. 07.09.2020 ന് സാംഖ്യാ സോഫ്റ്റ് വെയറിൽ നിന്ന് ILGMS ലേക്ക് മാറിയപ്പോൾ അതു വരെയുള്ള ഡാറ്റ ILGMS ൽ ഉൾപ്പെടുത്തുന്ന പാസ്റ്റ് ഡാറ്റാ എൻട്രി ചെയ്തതിൽ കണ്ട പൊരുത്തക്കേടുകൾ ഉണ്ട് ആയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. (As On 08.09.2020).

| ഷെഡ്യൂൾ നമ്പർ | അക്കൗണ്ട് ഹെഡ് | ഇനം | സാംഖ്യ പ്രകാരമുള്ളത് | ILGMS പ്രകാരമുള്ളത് |
|---|---|---|---|---|
| | Balance Sheet | | | |
| B-1 | 310900101 | Excess Of Income Over Expenditure | 1,25,69,433.95 | 2,20,25,075 |
| B -2 | 31110101 | Panchayaths Distress Relief Fund | 30,001 | 27,001 |
| | | | | |
| B-4 | 320100101 | Centrally Sponsored Scheme - MNREGA | 13,02,137 | 13,03,331 |
| | 320100115 | Centrally Sponsored Scheme - Total Sanitation Campaign | 51,91,296 | 67,06,466 |
| | 330500102 | Secured Loan From Co-operative Banks | 1,16,89,967 | 1,1869,967 |
| B-7 | 340100101 | Contrators EarnestMoney Deposit | 5,02,315 | 6,68,190 |

| | | | | |
|---|---|---|---|---|
| | Income And Expenditure Statement | | | |
| I-1 | 110000000 | Tax Revenue | 22,230 | 0 |
| I-2 | 120000000 | Assigned Revenue & Compensation | 73,267 | 0 |
| I -5 | 150000000 | Sale & Hire Charges | 1,000 | 0 |
| I-6 | 160000000 | Revenue Grants ,Funds,contribution & Compensation | 3,30,20,938 | 0 |
| I -10 (B) | 21000000 | Etablishment Expenses | 47,65,131 | 0 |
| | Receipt And And Paymet Report | | | |
| RP -7 | 160000000 | Revenue Grants ,Funds,contribution & Compensation | 4,71,34,961 | 4,68,93,459 |

07.09.2020 ന് സാംഖ്യാ സോഫ്റ്റ് വെയറിൽ നിന്ന് ILGMS ലേക്ക് മാറിയപ്പോൾ അതു വരെയുള്ള ഡാറ്റ ILGMS ൽ ഉൾപ്പെടുത്തുന്ന പാസ്റ്റ് ഡാറ്റാ എൻട്രി ചെയ്യതിൽ കണ്ട പൊരുത്തക്കേടുകൾക്ക് കാരണം വ്യക്തമല്ല.

17. ബാങ്ക് റിക്കൺസിലേഷൻ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ അക്കൗണ്ടുകളുടെ കൃത്യത ഉറപ്പിക്കുന്നതിന് സാധിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/202021 /27.07.2022 ) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-13 ഐ.എൽ.ജി.എം.എസ് സ്റ്റോറ്റ് വെയറിലെ അപാകതകൾ

ഓഡിറ്റിന് സമർപ്പിച്ച 2020-21 വർഷത്തെ വാർഷിക കണക്കുകൾ ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയതാണ്.ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിൽ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1. ഗ്രാമപഞ്ചായത്തിൽ ഐ.എൽ.ജി.എം.എസ് 07.09.2020 ന് തുടങ്ങിയെങ്കിലും 08.09.20 നാണ് ഐ.എൽ.ജി.എം.എസ്.ഫിനാൻസ് മോഡ്യൂൾ തുടങ്ങിയത്. 08.09.2020 വരെ സാംഖ്യയിൽ Reconciliation,web Sankhya Data Mapping,Accruel Demand,Advance Adjustment എന്നിങ്ങനെ എല്ലാ നടപടികളും പൂർത്തീകരിച്ചോ എന്ന് വ്യക്തമല്ല. 07.09.2020 തീയതിയിലെ സാംഖ്യ അക്കൗണ്ടിലെ ക്ലോസിംഗ് ബാലൻസ് ഐ.എൽ.ജി.എം.എസിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും 08.09.2020 ലെ ഓപ്പണിംഗ് ബാലൻസുമായി പല ഹെഡുകളും പൊരുത്തപ്പെടുന്നില്ല.

2. പാസ്റ്റ് ഡാറ്റാ എൻട്രി നടത്തിയത് സംബന്ധിച്ച ഫയലുകളൊന്നും ലഭ്യമാക്കിയിട്ടില്ല. പാസ്റ്റ് ഡാറ്റാ എൻട്രി സംബന്ധിച്ച വിശദ വിവരങ്ങൾ ഫയലായി സൂക്ഷിക്കാത്തതിനാൽ വിശദമായ പരിശോധന സാധിച്ചിട്ടില്ല.

3. സേവന സോഫ്റ്റ് വെയറിലെ പെൻഷൻ വിവരങ്ങൾ ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല.പഞ്ചായത്തിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളിൽ സേവന,സാംഖ്യ,സൂചിക എന്നിവമാത്രമാണ് ഐ.എൽ.ജി.എം.എസ് ആയി ലിങ്ക് ചെയ്തിട്ടുള്ളത്.ആയതിനാൽ തന്നെ പദ്ധതിചെലവുകണക്കുകൾ Year Ending Adjustment ആയാണ് ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിൽ ചെയ്യുന്നത്.

4. മാന്വൽ രശീതുകളുടെ സ്റ്റോക്ക് വിവരങ്ങൾ ഐ.എൽ.ജി.എം.എസ് ൽ ലഭ്യമാണ്. എന്നാൽ മാന്വൽ രശീത് ബുക്കുകളുടെ സ്റ്റോക്ക് ഐ.എൽ.ജി.എം.എസിൽ രേഖപ്പെടുത്തിയിട്ടില്ല. മാന്വൽ രശീത് ബുക്കുകൾ ജീവനക്കാർക്ക് നൽകുമ്പോൾ പ്രസ്തുത രശീത് ബുക്കുകളുടെ വിവരം മാത്രം സ്റ്റോക്ക് ആയി ഉൾപ്പെടുത്തുന്ന രീതിയാണ് നിലവിലുള്ളത്. ഐ.എൽ.ജി.എം.എസിലേക്ക് മാറിയപ്പോൾ ഉള്ള മുൻബാക്കി,പിന്നീട് വരവ് വന്ന രശീതുകളുടെ വിവരം എന്നിവ ചേർത്തിട്ടില്ല. ഐ.എൽ.ജി.എം.എസ് ലെ മാന്വൽ രശീതുകളുടെ സ്റ്റോക്ക് വിവരങ്ങൾ കൃത്യമല്ല.

5. വൗച്ചർ ലിസ്റ്റ് - റെസീപ്റ്റ് വൗച്ചർ,പേയ്മെന്റ് വൗച്ചർ ,കോൺട്രാ വൗച്ചർ,ജേണൽ വൗച്ചർ എന്നിവയുടെ ലിസ്റ്റ് ഐ.എൽ.ജി.എം.എസിൽ കിട്ടുന്നില്ല.

6. ഓൺലൈൻ പേയ്മെന്റുകൾ വഴി അടക്കുന്ന തുക ഐ.കെ.എം ന്റെ അക്കൗണ്ടിലേക്കാണ് പോകുന്നത്.ഐ.കെ.എം പഞ്ചായത്തിലേക്ക് നൽകുന്ന തുകകൾ ജേർണൽ എൻട്രി വഴി യാണ് ഐ.എൽ.ജി.എം.എസിൽ വരവ് വരുത്തുന്നത്. അതായത് സഞ്ചയയിൽ വരുന്ന തുക പഞ്ചായത്തിന്റെ ബാങ്ക് ബുക്കിൽ വരുന്നതിന് കാലതാമസംവരുന്നു. കേ.പ.രാ.അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 18(2) പ്രകാരം പിരിച്ചെടുക്കുന്ന തുക അന്നേ ദിവസം തന്നെ ബാങ്ക് ബുക്ക്/ക്യാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

7. ഐ.എൽ.ജി.എം.എസ് ആക്കിയതിന് ശേഷം അക്ഷയസെന്ററുകളിലൂടെ ഈടാക്കുന്ന ഫീസുകൾ സമയബന്ധിതമായി പഞ്ചായത്തിന്റെ അക്കൗണ്ടുകളിൽ വരവ് വന്നിട്ടില്ല.

8. പേയ്മെന്റ് ഓർഡർ ലിസ്റ്റ്,പേയ്മെന്റ് വൌച്ചർ ലിസ്റ്റ്,എന്നിവ ലഭ്യമല്ല.ഏതെങ്കിലും ഒരു മാസം നൽകിയ പേയ്മെന്റുകളുടെവിവരം അറിയുന്നതിന് പേയ്മെന്റ് വൌച്ചർ ലിസ്റ്റ് ഇല്ലാത്തതിനാൽ മാനുവൽ ഫയൽ സൂക്ഷിക്കേണ്ടതായി വരുന്നു.വൌച്ചർലിസ്റ്റിൽ നിന്നും അതാത് ഫയലിലേക്ക് പോകാൻ ലിങ്ക് നൽകിയാൽ മാത്രമേ പരിശോധന നടത്താൻ കഴിയുകയുള്ളൂ.ഐ.എൽ.ജി.എം.എസ് പേപ്പർലെസ്സ് കൺസപ്റ്റ് ആയതിനാൽ പേയ്മെന്റ് ഓർഡർ ലിസ്റ്റ് ഇല്ലാതെ പേയ്മെന്റ് അപ്രൂവ് ചെയ്യുന്നതിന് മാനുവൽ ലിസ്റ്റ് സൂക്ഷിക്കേണ്ടിതായും വരുന്നു.

9. Interrupted Receipts ക്യാൻസൽ ചെയ്യേണ്ട സാഹചര്യം വരുമ്പോൾ ILGMS -ൽ രേഖപ്പെടുത്താൻകഴിയുന്നില്ല.

10. ഇ-മെയിൽ ആയി വരുന്ന തപാലുകൾ കൈകാര്യം ചെയ്യാൻ മോഡ്യൂൾ ആക്ടീവ് അല്ല.

11. ഐ.എൽ.ജി.എം.എസിൽ നിലവിൽ ഫയൽ സൈസ് 1.m.b ആണ്.അതുകൊണ്ട് തന്നെ വലിയ ഫയലുകൾ സ്കാൻ ചെയ്ത് കയറ്റാൻ സാധ്യമല്ല.

12. ഐ.എൽ.ജി.എം.എസിൽ 31.03.21 ലെ റീകൺസിലിയേഷൻ വിവരങ്ങൾ പരിശോധിച്ചതിൽ ILGMS-ൽ ബാങ്ക് ബുക്ക് നിലവിൽ View ചെയ്യുന്നതിനുള്ള സൗകര്യം മാത്രമാണ് ഓഡിറ്റർക്ക് ലഭ്യമായിട്ടുള്ളത്. ബാങ്ക് ബുക്ക് ലഡ്ജർ റസീപ്റ്റ് , പേമെന്റ്, കോൺട്ര എൻട്രികളുടെ അടിസ്ഥാനത്തിൽ ക്രമീകരിച്ച് തെരയുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടില്ല നിലവിൽ ഓരോ ചെക്കും നൽകുമ്പോൾ ചെക്ക് നമ്പർ ഐ.എൽ.ജി.എം.എസിൽ സോഫ്റ്റ് വെയറിൽ നേരിട്ട് രേഖപ്പെടുത്തുന്ന രീതിയാണ് ഉള്ളത്. വിവധ ആവശ്യങ്ങൾക്കും വിവിധ ഫണ്ടുകൾക്കും വ്യത്യസ്ത ബാങ്ക് അക്കൗണ്ടുകൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളാണ് ഗ്രാമ പഞ്ചായത്ത് എന്നതിനാൽ തന്നെ ചെക്ക് നമ്പറുകൾ മാറി നൽകപ്പെടുന്നതിന് ഇടയാവുകയും കൃത്യത ഇല്ലാത്ത റിപ്പോർട്ടുകൾ സൃഷ്ടിക്കപ്പെടുകയും ചെയ്യും. ആയതിനാൽ ഓരോ ചെക്കുകളുടെയും ചെക്ക് നമ്പറുകൾ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്നതിനുള്ള സൗകര്യങ്ങളും ഉൾപ്പെടുത്തേണ്ടതുണ്ട്.

13. ഐ.എൽ.ജി.എം.എസിൽ സോഫ്റ്റ് വെയറിലെ റിപ്പോർട്ടുകളൊന്നും കാലികമാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കുകൾ പരിശോധിക്കാൻ സാധിക്കുന്നില്ല.

14. ന്യൂനത ഫയലുകൾ അപേക്ഷകൻ പുനർ സമർപ്പിക്കുമ്പോൾ തപാൽ സ്വീകരിക്കുന്നതിനുള്ള മൈനർ ഫംഗ്ഷൻ ഇല്ല.

ഉദാഹരണമായി ബിൽഡിംഗ് പെർമിറ്റ് അപേക്ഷയിൽ പരിശോധന നടത്തുമ്പോൾ ബിൽഡിംഗ് റഗുലറൈസ് ചെയ്യേണ്ട സാഹചര്യം ഉണ്ടാവുമ്പോൾ Regularisation Fee യുടെ ഹെഡ് ലഭ്യമല്ല.

15. സിറ്റിസൺ പോർട്ടൽ വഴി വരുന്ന സിവിൽ രജിസ്ട്രേഷൻ അപേക്ഷകൾ റിട്ടേൺ ചെയ്യാനുള്ള ഓപ്ഷൻ നിലവിലില്ല.

16.ഐ.എൽ.ജി.എം.എസിലെ റസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ് മെന്റിനെ വരവുചെലവ് കണക്കുകളാക്കായി ആശ്രയിക്കാൻ കഴിയാത്ത സാഹചര്യം ആണ് നിലവിൽ ഉള്ളത്.പ്ലാൻ ഫണ്ടിൽ നിന്നുള്ള പദ്ധതി റവന്യൂചെലവുകളുടെ രേഖപ്പെടുത്തലുകൾമാത്രമേ റസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ് മെന്റിൽ വരുന്നുള്ളു.തനത് ഫണ്ടിൽ നിന്നുള്ള പദ്ധതികളുടെ റവന്യൂചെലവ് വിവരങ്ങൾ 3501009999 (Other Creditors Control Account) എന്ന പേയ്മെന്റ് ഹെഡിലാണ് ചെലവ് കാണുന്നത്.കൂടാതെ തനതുഫണ്ടിന്റെ റവന്യൂചെലവ് വിവരങ്ങൾ അറിയുന്നതിന് ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ് മെന്റ് നോക്കേണ്ടിയും വരുന്നു.അഡ്വാൻസ് നൽകുന്നതും ലയബിലിറ്റി ഹെഡിൽനിന്നുമുള്ള പേയ്മെന്റുകളും 3501009999 ഹെഡിൽ വരുന്നതിനാൽ റസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ് മെന്റിൽ വിവരങ്ങൾ ലഭ്യമല്ല.

17.Cancellation Report പ്രകാരം ലഭിക്കുന്ന Cancelled Receipts സഞ്ചയ സോഫ്റ്റ് വെയറിൽ ക്യാൻസൽ ആകുന്നില്ല.

18.ട്രയൽ ബാലൻസ്,ജേർണൽ റിപ്പോർട്ട്,ക്യാഷ് ബുക്ക് സമ്മറി.ബാലൻസ് ഷീറ്റ് ,ബാങ്ക് ബുക്ക് ,ഫ്രണ്ട് ഓഫീസ് ഡയറി,ചിട്ട,ഡേ ബുക്ക്,ഇൻകം ആൻഡ് എക്സ്പെൻഡിച്ചർസ്റ്റേറ്റ്മെന്റ് ,റസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ,ഹെഡ് വൈസ് റിപ്പോർട്ട് ,സ്റ്റാഫ് ഡ്യൂട്ടി ബുക്ക്,ഫണ്ട് ട്രാൻസ്ഫർ,മറ്റ് റിപ്പോർട്ടുകൾ എന്നിവയാണ് ഐ.എൽ.ജി.എം.എസിൽ കിട്ടുന്നത്.ഓഡിറ്റിന് വേണ്ട ചെക്ക് &ഡ്രാഫ്റ്റ് രജിസ്റ്റർ ,ചെക്ക് ഇഷ്യൂരജിസ്റ്റർ,ബിൽ രജിസ്റ്റർ , ഡെപ്പോസിറ്റ് രജിസ്റ്റർ,മുൻകൂർ രജിസ്റ്റർ,ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ ,ലോൺ രജിസ്റ്റർ,അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ,ആസ്തിരജിസ്റ്റർ,സ്യൂട്ട് രജിസ്റ്റർ,കണ്ടിജന്റ് രജിസ്റ്റർ,സ്റ്റോക്ക് രജിസ്റ്റർ ,നികുതി,നികുതിയേതരവരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് കളക്ഷൻ ,ബാലൻസ് റിപ്പോർട്ടുകൾ ,പേഴ്സണൽ രജിസ്റ്റർ,സ്റ്റാറ്റസ് റിപ്പോർട്ട്എന്നിവയൊന്നും ഐ.എൽ.ജി.എം.എസിൽ ഇല്ല.

19.ഡേ ബുക്ക് റിപ്പോർട്സ്എടുക്കുമ്പോൾ റിപ്പോർട്ടിൽ തീയതി വെച്ചുള്ള ക്ലോസിംഗ് വിവരങ്ങൾ ലഭിക്കുന്നില്ല. ഇത് കൊണ്ട് ലഭിച്ച തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയത് സംബന്ധിച്ച് പരിശോധന സാധ്യമല്ല. തുക ബാങ്കിൽ ഒടുക്കിയത് സംബന്ധിച്ച് ബാങ്ക് സ്റ്റേറ്റ്മെന്റുമായി ഒത്ത് നോക്കി ILGMS സോഫ്റ്റ് വെയറിൽ അതത് ദിവസമോ, മാസാന്ത്യമോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിനുള്ള സൗകര്യം നിലവിലില്ല.

20.ചെക്ക് ഇഷ്യൂ രജിസ്റ്റർ ലഭ്യമല്ല.

നൽകിയ ചെക്കുകളുടെയും പിൻവലിക്കലുകളുടെയും വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ ചെക്ക് ഇഷ്യൂ രജിസ്റ്റർ റിപ്പോർട്ടുകളിൽ ലഭ്യമല്ല.

21.ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ ലഭ്യമല്ല

ഗ്രാമ പഞ്ചായത്തിന് ലഭിച്ച ചെക്കുകളുടെയും ഡ്രാഫ്റ്റുകൾ പണമായി മാറിയത് പരിശോധിക്കുന്നതിനും റിക്കൺസിൽ

ചെയ്യുന്നതിനുമായി ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ ഉൾപ്പെടുത്തേണ്ടതുണ്ട്

22.രശീതുകളുടെ ക്യാൻസലേഷൻ

മുൻവർഷം നൽകിയ രശീതുകൾ തുടർവർഷങ്ങളിലും ക്യാൻസൽ ചെയ്യുന്നതിനുള്ള സാഹചര്യം നിലവിലുണ്ട്. വാർഷിക കണക്കുകൾ സമർപ്പിച്ചതിനു ശേഷവും രശീതുകൾ ക്യാൻസൽ ചെയ്യുന്നതിനുള്ള സാഹചര്യം നില നിൽക്കുന്നത് തെറ്റായ നടപടിക്രമമാണ്.

23.ലഡ്ജർ ബുക്കുകൾ

ഓഡിറ്റ് മൊഡ്യൂളുമായി ബന്ധപ്പെടുത്തി നൽകിയിട്ടുള്ള ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ് മെന്റ് , രസീപ്റ്റ് & പേമെന്റ് അക്കൗണ്ട് എന്നിവയോടൊപ്പം ലിങ്ക് നൽകിയിട്ടുള്ള ലഡ്ജർ ബുക്ക് പരിശോധിക്കുമ്പോൾ ഭൂരിഭാഗവും ലഡ്ജറിൽ രേഖപ്പെടുത്തിയിട്ടുള്ള തുക എന്താണെന്ന് വ്യക്തതയില്ല.

24.ലൈസൻസ് നൽകൽ - വിവിധ വാണിജ്യ ആവശ്യങ്ങൾക്ക് ലൈസൻസ് നൽകിയവരുടെയും പുതുക്കി നൽകിയവരുടെയും വിശദ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് റിപ്പോർട്ട് രൂപത്തിൽ ലഭ്യമല്ല.

25.തൊഴിൽ നികുതി - തൊഴിൽ നികുതി ഡിമാന്റ് പരിശോധിക്കുന്നതിനാവശ്യമായ ട്രേഡേഴ്സ് ലിസ്റ്റ് , എംപ്ലോയിസ് തൊഴിൽ നികുതി തുടങ്ങിയവ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്നതിനോ ഇവ റിപ്പോർട്ട് രൂപത്തിൽ ലഭ്യമാക്കുന്നതിനോ ആവശ്യമായ സൗകര്യങ്ങൾ ലഭ്യമല്ല. ഇത്തരത്തിൽ വിവരങ്ങൾ രേഖപ്പെടുത്താനുള്ള സൗകര്യങ്ങൾ ലഭ്യമാക്കി സെക്രട്ടറി / ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് അംഗീകാരം നൽകി കാലികമാക്കി നിജപ്പെടുത്തുന്ന രീതി നിലവിലില്ലാത്ത സാഹചര്യത്തിൽ ഇത് ഡിജിറ്റൽ രീതിയിൽ പരിശോധന സാധ്യമല്ലാത്ത സ്ഥിതിയാണുള്ളത്.

26.വസ്തു നികുതി - സഞ്ചയ സോഫ്റ്റ് വെയർ ILGMS സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ചിട്ടില്ല. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തുടങ്ങിയവ റിപ്പോർട്ട് രൂപത്തിൽ ലഭ്യമാക്കിയിട്ടില്ല. മേൽ സോഫ്റ്റ് വെയർ ILGMS സോഫ്റ്റ് വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ തന്നെ ഇത് പരിശോധന സാധ്യമല്ല. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നിരവധി തവണ ഐ.കെ.എം വസ്തു നികുതി വിവരങ്ങളിൽ (Data) പ്യൂരിഫിക്കേഷൻ പ്രവൃത്തി നടത്തുകയും പിന്നീട് വസ്തു നികുതി വിവരങ്ങളിൽ മുൻകാല പ്രാബല്യത്തിൽ വ്യത്യാസങ്ങൾ വരുകയും ചെയ്യുന്നുണ്ട്. വാർഷിക കണക്കുകൾ സമർപ്പിക്കുന്ന സമയത്തുള്ള വിവരങ്ങൾ പിന്നീട് ലഭിക്കാത്ത സാഹചര്യം ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്.

27.കെട്ടിട നിർമ്മാണ അനുമതി - കെട്ടിട നിർമ്മാണ ക്രമവത്കരണം ( സങ്കേതം സോഫ്റ്റ് വെയർ)

കെട്ടിട നിർമ്മാണ അനുമതിക്കായുള്ള അപേക്ഷ സങ്കേതം സോഫ്റ്റ് വെയർ മുഖേനയാണ് സ്വീകരിക്കുന്നത്. ഓരോ അപേക്ഷകനും സങ്കേതം സോഫ്റ്റ് വെയർ ഉപയോഗിച്ച് സമർപ്പിക്കുന്ന രേഖകളുടെയും അനുബന്ധ രേഖകളുടെയും അച്ചടിച്ച പകർപ്പുകൾ (Hard Copy) സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതായുണ്ട്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും സങ്കേതം സോഫ്റ്റ് വെയറിലേക്ക് Upload ചെയ്യാൻ നിലവിൽ സൗകര്യം ഇല്ല. അധികമായി വേണ്ടുന്ന രേഖകളുടെ പകർപ്പുകൾ Pdf ഫയൽ രൂപത്തിൽ ഉൾപ്പെടുത്തുന്ന സാഹചര്യമാണുള്ളത്. ഇത് ഡിജിറ്റൽ ഫയൽ സിസ്റ്റം പൂർണമാക്കുന്നതിന് സൗകര്യപ്രദമല്ല. ഇത് ജനങ്ങൾക്ക് അധിക പണ ചെലവിനും ബുദ്ധിമുട്ടുകൾക്കും ഇടയാക്കുന്നു. സങ്കേതം സോഫ്റ്റ് വെയർ നിലവിൽ ILGMS സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. സങ്കേതം സോഫ്റ്റ് വെയർ തന്നെ ആയതിന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് ആവശ്യമായ രീതിയിൽ വികസിപ്പിച്ചിട്ടില്ലാത്തതിനാൽ നിലവിലെ അവസ്ഥയിൽ ആയത് ഉൾപ്പെടുത്തുന്നത് ഉദ്ദേശ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് സഹായകമല്ല. ഈ സോഫ്റ്റ് വെയർ മുഖേനയുള്ള റിപ്പോർട്ടുകൾ നിലവിൽ ഓഡിറ്റ് മൊഡ്യൂളിൽ ലഭ്യമല്ല.

28.പണം പിരിവ് , ഒടുക്കൽ, പിൻവലിക്കൽ എന്നിവയുടെ പരിശോധന തദ്ദേശ സ്ഥാപനത്തിൽ വിവിധ രീതിയിലുള്ള പിരിവുകളുടെയും ആയത് ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് ഒടുക്കുന്നതിന്റെയും പരിശോധന ILGMS സോഫ്റ്റ് വെയർ മുഖേന പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. ILGMS സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ വിവരങ്ങൾ നിലവിലെ രീതിയിൽ പരിശോധന നടത്തിയാൽ ഓഡിറ്റ് പരിശോധന ലഘൂകരിക്കപ്പെടുന്നില്ല. ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള വിവരങ്ങൾ ബാങ്ക് ബുക്ക് , ചെക്ക് ഇഷ്യൂ രജിസ്റ്ററുകൾ തുടങ്ങിയവയുമായി ബന്ധപ്പെടുത്തി നിശ്ചയിക്കപ്പെട്ട ഇടവേളകളിൽ പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിനുള്ള സംവിധാനം ഈ സോഫ്റ്റ് വെയറിൽ നിലവിലില്ല. പണം പിൻവലിക്കുന്നത് സംബന്ധിച്ചും ഇത്തരത്തിൽ പരിശോധന സാധ്യമാക്കുന്നതിനുള്ള സംവിധാനമില്ല. ഇത് സംബന്ധിച്ച് റിപ്പോർട്ട് ഓഡിറ്റർക്ക് ലഭിക്കുന്നില്ല.

29.സ്റ്റോക്ക് രജിസ്റ്റർ വിവിധ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ടുകളൊന്നും തന്നെ ഓഡിറ്റർക്ക് റിപ്പോർട്ട് രൂപത്തിൽ ലഭിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ സംബന്ധിച്ച് ചട്ടങ്ങൾ പ്രകാരമുള്ള പരിശോധന നടത്തുന്നതിനുള്ള മൊഡ്യൂളുകൾ ഉൾപ്പെടുത്തിയിട്ടില്ല.

30. പഞ്ചായത്ത് യോഗ നടപടിക്രമങ്ങൾ സകർമ്മ സോഫ്റ്റ് വെയറിൽ ആണ് ചെയ്ത് വരുന്നത്. നിലവിൽ ഇത് ILGMS സോഫ്റ്റ് വെയറിൽ ഇന്റഗ്രേറ്റ് ചെയ്തിട്ടില്ല. നിലവിൽ ILGMS ഫയലിന്റെ ഭാഗമായി തന്നെ അജണ്ട പഞ്ചായത്ത് യോഗത്തിലേക്ക് നേരിട്ട് സമർപ്പിക്കുന്നതിനുള്ള സംവിധാനം ഇല്ല.

31. വ്യാപാരസ്ഥാപനങ്ങളുടെ ലൈസൻസ് അനുവദിക്കൽ ,വിവിധസാക്ഷ്യപത്രങ്ങൾ അനുവദിക്കൽ എന്നിവയ്ക്കുള്ള ഏകീകൃത ഫോർമാറ്റ്ILGMS സോഫ്റ്റ് വെയറിൽ ലഭ്യമല്ല.

മേൽ അപാകതകൾ സമയബന്ധിതമായി പരിഹരിക്കേണ്ടതും ,തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 സാമൂഹ്യസുരക്ഷ പെൻഷൻ- പെൻഷണർ മരണപ്പെട്ടിട്ടും തുക അക്കൗണ്ടിലേക്ക് വിതരണം ചെയ്യുന്നു.

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ എസ്.എഫ്.സി-ബി1/71/2017പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച് നൽകിയ തദ്ദേശ സ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച് നൽകിയ തദ്ദേശ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

കൂടാതെ 23.09.2020 ലെ ധനകാര്യ വകുപ്പ് ഉത്തരവ് സ.ഉ(എം.എസ്) നം. 97/2020 പ്രകാരം മരണപ്പെടുന്നവരുടെ വിവരങ്ങൾ അങ്കണവാടി/ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതത് മാസം പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്നും , പെൻഷൻ വിതരണം നടത്തുന്ന സഹകരണസ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണെന്നും , പെൻഷണർ മരണപ്പെട്ട ശേഷവും അക്കാര്യം പ്രാദേശിക സർക്കാരിൽ അറിയിക്കാതെ അനന്തരാവകാശികൾ പ്രസ്തുത പെൻഷൻ തുക കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം മരണപ്പെടുന്ന ഗുണഭോക്താവിനെ പെൻഷൻ ഡാറ്റാബേസിൽനിന്നും അടിന്തിരമായി ഒഴിവാക്കേണ്ടതാണെന്നും പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷൻ തുകക്ക് അവകാശികൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ മുള്ളൻകൊല്ലി പഞ്ചായത്തിലെ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെടുന്ന സാഹചര്യത്തിൽ,മരണപ്പെടുന്നവരുടെ വിവരങ്ങൾ അങ്കണവാടി/ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതത് മാസം പെൻഷൻഡേറ്റാബേസിൽ നിന്നും അവരെ ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുകയോ പെൻഷൻ വിതരണം നടത്തുന്ന സഹകരണസ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും പഞ്ചായത്തിൽ അറിയിക്കുകയോ ചെയ്യുന്നില്ല.
മുള്ളൻകൊല്ലി പഞ്ചായത്തിൽ 2020-ൽ മരണംരജിസ്റ്റർ ചെയ്തവരുടെ പേരിലുള്ള പെൻഷൻ തുക, മരണതീയ്യതിക്കുശേഷമുള്ള മാസങ്ങളിലും വിതരണം ചെയ്യുന്നതിനായി പെൻഷനറുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറുന്നുണ്ട്. സേവന സോഫ്റ്റ്‌വെയർ പ്രകാരം ലഭ്യമായ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (സ.ഉ(എം.എസ്)നം. 91/2019/ധന തീയ്യതി 18.02.2019 പ്രകാരം 01.04.2019 മുതൽ 1200 രൂപ, സ.ഉ(എം.എസ്)നം. 28/2020/ധന തീയ്യതി 03.03.2020 പ്രകാരം 01.04.2020 മുതൽ 1300 രൂപ, സ.ഉ( അച്ചടി)നം. 118/2020/ധന തീയ്യതി 06.09.2020 പ്രകാരം 01.09.2020 മുതൽ 1400 രൂപ, എഴുപത്തിയഞ്ച് വയസ്സ് കഴിഞ്ഞവർക്ക് സ.ഉ(എം.എസ്)നം. 24/2016/സാനീവ തീയ്യതി 01.03.2016 പ്രകാരം 01.04.2016 മുതൽ 1500 രൂപ, സ.ഉ(എം.എസ്)നം. 16/2021/ധന തീയ്യതി 03.02.2021 പ്രകാരം 01.04.2021 മുതൽ 1600 രൂപ എന്നീ നിരക്കുകളിലും സ.ഉ(എം.എഎസ്) നം. 97/2020/ധന തീയതി 23.09.2020 പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും വാങ്ങി വരുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ 600/- രൂപ നിരക്കിലുമാണ് പെൻഷൻ വിതരണം ചെയ്യുന്നത്)

### 1-14-1 മരണമടഞ്ഞ പെൻഷനറുടെ അക്കൗണ്ടിലേക്ക് തുക കൈമാറി

2020- വർഷത്തിൽ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്ത ഏതാനം പെൻഷൻ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷനറുടെ പേര് | പെൻഷൻ തരം | ആധാർ നം. | പെൻഷൻ ഐഡി നം. | മരണമടഞ്ഞ തീയ്യതി | അനർഹമായ കാലയളവ് | അനർഹമായ തുക |
|---|---|---|---|---|---|---|---|
| 1 | ജോസഫ് | വാർദ്ധക്യ കാല പെൻഷൻ | 256692575610 | 110840202119 | 29.11.2020 | 12/2020 മുതൽ 06/2022 വരെ | 11400 |
| 2 | മറിയം | ,, | 318975778291 | 110840200258 | 9.12.2020 | 01/2021 മുതൽ 06/2022 വരെ | 28500 |
| 3 | സരോജിനി | ,, | 915815499083 | 110840100306 | 26.11.2020 | 12/2020 മുതൽ | 29900 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | 06/2022 വരെ | |
| 4 | കൃഷ്ണൻകുട്ടി | ,, | 219308017503 | 110840201748 | 20.11.2020 | 12/2020 മുതൽ 06/2022 വരെ | 29900 |
| 5 | അന്നമ്മ ജോസഫ് | ,, | 302446172595 | 110840200070 | 19.11.2020 | 12/2020 മുതൽ 06/2022 വരെ | 30000 |
| 6 | ജോസഫ് | ,, | 400767684586 | 110840200667 | 9.11.2020 | 12/2020 മുതൽ 06/2022 വരെ | 11400 |
| 7 | അമ്മിണി | ,, | 211635186210 | 110840600491 | 11.6.2020 | 07/2020 മുതൽ 06/2022 വരെ | 35300 |
| 8 | ദേവേശഗൗഡർ | ,, | 413630067229 | 110840100403 | 23.10.2020 | 11/2020 മുതൽ 06/2022 വരെ | 31300 |
| 9 | ജോൺ മാളിയേക്കൽ | ,, | 986299964605 | 110840200754 | 22.10.2020 | 11/2020 മുതൽ 06/2022 വരെ | 31500 |
| 10 | പാത്തുമ്മ | ,, | 283186453745 | 110840100199 | 11.10.2020 | 11/2020 മുതൽ 12/2021 വരെ | 21700 |
| 11 | ശശി | ,, | 399671367497 | 110840200831 | 26.09.2020 | 10/2020 മുതൽ 06/2022 വരെ | 14600 |
| 12 | ചിന്നമ്മ | ,, | 349763219503 | 110840201123 | 17.09.2020 | 10/2020 മുതൽ 06/2022 വരെ | 33000 |
| 13 | തിലോത്തമ്മ | ,, | 285099974176 | 110840201507 | 03.09.2020 | 10/2020 മുതൽ 06/2022 വരെ | 33000 |
| 14 | അമ്മിണി | ,, | 246490262316 | 110840200181 | 31.08.2020 | 09/2020 മുതൽ 06/2022 വരെ | 34500 |

| | | | | | | | |
|---|---|---|---|---|---|---|---|
| 15 | അന്നക്കുട്ടി | ,, | 831137316504 | 110840202299 | 26.07.2020 | 08/2020 മുതൽ 06/2022 വരെ | 13800 |
| 16 | മറിയാമ്മ | ,, | 655476848442 | 110840201451 | 29.07.2020 | 08/2020 മുതൽ 06/2022 വരെ | 36000 |
| 17 | ത്രേസ്യാമ്മ | ,, | 937131358915 | 110840200782 | 24.07.2020 | 08/2020 മുതൽ 06/2022 വരെ | 13800 |
| 18 | വർക്കി | ,, | 385220913206 | 110840100148 | 04.07.2020 | 08/2020 മുതൽ 06/2022 വരെ | 35400 |
| 19 | രാധ പി | ,, | 763902895236 | 110840200971 | 16.06.2020 | 07/2020 മുതൽ 06/2022 വരെ | 36700 |
| 20 | അന്നമ്മ | ,, | 323924538190 | 110840202482 | 18.06.2020 | 07/2020 മുതൽ 06/2022 വരെ | 14400 |
| 21 | തെള്ളി | ,, | 557977126997 | 110840400224 | 18.06.2020 | 07/2020 മുതൽ 06/2022 വരെ | 36700 |
| 22 | ദേവസ്യ എ ജെ | ,, | 606093459430 | 110840201999 | 29.03.2020 | 04/2020 മുതൽ 06/2022 വരെ | 40600 |
| 23 | തങ്കപ്പൻ | ,, | 280913651759 | 110840200375 | 15.12.2019 | 01/2020 മുതൽ 06/2022 വരെ | 46500 |
| 24 | വർഗ്ഗീസ് | ,, | 934481513278 | 110270201577 | 03.01.2020 | 02/2020 മുതൽ 06/2022 വരെ | 45000 |
| ആകെ | | | | | | | 6,94,900/- |

മേൽ പെൻഷൻ ഗുണഭോക്താക്കളുടെ മരണവിവരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും ഇവർക്ക് പെൻഷൻ തുക ബാങ്കിലേക്ക് കൈമാറിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 25.07.2022 ന് നൽകിയ 9/ 2020-21 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പട്ടികയിലുൾപ്പെട്ട പെൻഷൻ ഗുണഭോക്താക്കളെ അടിയന്തിരമായി പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതാണ്. കൂടാതെ ഗുണഭോക്താവ് മരണപ്പെട്ട ശേഷവും പെൻഷനറുടെ അക്കൗണ്ടിലേക്ക് വിതരണം ചെയ്ത 6,94,900/- രൂപ അനന്തരാവകാശികളിൽ നിന്നും തിരിച്ച് പിടിച്ച് സർക്കാരിൽ മുതൽക്കൂട്ടേണ്ടതും വിവരം രേഖകൾ

സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-14-2 പെൻഷനറുടെ അക്കൗണ്ടിലേക്ക് കൈമാറാൻ സാധിക്കാത്ത തുക ബാങ്കിൽ സൂക്ഷിച്ചിരിക്കുന്നു

പെൻഷൻ ഗുണഭോക്താക്കളുടെ മരണവിവരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും പെൻഷൻ തുക ബാങ്കിലേക്ക് കൈമാറി. 2020 ൽ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്ത ഏതാനും പെൻഷൻ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷനറുടെ പേര് | പെൻഷൻ തരം | ആധാർ നം. | പെൻഷൻ ഐഡി നം. | മരണമടഞ്ഞ തീയ്യതി | അനർഹമായ കാലയളവ് | അനർഹമായ തുക |
|---|---|---|---|---|---|---|---|
| 1 | കൃഷ്ണൻ | വാർദ്ധക്യകാല പെൻഷൻ | 705318986992 | 110840202775 | 08.12.2020 | 01/2021 മുതൽ 04/2022 വരെ | 25300 |
| 2 | എലിസബത്ത് മേച്ചേരിക്കാലായിൽ | ,, | 489434788506 | 110840400276 | 01.12.2020 | 01/2021 മുതൽ 02/2022 വരെ | 22100 |
| 3 | ഏലമ്മ | ,, | 267004968274 | 110840201398 | 14.12.2020 | 01/2021 മുതൽ 06/2022 വരെ | 28500 |
| 4 | സുകമാരൻ | ,, | 392059265671 | 110840200460 | 21.11.2020 | 12/2020 മുതൽ 04/2022 വരെ | 26800 |
| 5 | സാറാമ്മ | ,, | 343127342864 | 110840100035 | 19.10.2020 | 11/2020 മുതൽ 06/2022 വരെ | 31300 |
| 6 | മത്തായി | ,, | 958397623940 | 110840201561 | 31.10.2020 | 11/2020 മുതൽ 06/2022 വരെ | 16000 |
| 7 | സൂസമ്മ ജോൺ ചേറ്റുപറമ്പിൽ | ,, | 202552551509 | 110840200811 | 24.10.2020 | 11/2020 മുതൽ 04/2022 വരെ | 28100 |
| 8 | ശിവരാമൻ കെ.എം | ,, | 867647857343 | 110840201559 | 03.10.2020 | 11/2020 മുതൽ 04/2022 വരെ | 10800 |
| 9 | ബ്രിജിത്ത | ,, | 359850879416 | 110840200394 | 09.10.2020 | 11/2020 മുതൽ 04/2022 വരെ | 28300 |
| 10 | മുത്തു | ,, | 372515139130 | 110840203040 | 11.09.2020 | 10/2020 മുതൽ | 32700 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | 06/2022 വരെ | |
| 11 | വർക്കി | ,, | 759592970279 | 110840201641 | 18.09.2020 | 10/2020 മുതൽ 04/2022 വരെ | 29800 |
| 12 | ഫിലിപ്പ് | ,, | 480360568053 | 110840200324 | 22.09.2020 | 10/2020 മുതൽ 06/2022 വരെ | 12600 |
| 13 | ജോസഫ് കെ.എ | ,, | 627874930284 | 110840200603 | 15.09.2020 | 10/2020 മുതൽ 04/2022 വരെ | 11400 |
| 14 | തെൻട്ടക്കൻ | ,, | 490379642663 | 110840200146 | 26.08.2020 | 09/2020 മുതൽ 06/2022 വരെ | 34500 |
| 15 | അലീമ | ,, | 779161145477 | 110840600107 | 25.08.2020 | 09/2020 മുതൽ 04/2022 വരെ | 34100 |
| 16 | മുഹമ്മദ് | ,, | 734201832230 | 110840100323 | 30.09.2019 | 10/2020 മുതൽ 06/2022 വരെ | 16600 |
| 17 | ശിവരാമൻനായർ | ,, | 219180661261 | 110840200466 | 05.07.2020 | 08/2020 മുതൽ 04/2022 വരെ | 32800 |
| 18 | മജീദ് | ,, | 707136577779 | 110780200130 | 08.08.2020 | 09/2020 മുതൽ 06/2022 വരെ | 34500 |
| 19 | സെബാസ്റ്റ്യൻ | ,, | 828133640999 | 110840200079 | 15.08.2020 | 09/2020 മുതൽ 04/2022 വരെ | 31300 |
| 20 | സരസു | ,, | 226705913436 | 110840201942 | 09.08.2020 | 09/2020 മുതൽ 06/2022 വരെ | 34100 |
| 21 | രാജമ്മ | ,, | 405980794087 | 110840600258 | 15.07.2020 | 08/2020 മുതൽ 04/2022 വരെ | 32200 |

| | | | | | | | |
|---|---|---|---|---|---|---|---|
| 22 | ലക്ഷ്മി | „ | 740078574614 | 110840201035 | 07.07.2020 | 08/2020 മുതൽ 04/2022 വരെ | 32800 |
| 23 | തങ്കമ്മ | „ | 731078674117 | 110840202231 | 29.11.2019 | 12/2019 മുതൽ 04/2022 വരെ | 42200 |
| 24 | ആയിഷ | „ | 578643316595 | 110840100149 | 26.06.2020 | 07/2020 മുതൽ 02/2022 വരെ | 30300 |
| 25 | കുമാരദാസൻ | „ | 678838810408 | 110840202716 | 17.06.2020 | 07/2020 മുതൽ 06/2022 വരെ | 36700 |
| 26 | ആൻഡ്രൂസ് | „ | 769868444318 | 110840202971 | 16.05.2020 | 06/2020 മുതൽ 06/2022 വരെ | 38000 |
| 27 | പുരുഷോത്തമൻ | „ | 840440929095 | 110840200273 | 12.04.2020 | 05/2020 മുതൽ 04/2022 വരെ | 37300 |
| 28 | വിജയമ്മ | „ | 969854130322 | 110840202471 | 2403.2020 | 04/2020 മുതൽ 06/2022 വരെ | 16200 |
| 29 | അന്നക്കുട്ടി | „ | 966080451208 | 110840200235 | 22.03.2020 | 04/2020 മുതൽ 04/2022 വരെ | 38800 |
| 30 | കാളൻ | „ | 717581850729 | 110840201958 | 10.02.2020 | 03/2020 മുതൽ 06/2022 വരെ | 43500 |
| 31 | ലൂക്ക | „ | 991946934747 | 110840201830 | 03.02.2020 | 03/2020 മുതൽ 11/2020 വരെ | 13500 |
| 32 | പുഷ്പ | „ | 808453022883 | 110840600380 | 25.01.2020 | 02/2020 മുതൽ 04/2022 വരെ | 39800 |
| 33 | കാർത്യായനി തട്ടാൻകുടിയിൽ | „ | 254319196021 | 110840201546 | 03.01.2020 | 02/2020 മുതൽ 06/2022 | 41800 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | വരെ | |
| ആകെ | | | | | | | 9,64,700/- |

മേൽ പെൻഷൻ ഗുണഭോക്താക്കളുടെ മരണവിവരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും ഇവർക്ക് പെൻഷൻ തുക ബാങ്കിലേക്ക് കൈമാറിയതിന് വിശദീകരണം ആവശ്യപ്പെട്ട് 25.07.2022 ന് നൽകിയ 9/ 2020-21 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മരണപ്പെട്ട പെൻഷണറുടെ അക്കൗണ്ടിലേക്ക് കൈമാറാൻ കഴിയാതെ വിവിധ ബാങ്കുകളിൽ സൂക്ഷിച്ചിരിക്കുന്ന തുകയായ 9,64,700/- രൂപ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണബാങ്കിന്റെ അക്കൗണ്ടിലേക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-14-3 മരണമടഞ്ഞ പെൻഷൻ ഗുണഭോക്താക്കളുടെ വിവരം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ 2020 ൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്യപ്പെട്ട ഏതാനും പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ മാത്രമാണ് (I),(II) പട്ടികകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മേൽ പെൻഷൻ ഗുണഭോക്താക്കളുടെ മരണവിവരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും ഇവർക്ക് പെൻഷൻ തുക ബാങ്കിലേക്ക് കൈമാറിയതിന് വിശദീകരണം നൽകേണ്ടതാണ്.

മേൽ ലിസ്റ്റ് പ്രകാരമുള്ള ആളുകളുടെയും മുൻവർഷങ്ങളിൽ അറുപത് വയസ്സ് പൂർത്തിയായതിനുശേഷം മരണം റിപ്പോർട്ട് ചെയ്യപ്പെടുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്ത മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ടവരുടെയും വിവരങ്ങൾ സൂക്ഷ്മപരിശോധന നടത്തി അനർഹരായവർക്ക് വിതരണം ചെയ്തുകൊണ്ടിരിക്കുന്ന പെൻഷൻ ഉടനടി റദ്ദ് ചെയ്യേണ്ടതും അനർഹമായി വിതരണം ചെയ്തുകൊണ്ടിരിക്കുന്ന തുക തിരികെ ഈടാക്കേണ്ടതുമാണ്. കൂടാതെ മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ മരണംരജിസ്റ്റർ ചെയ്ത മുള്ളൻകൊല്ലി ഗ്രാമ പഞ്ചായത്തിലെ ആളുകളുടെ വിവരം ശേഖരിച്ച് അവർ പെൻഷൻ ഗുണഭോക്താക്കളാണെങ്കിൽ സേവന സോഫ്റ്റ് വെയറിൽ റദ്ദ് ചെയ്യാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി - അപാകതകൾ- സംബന്ധിച്ച്

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2020-21 ലെ ഓഡിറ്റിന്റെ ഭാഗമായി തൊഴിൽ നികുതി പിരിവ് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

## 1-15-1 ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ , അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2020-21 വർഷത്തിൽ വിവിധ സ്ഥാപനങ്ങളിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | ക്രമ നം. | ജീവനക്കാരന്റെ പേര് | അർദ്ധവർഷം |
|---|---|---|---|
| സെന്റ് സെബാസ്റ്റ്യൻ എ.യു.പി.എസ് ,പാടിച്ചിറ | 1 | സിസ്റ്റർ മഞ്ജു ജോൺ | ഒന്നും രണ്ടും അർദ്ധവർഷം |
| | 2 | ശ്രീമതി എമൽ മരിയ തോമസ് | |
| | 3 | ശ്രീ. ജോഷി എൻ.ജെ | |
| | 4 | ശ്രീമതി റിൻസി മോൾ കെ.ആർ | |

| | | | |
|---|---|---|---|
| | 5 | ശ്രീമതി സാന്റി എ.ജെ | |
| | 6 | ശ്രീമതി ജെസ്റ്റീന പീറ്റർ | |
| | 7 | ശ്രീമതി അന്ന വി. ജോയ് | |
| സെന്റ്മേരീസ് എ.യു.പി.എസ്, കബനിഗിരി | 1 | ശ്രീ റോബിറ്റ് തോമസ് | ഒന്നാം അർദ്ധവർഷം * *(രണ്ടാം അർദ്ധവർഷം ജീവനക്കാരിൽ നിന്ന് നികുതി പിരിച്ചെടുത്ത് അടക്കുമ്പോൾ ഓഫീസ് മേധാവി സമർപ്പിക്കുന്ന ലിസ്റ്റിൽ ശ്രീ റോബിറ്റ് തോമസ്, ശ്രീമതി ജെൻസി ജോർജ്ജ് എന്നിവർ ഉൾപ്പെട്ടിട്ടില്ല.) |
| | 2 | ശ്രീമതി ജെൻസി ജോർജ്ജ് | |
| സെന്റ് തോമസ് എ.യു.പി.എസ്, മുള്ളൻകൊല്ലി | 1 | ശ്രീ. ആന്റണി എം.എം | ഒന്നും രണ്ടും അർദ്ധവർഷം |
| | 2 | ശ്രീമതി ധന്യ സഖറിയാസ് | |
| | 3 | ശ്രീമതി ലിൻഷ തോമസ് | |
| | 4 | സിസ്റ്റർ രാഗിൻ | |
| | 5 | ശ്രീമതി ബിനിഷ റോബിൻ | |
| | 6 | ശ്രീ ഷിനറ്റ് പാപ്പച്ചൻ | |

ഇത് സംബന്ധിച്ച് 21.07.2022 ന് നൽകിയ 2 /2020-21 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതിന് സ്ഥാപന മേധാവികൾക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പട്ടികയിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15-2 പഞ്ചായത്തിൽ വിവിധ നിർമ്മാണ പ്രവൃത്തികൾ നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ 2020-21 വർഷത്തിൽ വിവിധ നിർമ്മാണ പ്രവൃത്തികൾ നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | ഈടാക്കേണ്ട തുക(i & ii അർദ്ധവർഷം) |
|---|---|---|
| 1 | ശ്രീ. കെ.കെ വർഗ്ഗീസ് | 2500 |
| 2 | ശ്രീ. ടി.ജെ ആന്റണി | 2500 |
| 3 | ശ്രീ. പീറ്റർ പി.വി | 2500 |
| 4 | ശ്രീ. ജോസഫ് തോമസ് | 2500 |
| 5 | ശ്രീ. റെജി പി.എസ് | 2500 |
| 6 | ശ്രീ. എൻ.കെ രാജു | 2500 |

| | | |
|---|---|---|
| 7 | ശ്രീ. കെ.കെ സൈദലവി | 2500 |
| 8 | ശ്രീ. സൈമൺ ടി. | 2500 |
| 9 | ശ്രീ. സെബാസ്റ്റ്യൻ പി.സി | 2500 |
| 10 | ശ്രീ. ജയകുമാർ പി.റ്റി | 2500 |
| 11 | ശ്രീ. സിംസൺ സി.വി | 2500 |
| 12 | ശ്രീ. കുര്യൻ തോമസ് | 2500 |
| 13 | ശ്രീ. സാബി തങ്കച്ചൻ | 2500 |
| 14 | ശ്രീ. കെ.കെ സോമൻ | 2500 |
| 15 | ശ്രീ. ഇബ്രാഹിം കെ.എച്ച് | 2500 |
| 16 | ശ്രീ. ബിനോജ് കെ ബേബി | 2500 |
| 17 | ശ്രീ. രജീഷ് കുമാർ എം.ബി | 2500 |
| 18 | ശ്രീ. ജോസഫ് പി.റ്റി | 2500 |
| 19 | ശ്രീ. ബേസിൽ പോൾ | 2500 |
| 20 | ശ്രീ ആന്റണി ടി.ജെ | 2500 |
| 21 | ശ്രീ. രഞ്ജിത് എം.എസ് | 2500 |
| 22 | ശ്രീ. ബിനോയ് വി.യു | 2500 |

വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 21.07.2022 ന് നൽകിയ 2/2020-21 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ ശ്രീ. സാബി തങ്കച്ചൻ, ശ്രീ. കുര്യൻ തോമസ്, ശ്രീ. സിംസൺ സി.വി, ശ്രീ. ജോസഫ് തോമസ്, ശ്രീ. പീറ്റർ പി.വി, ശ്രീ. റെജി പി.എസ്, ശ്രീ. സെബാസ്റ്റ്യൻ പി.സി, ശ്രീ. ജയകുമാർ പി.ടി, ശ്രീ. കെ.കെ. വർഗ്ഗീസ്, ശ്രീ. സൈമൺ ടി, ശ്രീ. രഞ്ജിത് എം.എസ്, ശ്രീ. ബിനോജ് കെ. ബേബി, ശ്രീ. ടി.ജെ ആന്റണി എന്നിവർ തൊഴിൽനികുതി ഒടുക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഒടുക്കാൻ ബാക്കിയുള്ള കോൺട്രാക്ടർമാരിൽ നിന്നും നികുതി ഈടാക്കി ആയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-15-3 റേഷൻകടകൾ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി പ്രവർത്തിക്കുന്ന പതിനൊന്ന് റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയിട്ടില്ല.

| ക്രമ നം. | വാർഡ് നം. | റേഷൻകട |
|---|---|---|
| 1 | 2 | എ.ആർ.ഡി നം.57,പെരിക്കല്ലൂർ |
| 2 | 16 | എ.ആർ.ഡി നം.71, മുള്ളൻകൊല്ലി |
| 3 | 5 | എ.ആർ.ഡി നം.73, കബനിഗിരി |
| 4 | 7 | എ.ആർ.ഡി നം. 99, കൊളവള്ളി |
| 5 | 16 | എ.ആർ.ഡി നം.74, മുള്ളൻകൊല്ലി |
| 6 | 18 | എ.ആർ.ഡി നം. 56, പട്ടാണിക്കൂപ്പ് |
| 7 | 13 | എ.ആർ.ഡി നം. 60,ശശിമല |
| 8 | 11 | എ.ആർ.ഡി നം. 54, ചെറ്റപ്പാലം |
| 9 | 8 | എ.ആർ.ഡി നം. 58, ചാമപ്പാറ |
| 10 | 6 | എ.ആർ.ഡി നം. 59,പാടിച്ചിറ |
| 11 | 17 | എ.ആർ.ഡി നം. 119, പാതിരിമാഞ്ചുവട് |

റേഷൻകടകളിൽ നിന്നും തൊഴിൽനികുതി ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ട് 21.07.2022 ന് നൽകിയ 2/2020-21 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്നും ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 ഭിന്നശേഷികുട്ടികൾക്ക് സ്കോളർഷിപ്പ് - ഗുണഭോക്താക്കൾക്ക് നാളിതുവരെ അർഹമായ തുക ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക്സ്കോളർഷിപ്പ് / ബത്ത നൽകുന്നതിന് വേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ പദ്ധതി നടപ്പിലാക്കിയതിൽ ചില അപാകതകൾ കാണുന്നു. പദ്ധതി വിശദാംശങ്ങളും അപാകതകളും ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | S0144/21 |
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷികുട്ടികൾക്ക് സ്കോളർഷിപ്പ്/ ബത്ത |
| അടങ്കൽ | 2800000 ( 700000 - വികസന ഫണ്ട് ജനറൽ +1000000 - ബ്ലോക്ക് പഞ്ചായത്ത് വിഹിതം +1100000 - ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | 2188000 ( 442000 - വികസന ഫണ്ട് ജനറൽ +670000 - ബ്ലോക്ക് പഞ്ചായത്ത് വിഹിതം +1076000 - ജില്ലാ പഞ്ചായത്ത് വിഹിതം) |
| ബിൽ നം | 4/20-21 /26/08/20 – 2,00,000/-<br>5/20-21 /26/08/20 –93500/-<br>6/20-21 /26/08/20 –115000/-<br>11/20-21/22/01/21 -157000/-<br>12/20-21/22/01/21 -5,00,000/-<br>13/20-21/22/01/21 -470000/-<br>18/20-21/23/02/21 -5,76,000/-<br>20/20-21/16/03/21 - 36900/-<br>22/20-21/24/03/21 -8500<br>23/20-21/24/03/21 -31100<br>2188000/- |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ |

മേൽ പ്രോജക്ട് പ്രകാരം 13/20-21/22/01/21 -4,70,000/വും ബിൽ പ്രകാരം തുകമാറി നൽകിയ 2 ഗുണഭോക്താക്കൾക്ക് നാളിതുവരെ തുക അക്കൗണ്ടിൽ ക്രഡിറ്റ് ആയതിന്റെ വിവരം UTR സ്റ്റേറ്റ്മെന്റ് പ്രകാരം ലഭ്യമല്ല. നിർവ്വഹണ ഉദ്യോഗസ്ഥ നേരിൽ അന്വേഷിച്ചതിലും ടിയാളുകൾക്ക് തുക നാളിതുവരെ ക്രഡിറ്റ് ആയിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നമ്പർ | തുക | ബിൽ നം | റിമാർകസ് |
|---|---|---|---|---|
| സാബു എം.സി | 0260053000031174 | 15,000 | 13/20-21 /22/01/21 -4,70,000/ | UTR സ്റ്റേറ്റ്മെന്റ് പ്രകാരവും നിർവ്വഹണ |

| | | | | |
|---|---|---|---|---|
| | | | | ഉദ്യോഗസ്ഥ നേരിൽ അന്വേഷിച്ചതിലും |
| മിനി കെ.എം | 475022500179 | 15,000 | | ലഭ്യമല്ല |
| | | 30,000 | | |

പ്രസ്തുത വിവരം ഓഡിറ്റ് സമയത്ത് ശ്രദ്ധയിൽ പ്പെട്ടത്തിയതിനാൽ R .No :259367/27/07/2022 പ്രകാരം ILGMS കംപ്ലയെന്റ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.മേൽ ബിൽ പ്രകാരമുള്ള തുക ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (16/2020-21 /27/07/2022 )ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഗുണഭോക്താക്കൾക്ക് അർഹമായ തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും, 2 ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് ബത്ത ലഭ്യമാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. അപാകത പരിഹരിക്കുന്നതുവരെ 30,000/- രൂപ യുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 ന്യൂട്രിമിക്സ് - ലാബ് പരിശോധന റിപ്പോർട്ട് ലഭ്യമല്ല

അങ്കണവാടി പോഷകാഹാര വിതരണ പദ്ധതികൾക്കായി ഐ.സി.ഡി.എസ് സൂപ്പർവൈസർ 2020-21 സാമ്പത്തിക വർഷം 49,90,483/-രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് |
|---|---|---|---|
| 160/21 | അങ്കണവാടി പോഷകാഹാരം(ജനറൽ) | 40,01,197 | 37,17,827 |
| 163/21 | അങ്കണവാടി പോഷകാഹാരം ( എസ്.ടി) | 21,00,000 | 12,72,656 |
| ആകെ | | 61,01,197/- | 49,90,483/- |

| പ്രോജക്ടിന്റെ പേര് | ഇൻവോയിസ് നം/തീയതി | തുക | |
|---|---|---|---|
| അങ്കണവാടി പോഷകാഹാരം(ജനറൽ) | 104/13/03/20 | 85,701 | |
| | 5/13/04/20 | 1,46,412 | |
| | 8/12/05/20 | 1,57,658 | |
| | 16/0506/20 | 1,62,950 | |
| | 115/17/12/20 | 84,533 | |
| | 113/12/11/20 | 88,115 | 7,25,369/- |
| അങ്കണവാടി പോഷകാഹാരം ( എസ്.ടി) | 35/321/08/20 | 1,62,729 | |
| | 25/6/07/20 | 1,62,288 | |
| | 55/12/10/20 | 1,67,360 | |
| | 46/16.09.20 | 1,62,509 | |
| | 112/12/11/20 | 82,552 | |
| | 114/17/12/20 | 1,09,948 | 8,47,386 |
| | | | 15,72,755/- |

മേൽ പ്രോജക്ടുകളിൽ ചെലവഴിച്ച 15,72,755/-രൂപ വാൽസല്യം ഫുഡ് സപ്ലിമെന്റ് യൂണിറ്റ്, മാടക്കരയിൽ നിന്നും ന്യൂട്രിമിക്സ് വാങ്ങിക്കുന്നതിനാണ് ചെലവഴിച്ചിരിക്കുന്നത്. 2.09.2014 -ലെ സ.ഉ (സാധാ) നം. 587/2014/സാ.നീ.വ പ്രകാരം കുടുംബശ്രീ ന്യൂട്രിമിക്സ് നിർമ്മാണ യൂണിറ്റുകൾ ഉൽപ്പാദിപ്പിച്ച് അംഗൻവാടികളിൽ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സിന്റെ നിർമ്മാണം സംബന്ധിച്ച് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയർ അംഗീകരിച്ചിട്ടുണ്ട്. അതിൽ, ലാബ് ടെസ്റ്റ് നടത്തി ഗുണമേൻമ ഉറപ്പു വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സംയോജിത ശിശു വികസന സേവന പദ്ധതിയുടെ ഭാഗമായി അങ്കണവാടികൾ ഓരോ രണ്ടുമാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും ലാബ് ടെസ്റ്റുകളുടെ പരിശോധനാ ഫലം തൃപ്തികരമാണെങ്കിൽ മാത്രം ഭക്ഷ്യ

മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് വിതരണം ചെയ്താൽ മതിയെന്നും സാമൂഹ്യക്ഷേമ ഡയറക്ടറുടെ 5/06/2010, 01/02/2010 എന്നീ തിയ്യതികളിലെ ഐ സി ഡി എസ്. ബി3-312/2010, എന്നീ കത്തുകളിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ, മുള്ളൻക്കൊല്ലി ഗ്രാമപഞ്ചായത്തിൽ ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടി പോഷകാഹാര വിതരണ പദ്ധതിയിൽ 2020-21 സാമ്പത്തിക പോഷകാഹാരത്തിന്റെ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ഗുണനിലവാരം ഉറപ്പിക്കാതെയാണ് വാൽസല്യം ഫുഡ് സപ്ലിമെന്റ് യൂണിറ്റ്, മാടക്കരയിൽ നിന്നും അമൃതം ന്യൂട്രിമിക്സ് വാങ്ങി അങ്കണവാടികളിൽ കുട്ടികൾക്ക് വിതരണം ചെയ്തിരിക്കുന്നത്. പരിശോധന , നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും , റിപ്പോർട്ടും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (04/20-21/25/07/22)ക്ക് ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടി (ICDS /A1.2/22 /27/07/22)/യിൽ വാൽസല്യം ന്യൂട്രിമിക്സ് - അമൃതം പൊടി കൃത്യമായ ഇടവേളകളിൽ ചെന്നൈ ലാബിലേയ്ക്കാണ് പരിശോധനയ്ക്ക് അയിച്ചിരുന്നതെന്നും, 2020 - 21 സാമ്പത്തിക വർഷം ടി ലാബിൽ നിന്ന് പരിശോധന റിപ്പോർട്ട് ലഭ്യമായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. നിലവിൽ വനിത ശിശുവികസന വകുപ്പിന്റെ 08.02.2022 ലെ ICDS -B3-8415 /20 പ്രകാരം അപാകത നിലവിൽ പരിഹരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

സംയോജിത ശിശു വികസന സേവന പദ്ധതിയുടെ ഭാഗമായി അംഗൻവാടികൾ ഓരോ രണ്ടുമാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും ലാബ് ടെസ്റ്റുകളുടെ പരിശോധനാ ഫലം തൃപ്തികരമാണെങ്കിൽ മാത്രം ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്യുന്നതിനും ശ്രദ്ധിക്കേണ്ടതുമാണ്.

## 1-18 ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തികരിച്ചില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ വിവിധ ലൈഫ് ഭവന പദ്ധതികൾ പ്രകാരം 2018-19 മുതൽ 2020-21 സാമ്പത്തിക വർഷം വരെ എഗ്രിമെന്റ് വെച്ച് ധനസഹായം കൈപ്പറ്റിയ 10 ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവരുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വാർഡ് | എഗ്രിമെന്റ് വെച്ച സാമ്പത്തിക വർഷം | അർഹമായ ധനസഹായം | അവസാനം തുക കൈപ്പറ്റിയ തീയതി | നാളിതുവരെ കൈപ്പറ്റിയ തുക | പൂർത്തികരിച്ച സ്റ്റേജ് | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| 1 | രാധമ്മ ശിവരാമൻ | 15 | 2018-19 | 4,00,000 | 40,000 07.11.19 | 3,00,000/- | ലിന്റൽ | നോട്ടീസ് നൽകി |
| 2 | ചിന്നസിബി പന്തമാക്കിൽ | 11 | 2018-19 | 4,00,000 | 1,00,000/ 30.12.21 | 3,00,000 | മേൽക്കൂര | ------- |
| 3 | തങ്കമ്മ കാപ്പാട്ട് | 12 | 2019 -20 | 4,00,000 | 1,60,000/ 12.06.20 | 2,00,000 | ബേസ്മെന്റ് | നോട്ടീസ് നൽകി |
| 4 | സോളിപൗലോസ് മുണ്ടുനടയിൽ | 4 | 2020-21 | 4,00,000 | 184400/ 16/01/21 | 3,00,000 | ലിന്റൽ | 9/06/2020 ലെ ഭരണസമിതി തീരുമാന പ്രകാരം പുഴപുറമ്പോക്കിൽ നിർമ്മിച്ച നിലവിലുള്ള വീട് പൊളിച്ച് മാറ്റാത്തതിനാൽ അവസാന ഗഡു നൽകിയിട്ടില്ല. |
| 5 | സുരേഷ് പാലാക്കുഴിയിൽ | 11 | 2020-21 | 4,00,000 | 1,00,000/ 27/10/21 | 3,40,000 | ലിന്റൽ | ------------- |
| 6 | മോനച്ചൻ കോയിപ്പള്ളി കുറ്റിയിൽ | 6 | 2020-21 | 4,00,000 | 1,00,000/ 7/11/21 | 3,40,000 | മേൽക്കൂര | ------------ |
| 7 | മിനിസോമൻ കാപ്പിസെറ്റ് കോളനി | 11 | 2018-19 | 6,00,000 | 90,000/- | 90000/- | പണി ആരംഭി ച്ചിട്ടില്ല | റവന്യൂ റിക്കവറി നടപടിക്ക് നോട്ടീസ് നൽകി |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 8 | കൃഷ്ണൻകുട്ടി കല്ലകാലായിൽ | 11 | 2020-21 | 4,00,000 | 40,000/- 08/03/21 | 40,000/- | പണി ആരംഭി ച്ചിട്ടില്ല | ഗുണഭോക്താവ് കോവിഡ് മൂലം മരണപ്പെട്ടതിനാൽ ടിയാന്റെ ഭാര്യ 6 മാസത്തിനകം വീട് പണി പൂർത്തീകരിക്കാമെന്നും ,അല്ലാത്തപക്ഷം തുക തിരിച്ചടയ്ക്കാമെന്നും രേഖാമൂലം അറിയിച്ചിട്ടുണ്ട്. |
| 9 | ഗീതരാജീവ് മുത്തലിമാരൻ കോളനി | 11 | 2020-21 | 6,00,000 | 2,06,000 07.01.22 | 4,14,000 | മേൽക്കൂര | -------- |
| 10 | മേരി ദേവസ്യ രണ്ടാനിക്കൽ | 3 | 2016-17 | 2,00,000 | 20000/30.01.2018 | 20,000 | ബേസ്മെന്റ് | നോട്ടീസ് നൽകി ഗ്രാമപഞ്ചായത്തിന്റെ അനുഗ്രഹ ഭവനപദ്ധതി |

ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ സ.ഉ.(കൈ)നം 34/2018, ത.സ്വ.ഭ.വ , തിയതി 16.3.2018 അനുസരിച്ച് കരാറിലേർപ്പെട്ട് 6 മാസത്തിനകം ഭവന നിർമാണം പൂർത്തിയാക്കണമെന്നും, ടി ഭവനം 12 വർഷത്തേക്ക് കൈമാറ്റം ചെയ്യരുത് എന്നും വ്യവസ്ഥയുണ്ട്. ഇക്കാര്യം മാതൃകാ കരാറിലെ 4, 5 വ്യവസ്ഥകളായി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. കരാർ വ്യവസ്ഥ 7 പ്രകാരം വീട്ടു പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളിൽ നിന്നും 12% പലിശ സഹിതം ധനസഹായ തുക തിരികെ ഈടാക്കേണ്ടതാണ്. എന്നാൽ സമയബന്ധിതമായി ഭവനനിർമ്മാണം പൂർത്തികരിക്കാത്തവർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (05/25/07/22 )ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതും, തുടർനടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-19 അങ്കണവാടി പോഷകാഹാരം- സപ്ലൈകോ നിരക്കിൽ കൂടുതൽ വിലയിൽ ഭക്ഷ്യ സാധനങ്ങൾ വാങ്ങിക്കുന്നു .

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഗർഭണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും കൗമാരക്കാരായ പെൺകുട്ടികൾക്കും, 6 മാസം മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്കും പോഷകാഹാരം നൽകി അവരുടെ ശാരീരിക നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് അനുപൂരക പോഷകാഹാരം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിയിലെ ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന തീരമൈത്രി സൂപ്പർമാർക്കറ്റ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് സാധനങ്ങൾ (അമൃതം പൊടി - THRS ഒഴികെ) വാങ്ങി അങ്കണവാടികളിലേക്ക് വിതരണം നടത്തിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിലേക്ക് വിതരണം നടത്തുന്നതിന് ആവശ്യമായ ഭക്ഷ്യ സാധനങ്ങൾ വാങ്ങേണ്ടത് സപ്ലൈകോയിൽ നിന്നുമാണ്. ആവശ്യമായ സാധനങ്ങൾ സപ്ലൈകോയിൽ നിന്നും ലഭ്യമാക്കാത്ത സാഹചര്യം ഉണ്ടാവുന്ന ഘട്ടത്തിൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നടത്തുന്ന സ്റ്റോറുകൾ, ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന തീരമൈത്രി സ്റ്റോറുകൾ, എന്നിവയിൽ നിന്നും നിബന്ധനകളോടെ വാങ്ങുന്നതിന് 06.08.2019 ലെ ബി1/1493/2019/ സാമൂഹ്യനീതി(ബി)വകുപ്പിന്റെ സർക്കുലർ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. അത്തരം വാങ്ങലുകൾക്ക് താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

1. പ്രസ്തുത സ്ഥാപനങ്ങൾക്ക് പൊതുജനങ്ങൾ വാങ്ങുന്നതും കുറഞ്ഞത് ഒരു വർഷമായെങ്കിലും പ്രവർത്തിച്ച വരുന്നതുമായ പ്രൊവിഷൻ സ്റ്റോർ സ്വന്തമായിട്ട് ഉണ്ടായിരിക്കണം. ഫുഡ് സേഫ്റ്റി വകുപ്പിന്റെ ഉൾപ്പടെയുള്ള എല്ലാ നിയമപരമായ അംഗീകാരങ്ങളും ടി പ്രൊവിഷൻ സ്റ്റോറിന് ഉണ്ടായിരിക്കണം.

2.അപേക്ഷകൾ ലഭ്യമായാൽ പ്രസ്തുത സ്റ്റോറുകൾ ബന്ധപ്പെട്ട ഐ.സി.ഡി.എസ് സൂപ്പർവൈസർ സന്ദർശിച്ച് ഭക്ഷ്യവസ്തുകളുടെ ലഭ്യത, ഗുണമേൻമ , ആ സ്ഥാപനത്തിന്റെ പ്രശസ്തിയും നിയമപരമായ അംഗീകാരവും, പരിശോധിച്ച് വിലയിരുത്തി സി.ഡി.പി.ഒ യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതും പ്രസ്തുത സ്റ്റോറുകളിൽ നിന്നും ഭക്ഷ്യ വിതരണം സംബന്ധിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസറും സി.ഡി.പി.ഒയും സംയുക്തമായി തീരുമാനമെടുത്ത് ഗ്രാമപഞ്ചായത്തിന് പ്രൊപ്പോസൽ സമർപ്പിക്കേണ്ടതുമാണ്. 3.എല്ലാമാസവും സർക്കുലറിൽ നിർദ്ദേശിക്കപ്പെട്ട ഉദ്യോഗസ്ഥർ സപ്ലൈകോ വില

നിലവാരം പരിശോധിച്ച് രേഖപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ വിവിധ അങ്കണവാടികളിലേക്ക് വിതരണം ചെയ്തുകൊണ്ടിരിക്കുന്ന സപ്ലൈകോയുടെ പോഷാകാഹാര

ഉൽപ്പന്നങ്ങൾക്ക് ഗുണനിലവാരക്കുറവും താമസവും നേരിടുന്നതിനെ തുടർന്ന് നിരന്തരമായ പരാതികൾ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ലഭിച്ചിരുന്നു. ഇതിനെ തുടർന്ന് വിവിധ സ്ഥാപനങ്ങളിൽ നിന്ന് സാധനങ്ങൾളുടെ ക്വട്ടേഷൻ ക്ഷണിച്ച് സാമ്പിളുകൾ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾ ,പ്രസിഡണ്ട്, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ പരിശോധിച്ച് വിലക്കുറവിന്റെയും, ഗുണമേന്മയുടെയും അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ 22.09.2017 ലെ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 3/2017 ാം നമ്പർ തീരുമാന പ്രകാരം ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന തീരമൈത്രി സൂപ്പർമാർക്കറ്റ് എന്ന സ്ഥാപനത്തിൽ നിന്ന് സാധനങ്ങൾ വാങ്ങാൻ തീരുമാനിച്ചിട്ടുണ്ട്.

അനുപൂരക പോഷകാഹാരങ്ങൾ കുടുംബശ്രീ/സഹകരണ സ്ഥാപനങ്ങളിൽ നിന്നും വാങ്ങാവുന്നതാണെങ്കിലും, ആയതിനുള്ള വിലകൾ അതാത് സമയത്ത് മാവേലി സ്റ്റോറിലുള്ള തുകയേക്കാൾ അധികരിക്കുന്നില്ല എന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ ഉറപ്പ് വരുത്തേണ്ടതാണ്. എന്നാൽ, ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ സപ്ലൈകോയുടെ അതാത് സമയത്തെ വില നിലവാരം എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന തുക കൊയിലാണ്ടിയിലെ തീരമൈത്രി സൂപ്പർമാർക്കറ്റിന് അധികമായി നൽകിയതായി കാണുന്നു. സപ്ലൈകോയിലെ ബില്ലിൽ വില വിവരം രേഖപ്പെടുത്താത്ത (ശർക്കര, പാൽപ്പൊടി) സാധനങ്ങളും മേൽ പദ്ധതിയിൽ വാങ്ങിയിട്ടുണ്ട്. പദ്ധതി വിശദാംശങ്ങളും, അപാകതകളും ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0160/21 |
| പ്രോജക്ടിന്റെ പേര് | അങ്കണവാടി പോഷകാഹാരം |
| അടങ്കൽ | 40,01,197/- |
| ചെലവ് | 37,17,827/- |
| ബിൽ നം/ തീയതി /തുക | 1. 01/20-21/19/05/20 – - 12,03,469/-<br>2.03/20-21/26/08/20 – - 4,37,736/-<br>3. ചെക്ക് നം-002032/22/06/20 - 5,52,721/-<br>4. നം- 333/13/03/20 - 4,60,910/-<br>5. 10/20-21/08/01/21 - 289082/-<br>6. 16/20-21/23/02/21 - 1,07,572/-<br>7.ചെക്ക് നം-018968/29/03/21 - 1,79,348/-<br>8.115/30.06.20 - 443456<br>9.113/30.06.20 -41105<br>10.21/20-21/24/03/21 - 2428/-<br>37,17,827/- |

ഓഡിറ്റിന് ലഭ്യമാക്കിയ സപ്ലൈകോയുടെ വില നിലവാരം പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന തുക കൊയിലാണ്ടിയിലെ തീരമൈത്രി സൂപ്പർമാർക്കറ്റിന് അധികം നൽകിയിട്ടുണ്ട്. ആയതിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഇൻവോയിസ് നം. /തീയതി | ഇനം | വാങ്ങിയ അളവ് (കിലോ) | വില | ആകെ നൽകിയ തുക | സപ്ലൈകോ വില | ആകെ അനുവദിക്കാവുന്ന തുക | കൂടുതൽ നൽകിയിട്ടുണ്ട്തുക |
|---|---|---|---|---|---|---|---|---|
| 1 | 1143<br>16/03/20 | ബിരിയാണി അരി | 202 Kg | 83.81 | 17776 | 38 | 7676 | 10100 |
| 2 | 1114<br>/24/1/20 | ബിരിയാണി അരി | 154 Kg | 70.48 | 11396 | 40 | 6160 | 5236 |
| 3 | 8/<br>30/04/20 | ബിരിയാണി അരി | 102kg | 96 | 9792 | 38 | 3638 | 6154 |
| 4 | 14<br>/10/06/20 | ബിരിയാണി അരി | 138 Kg | 80 | 11040 | 42 | 5796 | 5244 |
| | | | | | | | | 26734/- |

തീരമൈത്രി സൂപ്പർമാർക്കറ്റിന്, സപ്ലൈകോയുടെ വില അധികരിച്ച് നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതും, മേൽ അപാകതകൾ സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി - (3/202021

/25.07.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനൽ തീരമൈത്രി സൂപ്പർമാർക്കറ്റിന്, സപ്ലൈകോയുടെ വില അധികരിച്ച് നൽകിയ 26734/-രൂപ നിരാകരിക്കുന്നു. പ്രസ്തുത തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ തിരികെ അടവാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. ഖണ്ഡിക 3-3 കാണുക

## 1-20 സിഡ്കോയിൽ നിന്നും അനുമതിയില്ലാത്ത പഠനോപകരണങ്ങൾ വാങ്ങി വിതരണം ചെയ്തു- 9,88,917 രൂപ തടസ്സപ്പെടുത്തുന്നു.

പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നതിന് 2 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. സിഡ്കോയിൽ നിന്നും വാങ്ങി നൽകാൻ അനുമതിയില്ലാത്ത പഠനോപകരണങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ നടത്തിപ്പിൽ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം/ പ്രോജക്ടിന്റെ പേര് | S-138/21<br>പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണം |
| അടങ്കൽ/ ഫണ്ട് ഇനം | 5,00,000 ( പട്ടിക വർഗ്ഗ ഉപ പദ്ധതി) |
| ചെലവ് | 4,98,253/- |
| ബിൽ നം/ തിയ്യതി | 11/20-21 /30.03.2021 |

സു.ബത്തേരി സിഡ്കോ യുടെ 24.03.2021 ലെ SMC/WYND/P1/20-21/179 നം ഇൻവോയിസ് പ്രകാരം 53 എണ്ണം അലമാര വിതരണം ചെയ്യുന്നതിന് ഓർഡർ നൽകി. നികുതിയടക്കം 4,98,253/- രൂപ ഇതിനായി പിൻവലിച്ച് നൽകി. ഗ്രാമപഞ്ചായത്തിലെ ചുവടെ പറഞ്ഞിട്ടുള്ള സ്കൂളുകളിൽ ഇവ വിതരണം ചെയ്തു.

| ക്രമ നം | സ്കൂളിന്റെ പേര് | വിതരണം ചെയ്തതിന്റെ എണ്ണം |
|---|---|---|
| 1 | സെന്റ് തോമസ് എ.യു.പി.എസ് | 13 |
| 2 | ജി.എൽ.പി.എസ്, കൊളവള്ളി | 8 |
| 3 | ജി.യു.പി.എസ്, ശശിമല | 5 |
| 4 | സെന്റ് സെബാസ്റ്റ്യൻസ് എ.യു.പി.എസ്, പാടിച്ചിറ | 15 |
| 5 | ജി.എൽ.പി.എസ്, മരക്കടവ് | 6 |
| 6 | ജി.എൽ.പി.എസ്, ചണ്ണോത്ത്കൊല്ലി | 1 |
| | ആകെ | 48 |

സർക്കാർ ഉത്തരവ് (സാധാ).49/2019/എസ്.പി.ഡി തിയ്യതി 14.11.2019 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള ഫർണ്ണിച്ചറുകൾ (സിഡ്കോ നിർമ്മിച്ചിട്ടുള്ളതും ജി.ഒ(ആർ.റ്റി).26/2015/എസ്.പി.ഡി തിയ്യതി 28.05.2015 അനക്സറിൽ വ്യക്തമാക്കിയിട്ടുള്ള നിരക്കിലും അളവിലും) വിതരണം ചെയ്യാവുന്നതാണ്. എന്നാൽ മേൽ ഉത്തരവിൽ വിതരണം ചെയ്ത അലമാരയുടെ വില രേഖപ്പെടുത്തിയിട്ടില്ല. അതായത്, സർക്കാർ ഉത്തരവിൽ പ്രതിപാദിക്കാത്ത ഫർണ്ണീച്ചറാണ് വിതരണം ചെയ്തിട്ടുള്ളത്. മാത്രമല്ല, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളായി സ്റ്റീൽ മേശ, കസേര എന്നിവ വാങ്ങി നൽകുന്നതിന് അനുമതിയുള്ളതാണ്. എന്നാൽ അലമാര വാങ്ങി നൽകുന്നതിന് അനുമതിയില്ല. മാത്രമല്ല, ഇൻവോയിസ് പ്രകാരം 53 അലമാര വിതരണം ചെയ്യുന്നതിനാണ് തുക നൽകിയത്. വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം 48 എണ്ണം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്.

| | |
|---|---|
| പ്രോജക്ട് നം/ പ്രോജക്ടിന്റെ പേര് | S-252/20<br>പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണം |
| അടങ്കൽ/ ഫണ്ട് ഇനം | 5,00,000 ( പട്ടിക വർഗ്ഗ ഉപ പദ്ധതി) |
| ചെലവ് | 4,90,664/- |
| ബിൽ നം/ തിയ്യതി | 02/20-21 /22.05.2020 |

ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിലെ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് കുട, ചെരുപ്പ്,ബാഗ്, ഇൻസ്ട്രുമെന്റ് ബോക്സ് എന്നിവ വാങ്ങി നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. മേൽ സാധനങ്ങൾ വാങ്ങുന്നതിന് സു.ബത്തേരി സിഡ്കോയിൽ നിന്നും ഇൻവോയിസ് വാങ്ങി. ഇതിന്റെ വിവരം ഇപ്രകാരമാണ്.

| ക്രമ നം | ഇൻവോയിസ് നം/ തിയ്യതി | ഇനം | എണ്ണം | നിരക്ക് | ആകെ തുക ( നികുതി അടക്കം) |
|---|---|---|---|---|---|
| 1 | SMCWYND/P1/19-20/142/05.02.2020 | ഫൂട്ട് വെയർ | 331 | 471 | 1,85,522 |
| 2 | SMCWYND/P1/19-20/140/05.02.2020 | കുട | 331 | 274 | 1,02,484 |
| 3 | SMCWYND/P1/19-20/141/05.02.2020 | ബാഗ് | 331 | 410 | 1,61,495 |
| 4 | SMCWYND/P1/19-20/143/05.02.2020 | ഇൻസ്ട്രുമെന്റ് ബോക്സ് | 331 | 110 | 41,148 |
| | ആകെ | | | | 4,90,649 |

വാങ്ങിയ സാധനങ്ങൾ സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ).49/2019/എസ്.പി.ഡി തിയ്യതി

14.11.2019 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള ഫർണ്ണീച്ചറുകൾ (സിഡ്കോ നിർമ്മിച്ചിട്ടുള്ളതും ജി.ഒ(ആർ.റ്റി).26/2015/എസ്.പി.ഡി തിയ്യതി 28.05.2015 അനക്സറിൽ വ്യക്തമാക്കിയിട്ടുള്ള നിരക്കിലും അളവിലും) വിതരണം ചെയ്യാവുന്നതാണ്. എന്നാൽ പദ്ധതിയിൽ പ്രതിപാദിച്ചിട്ടുള്ള മേൽ സാധനങ്ങൾ സിഡ്കോയിൽ വാങ്ങി നൽകുന്നതിന് അനുമതിയില്ല.സ്റ്റോർ പർച്ചേസ് മാന്വലിന്റെ Appendix-XXVIII -ൽ ഉൾക്കൊള്ളിച്ചിട്ടുള്ളതും ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഉൽപാദിപ്പിക്കുന്നതുമായ സാധനങ്ങൾ വാങ്ങി നൽകുന്നതിനാണ് അനുമതി. സിഡ്കോയിൽ നിന്നുമുള്ള വാങ്ങലുകൾ പർച്ചേസിംഗ് കമ്മിറ്റി അംഗീകാരം നൽകിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല.മേൽ അപാകങ്ങൾക്ക് വിശദീകരണം നൽകുന്നതിന് ഓഡിറ്റ് എൻക്വയറി നം.06/20-21/25.07.2022 ന് മറുപടി നൽകിയിട്ടില്ല.

ഇത്തരത്തിൽ സിഡ്കോയിൽ നിന്നും വാങ്ങുന്നതിന് അനുമതിയില്ലാത്ത ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്തതിനാൽ ചെലവഴിച്ച തുക 9,88,917 രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 കരാർ വെക്കുന്നതിലെ താമസം നിയമാനുസൃത പിഴ 1,28,336/- രൂപ ഈടാക്കിയിട്ടില്ല.

1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2009.6 പ്രകാരം ടെണ്ടർ സ്വീകരിച്ച് 7ദിവസത്തിനകം , കരാറുകാരന് ടെണ്ടർ സ്വീകരിച്ചതായുള്ള സെലക്ഷൻ നോട്ടീസ് നൽകണമെന്നും, നോട്ടീസ് കൈപ്പറ്റി 14 ദിവസം വരെ പിഴയില്ലാതെയും തുടർന്ന് 10ദിവസം വരെ കരാർ തുകയുടെ 1 % പിഴയോടുകൂടിയും കരാർ ഒപ്പിടാമെന്നുമാണ് വ്യവസ്ഥ. മാത്രമല്ല,14 ദിവസവും പിഴയോട് കൂടിയ 10 ദിവസവും കഴിഞ്ഞ് കരാർ വെക്കാത്ത പക്ഷം കരാർ റദ്ദാക്കി,നിരതദ്രവ്യം കണ്ട്കെട്ടി ടെണ്ടർ നിബന്ധനകളിലെ മറ്റ് തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്. എന്നാൽ നോട്ടീസ് കൈപ്പറ്റി സമയപരിധി കഴിഞ്ഞ് കരാർ ഒപ്പിട്ട കരാറുകാരിൽ നിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കിയില്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം, പേര് അടങ്കൽ | കരാറുകാരന്റെ പേര്, രേഖപ്പെടുത്തിയ നിരക്ക് | ടെണ്ടർ തിയതി | പിഴയില്ലാതെ കരാർ ഒപ്പിടാവുന്ന തിയ്യതി | കരാർ നം / തിയ്യതി | ഈടാക്കേണ്ടിയിരുന്ന പിഴ | തുക/ ബിൽ നം, തിയ്യതി |
|---|---|---|---|---|---|---|
| S-309/21<br>ചെമ്പനാനിക്കവല-മാടൽ കുടിയാൻമല റോഡ് സൈഡ് കെട്ട്<br>7,50,000<br>( സംരക്ഷണ ഗ്രാന്റ്-റോഡ്) | ശ്രീ. പീറ്റർ. പി.വി<br>7,50,000 | 13.12.2019 | 15.01.2020 | AE/LSGD /67/19-20 /20.01. 2020 | 7,500 | 7,07,272/-<br>61/20-21 /21.08.2020 |
| S-310/21<br>മാടൽ കുടിയാൻമല റോഡ് സൈഡ് പ്രൊട്ടക്ഷൻ, റീ ടാറിംഗ്<br>5,82,000<br>( സംരക്ഷണ ഗ്രാന്റ്-റോഡ്) | ശ്രീ. പീറ്റർ. പി.വി<br>5,81,999 | 13.12.2019 | 15.01.2020 | AE/LSGD /87/19-20 /12.03. 2020 | 5,819 | 5,79,679/-<br>64/20-21 /21.08.2020 |
| S-288/21<br>വെട്ടുകാട്ടിൽ കവല-തേക്കനാംകുന്നേൽ കവല റോഡ് ടാറിംഗ്<br>3,00,000<br>( സംരക്ഷണ ഗ്രാന്റ്-റോഡ്) | ശ്രീ. ജോസഫ് തോമസ്<br>2,95,956 | 13.12.2019 | 15.01.2020 | AE/LSGD /77/19-20 /22.01. 2020 | 2,960 | 2,94,061/-<br>65/20-21 /21.08.2020 |
| S-289/21<br>നടപ്പത്ത് കവല പാടിച്ചിറ-പള്ളിമല റോഡ് ടാറിംഗ്<br>4,00,000<br>( സംരക്ഷണ ഗ്രാന്റ്- | ശ്രീ. പീറ്റർ. പി.വി<br>3,98,056 | 13.12.2019 | 15.01.2020 | AE/LSGD /88/19-20 /12.03. 2020 | 3,981 | 3,98,057/-<br>55/20-21 /21.08. 2020 |

| | | | | | | |
|---|---|---|---|---|---|---|
| റോഡ്) | | | | | | |
| S-292/21<br>മൂലക്കാട്ട് കരിശ്ശുപള്ളി റോഡ് ടാറിംഗ്<br>3,80,000<br>( സംരക്ഷണ ഗ്രാന്റ്-റോഡ്) | ശ്രീ. റെജി. പി.എസ്<br>3,79,660 | 23.10.2019 | 21.11.2019 | AE/LSGD /64/19-20 /17.01. 2020 | 3,796 | 3,79,675/-<br>56/20-21 /21.08. 2020 |
| S-318/21<br>ചേട്ടൻകവല മഞ്ഞാക്കൽ റോഡ് റീ ടാറിംഗ്<br>4,40,000<br>( സംരക്ഷണ ഗ്രാന്റ്-റോഡ്) | ശ്രീ. റെജി. പി.എസ്<br>4,39,999 | 14.10.2019 | 21.11.2019 | AE/LSGD /61/19-20 /17.01. 2020 | 4,399 | 4,33,970/-<br>57/20-21 /21.08.2020 |
| S-290/21<br>താഴെ ചെറ്റപ്പാലം പള്ളിത്തറ ഐശ്വര്യകുന്ന് റോഡ് ടാറിംഗ്<br>7,00,000<br>( സംരക്ഷണ ഗ്രാന്റ്-റോഡ്) | ശ്രീ. വർഗ്ഗീസ്.കെ.കെ<br>6,18,647 | 21.11.2019 | 15.01.2020 | AE/LSGD /82/19-20 /19.02. 2020 | 6,186 | 6,92,886/-<br>58/20-21 /21.08.2020 |
| S-294/21<br>മഠത്തിൽ കവല ഇല്ലിക്കൽ കവല റോഡ് റീ ടാറിംഗ്<br>4,50,000<br>( സംരക്ഷണ ഗ്രാന്റ്-റോഡ്) | ശ്രീ. റെജി. പി.എസ്<br>4,49,258 | 23.10.2019 | 21.11.2019 | AE/LSGD /60/19-20 /17.01. 2020 | 4,492 | 429455/-<br>59/20-21 /21.08.2020 |
| S-293/21<br>അത്തിമറ്റംകവല കടമാൻ തോട് റോഡ് ടാറിംഗ്<br>5,40,000<br>( സംരക്ഷണ ഗ്രാന്റ്-റോഡ്) | ശ്രീ. പീറ്റർ.പി.വി<br>5,39,999 | 13.12.2019 | 15.01.2020 | AE/LSGD /89/19-20 /12.03. 2020 | 5,399 | 5,38,694/-<br>60/20-21 /21.08.2020 |
| S-316-21<br>കൃഷി ഭവൻ കെട്ടിടം പൂർത്തീകരണം<br>17,00,000<br>( സംരക്ഷണ ഗ്രാന്റ്-റോഡ്) | ശ്രീ. ബിനോയ്. വി.യു<br>17,00,000 | 13.12.2019 | 15.01.2020 | AE/LSGD /84/19-20 /19.02. 2020 | 17,000 | 10,26,298<br>64/20-21 /31.12. 2020<br>6,66,338/-<br>101/26.03.2021 |
| S-296/21<br>കൊളവള്ളി അഗ്രോ ക്ലിനിക് കെട്ടിട നിർമ്മാണം<br>10,00,000<br>ജനറൽ, സി.എഫ്.സി | ശ്രീ. കുര്യൻ തോമസ്<br>9,99,844 | 13.12.2019 | 15.01.2020 | AE/LSGD /81/19-20 /22.01. 2020 | 9,998 | 8,63,000<br>65/20-21 /31.12. 2020<br>1,36,939<br>75/20-21 /1201.2020 |
| S-286/21<br>ബിലിവേഴ്സ് ചർച്ച് | ശ്രീ. ജോസഫ് തോമസ് | 13.12.2019 | 15.01.2020 | AE/LSGD /78/19-20 | 4,995 | 4,99,551<br>39/20-21 |

| | | | | | | |
|---|---|---|---|---|---|---|
| ആമക്കാട്ട് കവല റോഡ് ടാറിംഗ് 5,00,000 ( സംരക്ഷണ ഗ്രാന്റ്- റോഡ്) | 4,99,554 | | | /22.01. 2020 | | /21.05. 2020 |
| S-284/21 കിഴക്കേക്കുന്ന് കിരാത പർവ്വ ക്ഷേത്രം റോഡ് ടാറിംഗ് 4,50,000 ( സംരക്ഷണ ഗ്രാന്റ്- റോഡ്) | ശ്രീ. ജോസഫ്.പി.റ്റി 4,50,000 | 13.11.2018 | 20.11.2018 | AE/LSGD /52/18-19 /07.03.2019 | 4,500 | 430637/- 51/20-21 /09.11. 2020 |
| S-195/21 കുന്നത്ത് രാജു ചാഞ്ഞപ്ലാക്കൽ റോഡ് ടാറിംഗ് 1,80,000 ( സംരക്ഷണ ഗ്രാന്റ്- റോഡ്) | ശ്രീ. പീറ്റർ പി.വി 1,75,618 | 17.08.2020 | 20.09.2020 | AE/LSGD /67/20-21 /09.10. 2020 | 1,756 | 175618/- 68/20-21 /12.01. 2020 |
| S-339/21 ഇരിപ്പൂട് പള്ളിമാടൽ അങ്കൺവാടി റോഡ് റീ ടാറിംഗ് 3,50,000 ( സംരക്ഷണ ഗ്രാന്റ്- റോഡ്) | ശ്രീ. ബേസിൽ പോൾ 3,49,080 | 25.08.2020 | 24.09.2020 | AE/LSGD /70/20-21 /14.10. 2020 | 3,490 | 3,46,366 82/20-21 /12.01. 2021 |
| S-09/21 ഗ്രാമശ്രീ കവല അങ്കൺവാടി അറ്റകുറ്റപ്പണി 90,000 ( സംരക്ഷണ ഗ്രാന്റ്- റോഡ്) | ശ്രീ. രജീഷ് കുമാർ.എം.ബി 87,806 | 17.08.2020 | 20.09.2020 | AE/LSGD /56/20-21 /05.10.2020 | 878 | 76,534/- 1/20-21 /29.03. 2021 |
| S-54/21 ശശിമല യു.പി.സ്കൂൾ ടോയ് ലെറ്റ് നിർമ്മാണം 6,00,000 ( സംരക്ഷണ ഗ്രാന്റ്- റോഡ്) | ശ്രീ. രജീഷ് കുമാർ.എം.ബി 5,16,079 | 12.08.2020 | 22.09.2020 | AE/LSGD /55/20-21 /05.10.2020 | 5,160 | 5,78,009/- 02/20-21 /29.03. 2021 |
| S-311/21 ലൂർദ്ദ് നഗർ കിണറിന് സമീപം ഓവ്ചാൽ നിർമ്മാണം 2,50,000 | ശ്രീ. പി.ടി. ജോസഫ് 2,44,725 | 14.10.2019 | 21.11.2019 | AE/LSGD /50/19-20 /30.11.2019 | 2,447 | 1,96,829/- 09/20-21 /29.03. 2021 |
| S-146/21 മണിയത്ത് കവല തെങ്ങടക്കവല സേവ്യംകൊല്ലിക്കുന്ന് റോഡ് റീ ടാറിംഗ് | ശ്രീ. ബിനോയ്. വി.യു 2,69,224 | 25.08.2020 | 22.09.2020 | AE/LSGD /80/20-21 /22.10.2020 | 2692 | 269225/- 90/20-21 /29.01.2020 |

| | | | | | | |
|---|---|---|---|---|---|---|
| 2,70,000 | | | | | | |
| S-199/21<br>ഇന്ദിരാ നഗർ മാപ്പിടിശ്ശേരി എസ്.ടി. കോളനി നടപ്പാത കോൺക്രീറ്റ്<br>4,27,000<br>ടി.എസ്.പി | ശ്രീ. സൈമൺ.ടി<br>4,26,363 | 25.08.2020 | 24.09.2020 | AE/LSGD /57/20-21 /05.10.2020 | 4,263 | 4,26,362/-<br>100/20-21 /21.03.2021 |
| S-175/21<br>തുരുത്തിക്കവല വല്ലാട്ട്തൊട്ടിക്കവല റോഡ് റീ ടാറിംഗ്<br>7,50,000<br>( സംരക്ഷണ ഗ്രാന്റ്-റോഡ്) | ശ്രീ. ആന്റണി ടി.ജെ<br>7,50,000 | 24.08.2020 | 03.10.2020 | AE/LSGD /69/20-21 /14.10.2020 | 7,500 | 7,48,557<br>81/20-21 /12.01.2021 |
| S-177/21<br>മരോട്ടിമൂട്ടിൽ കവല വേങ്ങശ്ശേരി കവല റോഡ് ടാറിംഗ്<br>9,10,000<br>( സംരക്ഷണ ഗ്രാന്റ്-റോഡ്) | ശ്രീ. റെജി. പി.എസ്<br>9,03,504 | 24.08.2020 | 03.10.2020 | AE/LSGD /77/20-21 /20.10.2020 | 9035 | 9,07,394<br>(2021-22) |
| S-167/19<br>കാരക്കാട്ട് കവല ഗാന്ധി റോഡ് കോൺക്രീറ്റ്<br>2,85,000<br>(ടി.എസ്.പി) | ശ്രീ. ജോസഫ്.പി.റ്റി<br>2,84,999 | 14.10.2019 | 21.11.2019 | AE/LSGD /52/19-20 /30.11.2019 | 2,849 | 1,99,667/-<br>37/20-21 /18.05. 2020<br>85,000/-<br>22/20-21 /20.04. 2020 |
| S-94/20<br>കുളക്കാട്ടിൽക്കവല കണ്ടത്തിൻകര റോഡ് ടാറിംഗ്<br>5,60,000<br>( സംരക്ഷണ ഗ്രാന്റ്-റോഡ്) | ശ്രീ. പീറ്റർ. പി.വി<br>5,60,000 | 13.12.2019 | 15.01.2020 | AE/LSGD /66/19-20 /20.012020 | 5,600 | 3,60,000/-<br>12/20-21 /20.04.2020<br>198438/-<br>33/20-21 /18.05.2020 |
| S-335/21<br>തേവർക്കാട്ട്കവല കണ്ടുവാടി റോഡ് ടാറിംഗ്<br>1,71,000<br>( സംരക്ഷണ ഗ്രാന്റ്-റോഡ്) | ശ്രീ. പീറ്റർ. പി.വി<br>1,70,123 | 25.08.2020 | 22.09.2020 | AE/LSGD /66/19-20 /09.10.2020 | 1,701 | 170123/-<br>(2021-22) |
| ആകെ | | | | | 1,28,396 | |

കരാറുകാരിൽ നിന്നും നിയമാനുസൃതമുള്ള പിഴയീടാക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.8/20-21/25.07.2022 ) മറുപടി നൽകിയിട്ടില്ല. കരാറുകാരിൽ നിന്നും കരാർ വെക്കുന്നതിൽ കാലതാമസം നേരിട്ടതിനുള്ള പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-22 ടാറിംഗ്/റീ ടാറിംഗ് പ്രവൃത്തി ഫയലുകളിൽ ബിറ്റുമെൻ വാങ്ങിയതിന്റെ അസ്സൽ ബില്ലുകൾ ഹാജരാക്കിയിട്ടില്ല.

സർക്കുലർ നം.ഇ12/11316/2020/സി.ഇ/എൽ.ഐ.ഡി ആന്റ് ഇ.ഡബ്ല്യു തിയ്യതി 02.12.2020 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ടാറിംഗ് പ്രവൃത്തിഏറ്റെടുക്കുന്ന കരാറുകാർ ടാറിന്റെ ഒറിജിനൽ ബിൽ ഹാജരാക്കേണ്ടതാണ്. വിവിധ ടാറിംഗ്/റീ ടാറിംഗ് പ്രവൃത്തി ഫയലുകളിൽ ടാർ വാങ്ങിയതിന്റെ ബില്ലുകൾ സമർപ്പിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര്, അടങ്കൽ തുക | കരാറുകാരന്റെ പേര്, രേഖപ്പെടുത്തിയ നിരക്ക് | എം.ബുക്ക് നം, എഗ്രിമെന്റ് നം | ബിറ്റുമെൻ ആവശ്യകത | ബിൽ നം/ തിയ്യതി | തുക |
|---|---|---|---|---|---|
| S-124/21<br>ബ്ലായിക്കവല കല്ലീർക്കാട്ട് കവല ടാറിംഗ്<br>6,30,000 | ശ്രീ. കുര്യൻ തോമസ്<br>6,29,816 | 01/20-21<br>AE/LSGD /90/20-21 /05.11.2020 | 1394 Kg | 69/20-21 /12.01.2020 | 6,06,514 |
| S-137/21<br>പി.എച്ച്.സി ലൂർദ്ദ് നഗർ കണിവേലിക്കവല റോഡ് റീ ടാറിംഗ്<br>6,00,000 | ശ്രീ. സെബാസ്റ്റ്യൻ. പി.സി<br>6,00,000 | 41/20-21<br>AE/LSGD /95/20-21 /01.01.2021 | 4266 Kg | | 5,98,513 |

അസ്സൽ ടാർ ബില്ലുകൾ ഹാജരാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-23 എസ്റ്റിമേറ്റ് പി.എ.സി യിൽ അധികം തുക നൽകി- 13,423രൂപ തിരികെ ഈടാക്കിയില്ല

മെറ്റീരിയൽസ് കളക്ഷൻ ഫെസിലിറ്റി സെന്റർ നിർമ്മാണം പ്രവൃത്തിയുടെ ബിൽ തുക കരാറുകാരന് അനുവദിച്ചപ്പോൾ PACയിൽ ലിമിറ്റ് ചെയ്യാത്തതിനാൽ അധികം തുക നൽകി. ഇതിന്റെ

വിശദാംശം താഴെ കൊടുക്കുന്നു.

മുണ്ടനടപ്പ് റോഡ് സൈഡ്കെട്ടി സംരക്ഷണം

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.315/21 |
| നിർവ്വഹണം | അസി.എഞ്ചിനീയർ |
| അടങ്കൽ & ഫണ്ട് | ₹13,00,000/- (കേന്ദ്രാവിഷ്കൃത പദ്ധതി) |
| ചെലവ് | ₹ 12,89,826<br>(803159/01.06.2020- 6,46,102)<br>(115686/09.06.2020- 6,43,724) |
| കരാർ നമ്പർ & തീയതി | AE/LSGD/54/19-20/03.12.2019 |
| കരാറുകാരൻ | ശ്രീ. ആന്റണി.ടി.ജെ |
| അളവ് പുസ്തക നമ്പർ | 86/19-20<br>248/20-21 |

ഈ പ്രവൃത്തിയിൽ കരാറുകാരൻ ക്വാട്ട് ചെയ്തിരിക്കുന്നത് BOQ നിരക്കായ 12,76,403 രൂപയാണ്. ആകെ ചെയ്ത പ്രവൃത്തിമൂല്യം 6,46,102( പാർട് ബിൽ), 643724 ( ഫൈനൽ ബിൽ) രൂപയും സഹിതം 12,89,826 രൂപ. ഇതിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്തി 12,45,198 ( 5,65,339+6,79,859) രൂപ കരാറുകാരന് നൽകി. എന്നാൽ ആകെ പ്രവർത്തിമൂല്യം PAC യിൽ ലിമിറ്റ് ചെയ്യാത്തതിനാൽ 13,423രൂപ അധികം കരാറുകാരന് നൽകി. അധികം നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-24 കിടാരി വിതരണം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

ഓഡിറ്റ് വർഷത്തിൽ വെറ്ററിനറി സർജന്റെ പ്രോജക്ട് പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

പ്രോജക്ട് നമ്പർ-328/20-21

പ്രോജക്ട്-സുഭിക്ഷ കേരളം പദ്ധതി-വ്യക്തികൾക്ക് കിടാരി വിതരണം

അടങ്കൽ-225000/-

ചെലവ്-195000/- ബിൽ നമ്പർ 8/22-3-21

ഫണ്ട് -പൊതുവിഭാഗം

നിർവ്വഹണ ഉദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

ഓഡിറ്റ് വർഷത്തിൽ 13 കിടാരികളെ വാങ്ങുവാനായി 13 ഗുണഭോക്താക്കൾക്ക് 15000 രൂപ നിരക്കിൽ 195000/- രൂപ നല്കിയിട്ടുണ്ട്.ഗുണഭോക്താക്കളുടെ വിവരങ്ങൾ അടങ്ങിയ ഫയൽ പരിശോധനയിൽ തുക ഉരുക്കളെ വിറ്റ വ്യക്തിക്ക് കൈമാറാതെ ഗുണഭോക്താവിന് തന്നെ നല്കി.ഖണ്ഡിക 3-2 കാണുക

## 1-25 പട്ടികവർഗ്ഗക്കാർക്ക് പെണ്ണാട് വിതരണം-നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നമ്പർ-239/20-21(സ്പിൽ ഓവർ)

അടങ്കൽ-178660/-

ചെലവ്-169100/-ബിൽ നമ്പർ 1/21-4-2020=80100/-

ബിൽ നമ്പർ 2/21-4-2020=89000/-

\----------

169100/-

ഫയൽ പരിശോധനയിൽ 19 ഗുണഭോക്താക്കൾക്ക് 8900 രൂപ വീതമാണ് തുക നല്കിയത്.എന്നാൽ ഗുണഭോക്താക്കൾ ആരും തന്നെ കരാർ പത്രിക പൂരിപ്പിച്ചിട്ടില്ല.അപാകത സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി 10/26-7-2022 ക്ക് മറുപടി ലഭ്യമാക്കിയില്ല.തുക തടസ്സം ചെയ്യുന്നു.

## 1-26 തുക നല്കിയിട്ടും ഫോട്ടോകോപ്പിയർ മെഷീൻ ലഭിച്ചില്ല

പ്രോജക്ട് -വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് ഫോട്ടോ കോപ്പിയർ വാങ്ങൽ

പ്രോജക്ട് നമ്പർ-238/20-21

അടങ്കൽ-100000/-

ചെലവ്- 59405/-ബിൽ നമ്പർ 2/21.04.2020

ഫണ്ട്-മെയിന്റനൻസ് ഫണ്ട് റോഡിതരം

നിർവ്വഹണ ഉദ്യോഗസ്ഥൻ -വെറ്ററിനറി സർജൻ

ഓഡിറ്റ് വർഷത്തിൽ വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് ഫോട്ടോകോപ്പിയർ വാങ്ങുന്നതിനായി കെൽട്രോണിന് 59405 രൂപ 799011400003959 എന്ന അക്കൗണ്ട് നമ്പരിലേക്ക് നല്കിയെങ്കിലും നാളിതുവരെ മെഷീൻ ലഭ്യമാക്കിയില്ല.വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നില്ല.

അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 10/26-7-2022 ക്ക് മറുപടി ലഭ്യമാക്കിയില്ല.തുക തടസ്സം ചെയ്യുന്നു.

## 1-27 വിവിധ ഏജൻസികൾക്ക് തുക നല്കിയത്-പൂർത്തീകരണപത്രവും,വിനിയോഗവിവരവും ലഭ്യമാക്കിയില്ല

ഓഡിറ്റ് വർഷത്തിൽ സെക്രട്ടറിയുടെ പ്രോജക്ട് പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

| പ്രോജക്ട് വിവരങ്ങൾ | പിൻവലിച്ച തുക | ബിൽ നമ്പർ /തിയ്യതി | അപാകത |
|---|---|---|---|
| പ്രോജക്ട് നമ്പർ-<br>പ്രോജക്ട്-<br>എസ്.എസ്.എക്ക് തുക നല്കിയത്<br>അടങ്കൽ-400000/-<br>ചെലവ്- 400000/-<br>ഫണ്ട്- | 400000/- | ബിൽ നമ്പർ 12/20-21 /30-7-20 | ജില്ലാ പ്രോജക്ട് കോർഡിനേറ്റർ 24-6-2021ൽ ലഭ്യമാക്കിയ നം.എഫ്/493/2019/SSK നമ്പർ ധനവിനിയോഗസാക്ഷ്യപത്രത്തിൽ ലഭ്യമാക്കിയ 15 ഇനങ്ങളിലായി ചെലവഴിക്കപ്പെട്ട തുകയുടെ വിശദമായ ചെലവുവിവരങ്ങൾ ലഭ്യമല്ല.മോണിട്ടറിങ്ങ് സമിതിയുടെ റിപ്പോർട്ടില്ല. |

| | | | |
|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി | | | |
| പ്രോജക്റ്റ് നമ്പർ- പ്രോജക്റ്റ്- സാമൂഹ്യസുരക്ഷാ മിഷന് ധനസഹായം അടങ്കൽ-300000/- ചെലവ്- 300000/- ഫണ്ട്-പൊതുവിഭാഗം നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി | 300000/- | 4/20-21 /27-4-20 | അസ്സൽ രശീതി ലഭ്യമാക്കിയില്ല. |
| പ്രോജക്റ്റ് നമ്പർ-352/21 പ്രോജക്റ്റ്-സമഗ്ര വരൾച്ചനിവാരണ പദ്ധതി-മണ്ണുസംരക്ഷണവകുപ്പിന് വിഹിതം നല്കൽ അടങ്കൽ-250000/- ചെലവ്- 250000/- ഫണ്ട്-പൊതുവിഭാഗം നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി | 250000/- | 25/20-21 /17-9-20 | ലഭ്യമാക്കിയ വിനിയോഗസാക്ഷ്യപത്രത്തിൽ ലഭിച്ച തുക മുഴുവനായും,തീറ്റപ്പുൽകൃഷി,കിണർറീചാർജ്ജിങ്ങ് യൂണിറ്റുകൾ സ്ഥാപിക്കൽ എന്നിവക്കായി വിനിയോഗിച്ചിട്ടുണ്ടെന്ന സാക്ഷ്യപ്പെടുത്തൽ പഞ്ചായത്തിലെ ഏതൊക്കെ വാർഡുകളിലാണ് സ്ഥാപിച്ചതെന്ന വിവരങ്ങളുടെ അഭാവത്തിൽ അംഗീകരിക്കുന്നില്ല.വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രമില്ല. |
| ആകെ | 950000/- | | |

അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 12/26-7-2022 ക്ക് മറുപടി ലഭ്യമാക്കിയില്ല.അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.

## 1-28 ജൽജീവൻ മിഷന് തുക നല്കിയത്-നിലവിലെ അവസ്ഥ ലഭ്യമല്ല

പ്രോജക്റ്റ് നമ്പർ-352/21

നിർവ്വഹണം- സെക്രട്ടറി

പ്രോജക്റ്റ്-ജൽജീവൻ മിഷൻ വിഹിതം വാട്ടർ അതോറിറ്റിക്ക് നല്കിയത്

അടങ്കൽ-1922572/-

ചെലവ്-799572/-ജനറൽ ബിൽ നമ്പർ 43/3-1-21

200000/-ധനകാര്യകമ്മീഷൻ അവാർഡ്ബിൽ നമ്പർ 58/16-3-21

----------

999572

പ്രോജക്ട് നമ്പർ-353/21

പ്രോജക്ട്-ജൽജീവൻ മിഷൻ വിഹിതം വാട്ടർ അതോറിറ്റിക്ക് നല്കിയത്

അടങ്കൽ-215000/-

ചെലവ്-215000/-ടി എസ് പി ബിൽ നമ്പർ 44/30-1-21

ഫയൽ പരിശോധനയിൽ മേൽ രണ്ടു പദ്ധതികൾക്കായി 650 വീതം 1300 കുടിവെള്ള കണക്ഷനുകൾ നല്കുന്നതിനുള്ള പ്രവർത്തികളുടെ ടെണ്ടർ പൂർത്തിയായിട്ടുണ്ടെന്നും പ്രസ്തുതപദ്ധതിക്ക് കുടിവെള്ളകണക്ഷൻ ഒന്നിന് 1370/- രൂപയും ഗുണഭോക്തൃവിഹിതമായി 2054 രൂപ പഞ്ചായത്ത് വിഹിതമായി നല്കണമെന്ന് വാട്ടർ അതോറിറ്റി 29-9-2020 നം 6-10-2020 നം പഞ്ചായത്തിനയച്ച D1-JJM/SB4/524/2020 ാം നമ്പർ കത്തിന്റെ അടിസ്ഥാനത്തിലാണ് മേൽ തുക പഞ്ചായത്ത് കൈമാറിയത്.നിലവിൽ 333 വാട്ടർടാപ്പിന് 145688/-രൂപ അടവാക്കുന്നുണ്ട്.ആയതിന്റെ സംയുക്തപരിശോധന വാട്ടർഅതോറിറ്റിയുമായി ചേർന്ന് നടത്തിയിട്ടില്ല.പദ്ധതിയുടെ നിലവിലെ അവസ്ഥ എന്തെന്ന് ഫയലിൽ ലഭ്യമല്ല.പദ്ധതിയുടെ നിലവിലെ സ്ഥിതി ലഭ്യമാക്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 12/26-7-2022 ക്ക് മറുപടി ലഭ്യമാക്കിയില്ല.അപാകതയുടെ അടിസ്ഥാനത്തിൽ 1214572 രൂപ തടസ്സം ചെയ്യുന്നു.

## 1-29 ആന്വൽ മെയിന്റനൻസ് കോൺട്രാക്ട്- കരാർ വ്യവസ്ഥകൾ പാലിക്കുന്നില്ല

പ്രോജക്ട് നമ്പർ 34/21

പ്രോജക്ട് -കംപ്യൂട്ടറുകൾക്ക് ആന്വൽമെയിന്റനൻസ് കോൺട്രാക്ട്

അടങ്കൽ-120000/-

ചെലവ്- 6500/-ബിൽ നമ്പർ 55/26.02/2021

ചെലവ്-112395/- ബിൽ നമ്പർ 32/29-10-20

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

ഓഡിറ്റ് വർഷത്തിൽ പഞ്ചായത്തിലുള്ള കംപ്യൂട്ടറുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്ക് മേൽ ബില്ലുകൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.ആയത് യഥാക്രമം എൻകോർ മാർക്കറ്റിങ്ങിനും,കെൽട്രോണിനുമാണ് നല്കിയത്.(എഗ്രിമെന്റ് നമ്പർ 2/2021തി 15-8-20,എഗ്രിമെന്റ് നം 6/20-21 തി 27-10-20)കരാർ പരിശോധനയിൽ ഖണ്ഡിക 2.2 പ്രകാരം Comprehensive Maintanance Includes Preventive Maintanance,quarterly Regular Service Of Computers And Peripherals എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ എ.എം.സി. രജിസ്റ്ററിന്റെ പരിശോധനയിൽ Preventive Maintanance,quarterly Regular Service നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.അപാകത സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി 12/26-7-2022 ക്ക് മറുപടി ലഭ്യമാക്കിയില്ല.അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.

## 1-30 ഘടകസ്ഥാപനങ്ങൾക്ക് വാട്ടർപ്യൂരിഫയർ വാങ്ങിയത് സ്റ്റോക്കിലെടുത്തില്ല

പ്രോജക്ട് നമ്പർ-262/21

അടങ്കൽ-100000/-

ചെലവ്-94496/- ബിൽ നമ്പർ 42/30.1.2020

ഫണ്ട് -റോഡിതരം

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

പഞ്ചായത്തിന്റെ അധീനതയിലുള്ള ജി.എൽ.പി.എസ്.കൊളവള്ളി,ഗവ.വെറ്ററിനറി ഡിസ്പെൻസറി പാടിച്ചിറ,ജി.എൽ.പി.സ്കൂൾ,എ.ഇ.ഓഫീസ്,പിഎച്ച്.സി മുള്ളൻകൊല്ലി,ജി.എൽ.പി.എസ്.മരക്കടവ്,ജി.യു.പി.സ്കൂൾ എന്നീ ഘടകസ്ഥാപനങ്ങളിലേക്ക് 7 അക്വാപ്രസ്റ്റീജ് 17 ലിറ്റർ വാട്ടർ പ്യൂരിഫയറുകൾ എ.വൺ സൊല്യൂഷൻസ് എന്ന സ്ഥാപനം മുഖാന്തിരം നല്കിയതിന് 94496 രൂപ റോഡിതരം ഫണ്ടിൽ നിന്ന് ചെലവഴിച്ചു.എന്നാൽ പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 12/26-7-2022 ക്ക് മറുപടി ലഭ്യമാക്കിയില്ല.അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.

## 1-31 സംയുക്ത പരിശോധന നടത്താതെ കുടിവെള്ളടാപ്പുകൾക്കുള്ള ചാർജ്ജ് നല്കുന്നു

ഓഡിറ്റ് വർഷത്തിൽ കുടിവെള്ളടാപ്പുകൾക്കുള്ള ചാർജ്ജ് തനത് ഫണ്ടിൽ നിന്നും സെക്രട്ടറി താഴെപ്പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ/തിയ്യതി | നല്കിയ തുക |
|---|---|

| | |
|---|---|
| 2200061/30-4-20 | 145688/- |
| 22000158/25-5-20 | 145688/- |
| 22000224/18-6-20 | 145688/- |
| ബിൽ നമ്പർ 16/30-7-20 | 145688/- |
| ബിൽ നമ്പർ 20/18-8-20 | 145688/- |
| ബിൽ നമ്പർ 27/28-9-20 | 145688/- |
| ബിൽ നമ്പർ 31/28-10-20 | 145688/- |
| ബിൽ നമ്പർ 35/11-11-20 | 145688/- |
| ബിൽ നമ്പർ 37/29-12-20 | 145688/- |
| ബിൽ നമ്പർ 40/13-1-21 | 145688/- |
| ബിൽ നമ്പർ 54/26-2-21 | 145688/- |
| ബിൽ നമ്പർ 54/30-3-21 | 145688/- |
| ആകെ | 1748256/- |

ഫയൽ പരിശോധനയിൽ പഞ്ചായത്തിൽ ആകെ 333 കുടിവെള്ളടാപ്പുകളാണ് ഉള്ളത്.5250 രൂപയാണ് ഒരു ടാപ്പിന് ഈടാക്കുന്നത് .എന്നാൽ മേൽ ടാപ്പുകൾ പഞ്ചായത്തിന്റെ ഏതേത് ഭാഗങ്ങളിലാണ് സ്ഥാപിച്ചിരിക്കുന്നതെന്ന വിവരങ്ങൾ ലഭ്യമല്ല.പഞ്ചായത്തും വാട്ടർഅതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കേടായ ടാപ്പുകൾ കണ്ടെത്തി അവയ്ക്ക് ആനുപാതികമായ കുറവ് ചാർജ്ജിൽ വരുത്തുവാനുള്ള നടപടി സ്വീകരിച്ചില്ല.അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 12/26-7-2022 ക്ക് മറുപടി ലഭ്യമാക്കിയില്ല.അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.

## 1-32 സ്വയംതൊഴിലിന് ഓട്ടോ നല്കിയത്-മാർഗ്ഗരേഖപ്രകാരമുള്ള കരാർ ഉൾപ്പെടുത്തിയില്ല

പ്രോജക്ട് -പട്ടികജാതി യുവാക്കൾക്ക് സ്വയംതൊഴിലിന് ഓട്ടോറിക്ഷ

പ്രോജക്ട് നമ്പർ- 218/20-21

അടങ്കൽ-120000/-

ചെലവ് 60000/- ബിൽ നമ്പർ 8/15-4-2020

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് പരിശോധനയിൽ ശ്രീ.സുനിൽ എന്ന ഗുണഭോക്താവിന് സ്വയംതൊഴിൽ സംരംഭത്തിന്റെ ഭാഗമായി ഓട്ടോറിക്ഷ അനുവദിക്കുന്നതിനാണ് ബാക്ക്എന്റ് സബ്സിഡിയായി 60000രൂപ സബ്സിഡിയായി അനുവദിച്ചത്.സ.ഉ.(കൈ)നം.22/2018/തസ്വഭവ തിയ്യതി 14-2-2018പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താവ് എംപ്ളോയ് മെന്റ് എക്സ്ചേഞ്ചിലോ,സ്വയംസംരംഭകത്വമിഷനിലോ രജിസ്റ്റർ ചെയ്ത ആളായാരിക്കണം .എന്നാൽ ശ്രീ.സുനിൽ ഈ രീതിയിൽ രജിസ്ട്രേഷൻ നടത്തിയ രേഖകൾ ഫയലില്ല. സബ്സിഡി മാർഗ്ഗരേഖയിൽ 5 വർഷത്തിനുള്ളിൽ വാഹനം വില്ക്കുകയോ ഉപയോഗിക്കാനായി മറ്റാർക്കെങ്കിലും കൈമാറുകയോ ചെയ്താൽ ലഭിച്ച സബ്സിഡി തുക പലിശ സഹിതം തിരിച്ചടക്കണം എന്ന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയില്ല.അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 10/26-7-2022 ക്ക് മറുപടി ലഭ്യമാക്കിയില്ല.അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.

## 1-33 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ-പൂർത്തീകരണപത്രവും,വിനിയോഗവിവരവും ലഭ്യമാക്കിയില്ല

| പ്രോജക്ട് വിവരങ്ങൾ | പിൻവലിച്ച തുക | ബിൽ നമ്പർ /തിയ്യതി | അപാകത |
|---|---|---|---|
| പ്രോജക്ട് നമ്പർ-219/20-21<br>പ്രോജക്ട്-മാടപ്പള്ളിക്കുന്ന് എസ്.ടി.കോളനി പൈപ്പ് ലൈൻ നീട്ടൽ<br>അടങ്കൽ-<br>ചെലവ്- 155000/- ബിൽ നമ്പർ 1/20-21 /15-4-20<br>നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് | 155000/- | 1/20-21/15-4-20 | പൂർത്തീകരണപത്രവും വിനിയോഗവിവരവും ലഭ്യമാക്കിയില്ല |

| | | | |
|---|---|---|---|
| സെക്രട്ടറി | | | |
| പ്രോജക്റ്റ് നമ്പർ-220/20-21<br>പ്രോജക്റ്റ്-മാടപ്പള്ളിക്കുന്ന് എസ്.ടി.കോളനി പൈപ്പ് ലൈൻ നീട്ടൽ<br>അടങ്കൽ-<br>ചെലവ്- 155000/- ബിൽ നമ്പർ 1/20-21 /15-4-20<br>നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി | 150000/- | 2/20-21 /15-4-20 | പൂർത്തീകരണപത്രവും വിനിയോഗവിവരവും ലഭ്യമാക്കിയില്ല |
| | 305000/- | | |

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 10/26-7-2022 ക്ക് മറുപടി ലഭ്യമാക്കിയില്ല.അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.

## 1-34 വിവാഹധനസഹായം-കാലാവധി കഴിഞ്ഞ അപേക്ഷ കളക്ടർക്കയക്കാതെ ധനസഹായം നല്കി

പ്രോജക്റ്റ് നമ്പർ-221/20-21
നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്റ്റ് -പട്ടികവർഗ്ഗപെൺകുട്ടികൾക്കുള്ള വിവാഹധനസഹായം

അടങ്കൽ-1400000/-

ചെലവ്-1100000/-

പിൻവലിച്ച തുക-300000/-ബിൽ നമ്പർ 25/6-2-2011

ചെലവഴിച്ച തുക-100000/ ബിൽ നമ്പർ 25/6-2-2011

സ.ഉ.(സാധാ)നം.2438/2018/തസ്വഭവ തിയ്യതി 17-9-2018,സ.ഉ.(സാധാ)നം.2960/2018/തസ്വഭവ തിയ്യതി 21-11-2018 എന്നീ ഉത്തരവുകൾ പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുഖേന നല്കുന്ന വിവാഹധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലപരിധി 90 ദിവസം എന്നുള്ളത് 6 മാസമായി വർദ്ധിപ്പിച്ചു.കാലപരിധിക്കകം അപേക്ഷിക്കാത്ത കേസുകൾ പ്രത്യേകം പരിശോധിച്ച് അനുമതി നല്കുവാൻ ജില്ലാകളക്ടറെ ചുമതലപ്പെടുത്തി.ഫയൽ പരിശോധനയിൽ ശ്രീമതി സിന്ധുരവീന്ദ്രൻ,ചാത്തംകോട്ടുമല കോളനി എന്നിവരുടെ മകളുടെ വിവാഹം നടന്നത് 16-5-2020 നം അപേക്ഷ സമർപ്പിച്ചത് മേൽ ഉത്തരവിൽ നിഷ്കർഷിച്ച കാലപരിധിയായ 15-11-2020 ന് പകരം 2-12-2020 നാണ് അപേക്ഷ സമർപ്പിച്ചത്.ആയതിന് കളക്ടറുടെ തീരുമാനം ലഭ്യമായിട്ടില്ല.

സർക്കാർ ഉത്തരവിന് വിരുദ്ധമായി വിവാഹധനസഹായം അനുവദിച്ചതിന് മറുപടി ലഭ്യമാക്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 10/26-7-2022 ക്ക് മറുപടി ലഭ്യമാക്കിയില്ല.അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.

## 1-35 അപേക്ഷയില്ലാതെ വിവാഹധനസഹായം അനുവദിച്ചു

പ്രോജക്റ്റ് നമ്പർ-67/20-21
നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്റ്റ് -പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹധനസഹായം

അടങ്കൽ-300000/-

ചെലവ്-225000/-

പിൻവലിച്ച തുക-150000/-ബിൽ നമ്പർ 24/6-2-2011

ചെലവഴിച്ച തുക-75000/ ബിൽ നമ്പർ 24/6-2-2011

ഫയൽ പരിശോധനയിൽ ശ്രീമതി ഓമനയിൽ നിന്ന് അപേക്ഷ സ്വീകരിക്കാതെ വിവാഹധനസഹായം അനുവദിച്ചു.ആയതിനാൽ സ.ഉ.(സാധാ)നം.2438/2018/തസ്വഭവ തിയ്യതി 17-9-2018,സ.ഉ.(സാധാ)നം.2960/2018/തസ്വഭവ തിയ്യതി 21-11-2018 എന്നീ ഉത്തരവുകൾ പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുഖേന നല്കുന്ന വിവാഹധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലപരിധി 90 ദിവസം എന്നുള്ളത് 6 മാസമായി വർദ്ധിപ്പിച്ചതിന്റെ പരിധിക്കുള്ളിലാണോ അപേക്ഷ സമർപ്പിച്ചത് എന്ന് പരിശോധിക്കുവാൻ കഴിഞ്ഞില്ല.

അപേക്ഷ സമർപ്പിക്കാതെ വിവാഹധനസഹായം അനുവദിച്ചതിന് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 10/26-7-2022 ക്ക് മറുപടി ലഭ്യമാക്കിയില്ല.അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.

## 1-36 തനത് ഫണ്ട് പരിശോധന-വിവിധ ഡിപ്പാർട്ടുമെന്റുകൾക്ക് തുക നല്കിയതിലെ അപാകതകൾ

| ബിൽ നമ്പർ /തിയ്യതി | തുക | കൈപ്പറ്റിയ വകുപ്പ്/വിവരങ്ങൾ | അപാകത |
|---|---|---|---|
| 2200072/22-10-2020 | 30000/- | പെർഫോർമൻസ് ഓഡിറ്റിന് വിഹിതം | അസ്സൽ രശീതി ലഭ്യമാക്കിയില്ല. |
| 22000195/17-12-20 | 20000/- | കൃഷിഭവൻ ഓഫീസിന്റെ പ്രവർത്തനത്തിനാവശ്യമായ സാമഗ്രികൾ വാങ്ങുന്നതിന് തുക ചെലവഴിച്ചത് | സാധനസാമഗ്രികൾ ഏതൊക്കെയെന്നുള്ള വിവരങ്ങൾ ലഭ്യമല്ല. |
| 22000145/20-5-20 | 31628/- | അങ്കണവാടി കെട്ടിടങ്ങൾ വൈദ്യുതീകരിക്കുന്നതിന് | വിനിയോഗവിവരവും പൂർത്തീകരണ റിപ്പോർട്ടും ലഭ്യമല്ല. |
| 22000151/13-11-2020 | 15000/- | സ്റ്റേഡിയം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് വേണ്ടി രാജേഷ് അസ്സോസിയേറ്റ്സിന് നല്കി | ക്വട്ടേഷൻ നടപടി സ്വീകരിച്ചില്ല |
| ആകെ | 96628 | | |

മേൽ അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 11/26-7-2022ക്ക് മറുപടി ലഭ്യമാക്കിയില്ല.അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.

## 1-37 മുറിച്ചിട്ട ഈട്ടിമരം ലേലം ചെയ്തില്ല-പഞ്ചായത്തിന് വരുമാന നഷ്ടം

പാടിച്ചിറ ടൗണിൽ മൂന്നാം വാർഡിൽ ഈട്ടിച്ചുവട്ടിൽ ഉള്ള കെട്ടിടത്തിന്റെ സൈഡിലുള്ള ഈട്ടി മരത്തിന്റെ അപകടാവസ്ഥയിലുള്ള ശിഖരം മുറിച്ചുമാറ്റുവാൻ ശ്രീ.ബിജു എന്ന വ്യക്തിക്ക് 7000/- വൗച്ചർ നമ്പർ 22000304/7-7-2020 പ്രകാരം നല്കിയിട്ടുണ്ട്.(ഉത്തരവ് നമ്പർ എസ്.സി.2-4462/2017 തി 3-7-2020).ഉത്തരവിൽ മരം മുറിച്ച് ശിഖരങ്ങളാക്കി ശ്രീ.ജോയി എന്ന വ്യക്തിയുടെ പുരയിടത്തിൽ ബന്തവസ്സിൽ സൂക്ഷിക്കാനും ലേലനടപടികൾ പൂർത്തീകരിക്കുന്നതു വരെ കച്ചീട്ടിൽ ഏല്പിച്ചെങ്കിലും ഓഡിറ്റ് തിയ്യതി വരെ ലേലം ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കാത്തതിനാൽ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം നഷ്ടമായി.ദുരന്തനിവാരണസമിതിയുടെ 20-5-2020ലെ DCWYD/3589/2020-DM3 സർക്കുലർ പ്രകാരം വീട്,വിദ്യാലയങ്ങൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഭീഷണിയായി നില്ക്കുന്ന സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ളതും ,പി.ഡബ്ല്യ.ഡി(ദേശീയപാത),തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ,വനംവകുപ്പ് എന്നിവയുടെ അധീനതയിലുള്ളതുമായ മരങ്ങൾ വില്ലേജ് ഓഫീസർ,ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ എന്നിവർ ചേർന്ന് പരിശോധിച്ച് ഭീഷണിയായി കണ്ടെത്തുന്ന പക്ഷം അതത് വകുപ്പുകളെ അറിയിക്കേണ്ടതും അതത് വകുപ്പുകൾ വനംവകുപ്പുമായി ചേർന്ന് ആവശ്യമായ നിയമനടപടികൾ സ്വീകരിച്ച് ഉടൻ തന്നെ മുറിച്ചുമാറ്റി കാലവർഷത്തിൽ ഇവ കടപുഴകി വീണ് അപകടങ്ങൾ ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു.എന്നാൽ ഇത്തരത്തിൽ ഈ രീതിയിൽ അപകടങ്ങൾ ഒഴിവാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 14/26-7-2022 ന് മറുപടി ലഭ്യമാക്കിയില്ല.അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 എസ്റ്റിമേറ്റ് പി.എ.സി യിൽ അധികം തുക നൽകി- 13,423രൂപ തിരികെ ഈടാക്കിയില്ല

മെറ്റീരിയൽസ് കളക്ഷൻ ഫെസിലിറ്റി സെന്റർ നിർമ്മാണം പ്രവൃത്തിയുടെ ബിൽ തുക കരാറുകാരന് അനുവദിച്ചപ്പോൾ PACയിൽ ലിമിറ്റ് ചെയ്യാത്തതിനാൽ അധികം തുക നൽകി. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

മുണ്ടനടപ്പ് റോഡ് സൈഡ്കെട്ടി സംരക്ഷണം

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.315/21 |

| | |
|---|---|
| നിർവ്വഹണം | അസി.എഞ്ചിനീയർ |
| അടങ്കൽ & ഫണ്ട് | ₹13,00,000/- (കേന്ദ്രാവിഷ്കൃത പദ്ധതി) |
| ചെലവ് | ₹ 12,89,826<br>(803159/01.06.2020- 6,46,102)<br>(115686/09.06.2020- 6,43,724) |
| കരാർ നമ്പർ & തീയതി | AE/LSGD/54/19-20/03.12.2019 |
| കരാറുകാരൻ | ശ്രീ. ആന്റണി.ടി.ജെ |
| അളവ് പുസ്തക നമ്പർ | 86/19-20<br>248/20-21 |

ഈ പ്രവൃത്തിയിൽ കരാറുകാരൻ ക്വാട്ട് ചെയ്തിരിക്കുന്നത് BOQ നിരക്കായ 12,76,403 രൂപയാണ്. ആകെ ചെയ്ത പ്രവൃത്തിമൂല്യം 6,46,102( പാർട് ബിൽ), 643724 ( ഫൈനൽ ബിൽ) രൂപയും സഹിതം 12,89,826 രൂപ. ഇതിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്തി 12,45,198 ( 5,65,339+6,79,859) രൂപ കരാറുകാരന് നൽകി. എന്നാൽ ആകെ പ്രവർത്തിമൂല്യം PAC യിൽ ലിമിറ്റ് ചെയ്യാത്തതിനാൽ 13,423രൂപ അധികം കരാറുകാരന് നൽകി. അധികം നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-2 കിടാരി വിതരണം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നമ്പർ-328/20-21

പ്രോജക്ട്-സുഭിക്ഷ കേരളം പദ്ധതി-വ്യക്തികൾക്ക് കിടാരി വിതരണം

അടങ്കൽ-225000/-

ചെലവ്-195000/- ബിൽ നമ്പർ 8/22-3-21

ഫണ്ട് -പൊതുവിഭാഗം

നിർവ്വഹണ ഉദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

ഓഡിറ്റ് വർഷത്തിൽ 13 കിടാരികളെ വാങ്ങുവാനായി 13 ഗുണഭോക്താക്കൾക്ക് 15000 രൂപ നിരക്കിൽ 195000/- രൂപ നല്കിയിട്ടുണ്ട്.ഗുണഭോക്താക്കളുടെ വിവരങ്ങൾ അടങ്ങിയ ഫയൽ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

| ഗുണഭോക്താക്കളുടെ പേര് | അപാകത |
|---|---|
| ഓമന | ഗ്രാമപഞ്ചായത്തുമായി വച്ച കരാർ കന്നുകുട്ടി തീറ്റ സബ്സിഡിയുടെതാണ്. |
| രമേശൻ | ഗ്രാമപഞ്ചായത്തുമായി വച്ച കരാർ കന്നുകുട്ടി തീറ്റ സബ്സിഡിയുടെതാണ്. |
| വിലാസിനിയമ്മ | ഗ്രാമപഞ്ചായത്തുമായി വച്ച കരാർ കന്നുകുട്ടി തീറ്റ സബ്സിഡിയുടെതാണ്. |
| ജോൺ | തുക നല്കിയതിന്റെ രശീതി ഇല്ല.പർച്ചേസിങ്ങ് കമ്മിറ്റി റിപ്പോർട്ടില്ല.ഗ്രാമപഞ്ചായത്തുമായി വച്ച കരാർ കന്നുകുട്ടി തീറ്റ സബ്സിഡിയുടെതാണ്. |
| ബേബി | തുക നല്കിയതിന്റെ രശീതി ഇല്ല.പർച്ചേസിങ്ങ് കമ്മിറ്റി റിപ്പോർട്ടില്ല.ഗ്രാമപഞ്ചായത്തുമായി വച്ച കരാർ കന്നുകുട്ടി തീറ്റ സബ്സിഡിയുടെതാണ്. |
| ഗോപിനാഥ് | തുക നല്കിയതിന്റെ രശീതി ഇല്ല.പർച്ചേസിങ്ങ് കമ്മിറ്റി റിപ്പോർട്ടില്ല.ഗ്രാമപഞ്ചായത്തുമായി വച്ച കരാർ കന്നുകുട്ടി തീറ്റ സബ്സിഡിയുടെതാണ്. |
| ഫാത്തിമ അബ്ബാസ് | തുക നല്കിയതിന്റെ രശീതി ഇല്ല.പർച്ചേസിങ്ങ് കമ്മിറ്റി റിപ്പോർട്ടില്ല.ഗ്രാമപഞ്ചായത്തുമായി വച്ച കരാർ കന്നുകുട്ടി തീറ്റ സബ്സിഡിയുടെതാണ്. |
| യശോദ | തുക നല്കിയതിന്റെ രശീതി ഇല്ല.പർച്ചേസിങ്ങ് കമ്മിറ്റി റിപ്പോർട്ടില്ല.ഗ്രാമപഞ്ചായത്തുമായി വച്ച കരാർ കന്നുകുട്ടി തീറ്റ സബ്സിഡിയുടെതാണ്. |
| ബിജി.വി.പി | തുക നല്കിയതിന്റെ രശീതി ഇല്ല.പർച്ചേസിങ്ങ് കമ്മിറ്റി റിപ്പോർട്ടില്ല.ഗ്രാമപഞ്ചായത്തുമായി വച്ച കരാർ കന്നുകുട്ടി തീറ്റ സബ്സിഡിയുടെതാണ്. |
| കുഞ്ഞുമോൻ | തുക നല്കിയതിന്റെ രശീതി ഇല്ല.പർച്ചേസിങ്ങ് കമ്മിറ്റി റിപ്പോർട്ടില്ല.ഗ്രാമപഞ്ചായത്തുമായി വച്ച കരാർ കന്നുകുട്ടി തീറ്റ സബ്സിഡിയുടെതാണ്. |
| ബേബി മാപ്പനാത്ത് | തുക നല്കിയതിന്റെ രശീതി ഇല്ല.പർച്ചേസിങ്ങ് കമ്മിറ്റി റിപ്പോർട്ടില്ല.ഗ്രാമപഞ്ചായത്തുമായി വച്ച കരാർ കന്നുകുട്ടി തീറ്റ സബ്സിഡിയുടെതാണ്. |

| | |
|---|---|
| മേരിബാബു | തുക നല്കിയതിന്റെ രശീതി ഇല്ല.പർച്ചേസിങ്ങ് കമ്മിറ്റി റിപ്പോർട്ടില്ല.ഗ്രാമപഞ്ചായത്തുമായി വച്ച കരാർ കന്നുകുട്ടി തീറ്റ സബ്സിഡിയുടെതാണ്. |
| മേരിതോമസ് | തുക നല്കിയതിന്റെ രശീതി ഇല്ല.പർച്ചേസിങ്ങ് കമ്മിറ്റി റിപ്പോർട്ടില്ല.ഗ്രാമപഞ്ചായത്തുമായി വച്ച കരാർ കന്നുകുട്ടി തീറ്റ സബ്സിഡിയുടെതാണ്. |

സ.ഉ.(കൈ)നം.22/2018/തസ്വഭവ തിയ്യതി 14-2-2018 പ്രകാരമുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ 2018-19മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ സബ്സിഡി ധനസഹായങ്ങൾക്കുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 6.2ലെ കുറിപ്പിൽ വികസനസ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ ചെയർമാനായും,വെറ്ററിനറി ഡോക്ടർ കൺവീനറായും,ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളായിട്ടുള്ള കമ്മിറ്റിയാകണം മൃഗങ്ങളെ വാങ്ങേണ്ടത്.പഞ്ചായത്ത് പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ അനുവാദത്തോട് കൂടി ഈ സമിതിക്ക് നേരിട്ട് വാങ്ങാം.പ്രായം,ഗുണനിലവാരം എന്നത് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം.ഉരുക്കളെ ആരിൽനിന്നാണോ വാങ്ങുന്നത് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നല്കണം.എന്നാൽ മേൽ നിബന്ധന പാലിക്കപ്പെട്ടിട്ടില്ല.ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തന്നെയാണ് തുക നല്കിയിരിക്കുന്നത്.

അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 10/26-7-2022 ക്ക് 22-7-2022 ന് ലഭ്യമാക്കിയ മറുപടി ഓഡിറ്റ് പരാമർശത്തെ സാധൂകരിക്കുന്നു.അപാകതയുടെ അടിസ്ഥാനത്തിൽ തുക ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-3 അംഗൺവാടി പോഷകാഹാരം- സപ്ലൈകോ നിരക്കിൽ കൂടുതൽ വിലയിൽ ഭക്ഷ്യ സാധനങ്ങൾ വാങ്ങിക്കുന്നു .

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഗർഭണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും കൗമാരക്കാരായ പെൺകുട്ടികൾക്കും, 6 മാസം മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്കും പോഷകാഹാരം നൽകി അവരുടെ ശാരീരിക നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് അനുപൂരക പോഷകാഹാരം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിയിലെ ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന തീരമൈത്രി സൂപ്പർമാർക്കറ്റ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് സാധനങ്ങൾ (അമൃതം പൊടി - THRS ഒഴികെ) വാങ്ങി അങ്കണവാടികളിലേക്ക് വിതരണം നടത്തിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിലേക്ക് വിതരണം നടത്തുന്നതിന് ആവശ്യമായ ഭക്ഷ്യ സാധനങ്ങൾ വാങ്ങേണ്ടത് സപ്ലൈകോയിൽ നിന്നുമാണ്. ആവശ്യമായ സാധനങ്ങൾ സപ്ലൈകോയിൽ നിന്നും ലഭ്യമാക്കാത്ത സാഹചര്യം ഉണ്ടാവുന്ന ഘട്ടത്തിൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നടത്തുന്ന സ്റ്റോറുകൾ, ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന തീരമൈത്രി സ്റ്റോറുകൾ, എന്നിവയിൽ നിന്നും നിബന്ധനകളോടെ വാങ്ങുന്നതിന് 06.08.2019 ലെ ബി1/1493/2019/ സാമൂഹ്യനീതി(ബി)വകുപ്പിന്റെ സർക്കുലർ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. അത്തരം വാങ്ങലുകൾക്ക് താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

1. പ്രസ്തുത സ്ഥാപനങ്ങൾക്ക് പൊതുജനങ്ങൾ വാങ്ങുന്നതും കുറഞ്ഞത് ഒരു വർഷമായെങ്കിലും പ്രവർത്തിച്ചു വരുന്നതുമായ പ്രൊവിഷൻ സ്റ്റോർ സ്വന്തമായിട്ട് ഉണ്ടായിരിക്കണം. ഫുഡ് സേഫ്റ്റി വകുപ്പിന്റെ ഉൾപ്പടെയുള്ള എല്ലാ നിയമപരമായ അംഗീകാരങ്ങളും ടി പ്രൊവിഷൻ സ്റ്റോറിന് ഉണ്ടായിരിക്കണം.

2.അപേക്ഷകൾ ലഭ്യമായാൽ പ്രസ്തുത സ്റ്റോറുകൾ ബന്ധപ്പെട്ട ഐ.സി.ഡി.എസ് സൂപ്പർവൈസർ സന്ദർശിച്ച് ഭക്ഷ്യവസ്തുകളുടെ ലഭ്യത, ഗുണമേൻമ , ആ സ്ഥാപനത്തിന്റെ പ്രശസ്തിയും നിയമപരമായ അംഗീകാരവും, പരിശോധിച്ച് വിലയിരുത്തി സി.ഡി.പി.ഒ യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതും പ്രസ്തുത സ്റ്റോറുകളിൽ നിന്നും ഭക്ഷ്യ വിതരണം സംബന്ധിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസറും സി.ഡി.പി.ഒയും സംയുക്തമായി തീരുമാനമെടുത്ത് ഗ്രാമപഞ്ചായത്തിന് പ്രൊപ്പോസൽ സമർപ്പിക്കേണ്ടതുമാണ്. 3.എല്ലാമാസവും സർക്കുലറിൽ നിർദ്ദേശിക്കപ്പെട്ട ഉദ്യോഗസ്ഥർ സപ്ലൈകോ വില

നിലവാരം പരിശോധിച്ച് രേഖപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ വിവിധ അങ്കണവാടികളിലേക്ക് വിതരണം ചെയ്തുകൊണ്ടിരിക്കുന്ന സപ്ലൈകോയുടെ പോഷാകാഹാര ഉൽപ്പന്നങ്ങൾക്ക് ഗുണനിലവാരക്കുറവും താമസവും നേരിടുന്നതിനെ തുടർന്ന് നിരന്തരമായ പരാതികൾ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ലഭിച്ചിരുന്നു. ഇതിനെ തുടർന്ന് വിവിധ സ്ഥാപനങ്ങളിൽ നിന്ന് സാധനങ്ങളുടെ ക്വട്ടേഷൻ ക്ഷണിച്ച് സാമ്പിളുകൾ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾ ,പ്രസിഡണ്ട്, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ പരിശോധിച്ച് വിലക്കുറവിന്റെയും, ഗുണമേന്മയുടെയും അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ 22.09.2017 ലെ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 3/2017 ാം നമ്പർ തീരുമാന പ്രകാരം ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന തീരമൈത്രി സൂപ്പർമാർക്കറ്റ് എന്ന സ്ഥാപനത്തിൽ നിന്ന് സാധനങ്ങൾ വാങ്ങാൻ തീരുമാനിച്ചിട്ടുണ്ട്.

അനുപൂരക പോഷകാഹാരങ്ങൾ കുടുംബശ്രീ/സഹകരണ സ്ഥാപനങ്ങളിൽ നിന്നും വാങ്ങാവുന്നതാണെങ്കിലും, ആയതിനുള്ള വിലകൾ അതാത് സമയത്ത് മാവേലി സ്റ്റോറിലുള്ള തുകയേക്കാൾ അധികരിക്കുന്നില്ല എന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ ഉറപ്പ് വരുത്തേണ്ടതാണ്. എന്നാൽ, ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ സപ്ലൈകോയുടെ അതാത് സമയത്തെ വില നിലവാരം എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന തുക കൊയിലാണ്ടിയിലെ

തീരമൈത്രി സൂപ്പർമാർക്കറ്റിന് അധികമായി നൽകിയതായി കാണുന്നു. സപ്ലൈകോയിലെ ബില്ലിൽ വില വിവരം രേഖപ്പെടുത്താത്ത (ശർക്കര, പാൽപ്പൊടി) സാധനങ്ങളും മേൽ പദ്ധതിയിൽ വാങ്ങിയിട്ടുണ്ട്. പദ്ധതി വിശദാംശങ്ങളും, അപാകതകളും ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0160/21 |
| പ്രോജക്ടിന്റെ പേര് | അങ്കണവാടി പോഷകാഹാരം |
| അടങ്കൽ | 40,01,197/- |
| ചെലവ് | 37,17,827/- |
| ബിൽ നം/ തീയതി /തുക | 1. 01/20-21/19/05/20 – - 12,03,469/-<br>2.03/20-21/26/08/20 – - 4,37,736/-<br>3. ചെക്ക് നം-002032/22/06/20 - 5,52,721/-<br>4. നം- 333/13/03/20 - 4,60,910/-<br>5. 10/20-21/08/01/21 - 289082/-<br>6. 16/20-21/23/02/21 - 1,07,572/-<br>7.ചെക്ക് നം-018968/29/03/21 - 1,79,348/-<br>8.115/30.06.20 - 443456<br>9.113/30.06.20 -41105<br>10.21/20-21/24/03/21 - 2428/-<br>37,17,827/- |

ഓഡിറ്റിന് ലഭ്യമാക്കിയ സപ്ലൈകോയുടെ വില നിലവാരം പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന തുക കൊയിലാണ്ടിയിലെ തീരമൈത്രി സൂപ്പർമാർക്കറ്റിന് അധികം നൽകിയിട്ടുണ്ട്. ആയതിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഇൻവോയിസ് നം. /തീയതി | ഇനം | വാങ്ങിയ അളവ് (കിലോ) | വില | ആകെ നൽകിയ തുക | സപ്ലൈകോ വില | ആകെ അനുവദിക്കാവുന്ന തുക | കൂടുതൽ നൽകിയിട്ടുണ്ട്തുക |
|---|---|---|---|---|---|---|---|---|
| 1 | 1143 16/03/20 | ബിരിയാണി അരി | 202 Kg | 83.81 | 17776 | 38 | 7676 | 10100 |
| 2 | 1114 /24/1/20 | ബിരിയാണി അരി | 154 Kg | 70.48 | 11396 | 40 | 6160 | 5236 |
| 3 | 8/ 30/04/20 | ബിരിയാണി അരി | 102kg | 96 | 9792 | 38 | 3638 | 6154 |
| 4 | 14 /10/06/20 | ബിരിയാണി അരി | 138 Kg | 80 | 11040 | 42 | 5796 | 5244 |
| | | | | | | | | 26734/- |

തീരമൈത്രി സൂപ്പർമാർക്കറ്റിന്, സപ്ലൈകോയുടെ വില അധികരിച്ച് നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതും, മേൽ അപാകതകൾ സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി - (3/202021 /25.07.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തീരമൈത്രി സൂപ്പർമാർക്കറ്റിന്, സപ്ലൈകോയുടെ വില അധികരിച്ച് നൽകിയ 26734/-രൂപ നിരാകരിക്കുന്നു. പ്രസ്തുത തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ തിരികെ അടവാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | പനമരം ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 31,330 | 35/2020-21 നെൽകൃഷി പ്രോത്സാഹനം, എസ്.ടി | 31,330 | 0 |
| 2 | പനമരം ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 2,12,655 | 154/2020-21 നെൽകൃഷി പ്രോത്സാഹനം | 2,12,655 | 0 |
| 3 | വയനാട് ജില്ലാ പഞ്ചായത്ത് | 2020-21 | 700000 | 154/2020-21 നെൽകൃഷി പ്രോത്സാഹനം | 7,00,000 | 0 |
| 4 | ജില്ലാ പഞ്ചായത്ത് | 2020-21 | 700000 | 250/2020-21 നെൽകൃഷി പ്രോത്സാഹനം | 7,00,000 | 0 |
| 5 | പനമരം ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 6,70,000 | 144/2020-21 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് ബത്ത | 6,70,000 | 0 |
| 6 | വയനാട് ജില്ലാ പഞ്ചായത്ത് | 2020-21 | 10,76,000 | 144/2020-21 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് ബത്ത | 10,76,000 | 0 |
| 7 | പനമരം ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 4,00,000 | 322/2020-21സുഭിക്ഷ കേരളം പദ്ധതി- മത്സ്യകൃഷി പ്രോത്സാഹനം- വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യ കൃഷി | 4,00,000 | 0 |
| 8 | പനമരം ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 6,72,656 | 163/2020-21 അങ്കണവാടി പോഷകാഹാരം(എസ്.ടി) | 6,72,656 | 0 |
| 9 | പനമരം ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 4000000 | 51/2020-21 ലൈഫ് മിഷൻ ഭവനനിർമ്മാണം(എസ്.ടി) | 40,00,000 | 0 |
| 10 | വയനാട് ജില്ലാ പഞ്ചായത്ത് | 2020-21 | 19,80,000 | 51/2020-21 ലൈഫ് മിഷൻ ഭവനനിർമ്മാണം(എസ്.ടി) | 19,80,000 | 0 |
| 11 | പനമരം ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 2,40,000 | 361/2020-21 ലൈഫ് മിഷൻ ഭവന നിർമ്മാണം അഡീഷണൽ(എസ്.സി) | 2,40,000 | 0 |
| 12 | വയനാട് ജില്ലാ പഞ്ചായത്ത് | 2020-21 | 151206 | 275/2020-21 ലൈഫ് മിഷൻ ഭൂമിയുള്ളവർക്ക് ഭവനനിർമ്മാണം(എസ്.സി) | 1,51,206 | 0 |
| 13 | പനമരം ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 12,84,400 | 37/2020-21 ലൈഫ് മിഷൻ ഭവനനിർമ്മാണം(ജനറൽ) | 12,84,400 | 0 |
| 14 | വയനാട് ജില്ലാ പഞ്ചായത്ത് | 2020-21 | 3,72,600 | 37/2020-21 ലൈഫ് മിഷൻ ഭവനനിർമ്മാണം(ജനറൽ) | 3,72,600 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | 1,24,90,847 | | 1,24,90,847 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക് നം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 266/2020-21 അംഗൻവാടികൾക്ക് വൈദ്യുതി കണക്ഷൻ | 181010/20.05.2020 | 100000 | 100000 | 0 |
| കേരള വാട്ടർ അതോറിറ്റി | 219/2020-21 മാടപ്പള്ളിക്കുന്ന് എസ്.ടി കോളനി കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 18453/12.04.2020 | 155000 | 155000 | 0 |
| | 220/2020-21 ആലത്തൂർ പണിയകോളനി കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 18454/11/04.2020 | 150000 | 150000 | 0 |
| | 352/2020-21 ജൽജീവൻ മിഷൻ പദ്ധതി- വാട്ടർ അതോറിറ്റിക്ക് വിഹിതം നൽകൽ | 36681/12.03.2021 | 200000 | 999572 | 0 |
| | | 11547/29.01.2021 | 799572 | | |
| | 353/2020-21 ജൽജീവൻ മിഷൻ പദ്ധതി- വാട്ടർ അതോറിറ്റിക്ക് വിഹിതം നൽകൽ | 11576/29.01.2021 | 215000 | 215000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| | ഇല്ല | | | | | |

## 4-4-1 വായ്പ, വായ്പ തിരിച്ചടവ് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

വായ്പ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും അനുഗ്രഹ ഭവനപദ്ധതി വായ്പയുടെ വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത്. കെ.യു.ആർ.ഡി.എഫ്.സി വായ്പ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല.കെ.യു.ആർ.ഡി.എഫ്.സി വായ്പയിനത്തിൽ 1,83,06,605/- രൂപ (വാർഷിക കണക്ക് B-5 പ്രകാരം) ഒടുക്കാൻ ബാക്കിയുള്ള സാഹചര്യത്തിൽ വായ്പ സംബന്ധിച്ച വിവരങ്ങൾ വായ്പ രജിസ്റ്ററിൽ കൃത്യമായി എഴുതി സൂക്ഷിക്കാത്തത് ശരിയായ നടപടിയല്ല. ആയതിനാൽ വായ്പാമുതൽ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രജിസ്റ്ററിൽ എഴുതേണ്ടതും ആയത് യഥാസമയം ഒടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്.

## 4-4 വായ്പ /വായ്പാതിരിച്ചടവ്

| വായ്പ | 2020-21 ൽ ലഭിച്ച വായ്പ (ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം) | ഉദ്ദേശ്യം | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|
| അനുഗ്രഹ ലോൺ | 3,60,000/- | ഹൗസിംഗ് ലോൺ | 3,60,000/- | 0 |
| കെ.യു.ആർ.ഡി.എഫ്.സി ലോൺ | ഇല്ല | ലൈഫ് മിഷൻ ലോൺ | ഇല്ല | ഇല്ല |

വാർഷിക കണക്ക് പ്രകാരം( RP-31) 2020-21 ൽ ലഭിച്ച വായ്പ 3,40,000/- ആണ്.

വായ്പാതിരിച്ചടവ് സംബന്ധിച്ച വിവരങ്ങൾ

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം. - തീയതി | വായ്പ തുക | തിരിച്ചടക്കാനുള്ള മുൻ ബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് മിഷൻ ഗുണഭോക്താക്കൾ | | 2,00,09,487 | | 2004588 | ഇല്ല | |
| 2 | അനുഗ്രഹ ലോൺ | 210/DB1 /2015/lsgd Dated 15.09.2015 | 1,60,80,000 | 11689966 | 1788939 | 2505313 | 10261027 |

ചെലവ് പത്രിക പ്രകാരം താഴെപ്പറയും വിധം വായ്പ തിരിച്ചടവിന് പ്രോജക്ടുകൾ രൂപീകരിച്ച് തുക വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം | വായ്പയുടെ ഉദ്ദേശ്യം | ഫണ്ട് വിവരം | തുക |
|---|---|---|---|---|
| 1 | 370/2020-21 | ലൈഫ് മിഷൻ വായ്പ മുതൽതിരിച്ചടവ് | വികസന ഫണ്ട്(ടി.എസ്.പി) | 36569 |
| 2 | 374/2020-21 | ലൈഫ് മിഷൻ വായ്പ മുതൽതിരിച്ചടവ് | വികസന ഫണ്ട്(ടി.എസ്.പി) | 36569 |
| 3 | 368/2020-21 | ലൈഫ് മിഷൻ വായ്പ മുതൽതിരിച്ചടവ് | വികസന ഫണ്ട്( ജനറൽ) | 892431 |
| 4 | 372/2020-21 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | വികസന ഫണ്ട്(ജനറൽ) | 892431 |
| 5 | 369/2020-21 | ലൈഫ് മിഷൻ വായ്പ മുതൽതിരിച്ചടവ് | വികസന ഫണ്ട്( എസ്.സി.പി) | 73294 |
| 6 | 373/2020-21 | ലൈഫ് മിഷൻ വായ്പ മുതൽതിരിച്ചടവ് | വികസന ഫണ്ട്(എസ്.സി.പി) | 73294 |
| 7 | 257/2020-21 | അനുഗ്രഹ ഭവനപദ്ധതി വായ്പ പലിശ | തനത് ഫണ്ട് | 715856 |

| | | | | |
|---|---|---|---|---|
| | | തിരിച്ചടവ് | | |
| 8 | 29/2020-21 | അനുഗ്രഹ ഭവനപദ്ധതി വായ്പ പലിശ തിരിച്ചടവ് | തനത് ഫണ്ട് | 1140753 |
| 9 | 3/2020-21 | അനുഗ്രഹ ഭവനപദ്ധതി വായ്പ മുതൽ തിരിച്ചടവ് | വികസന ഫണ്ട്(ജനറൽ) | 1720500 |

ലൈഫ് ഭവന പദ്ധതിക്ക് മുൻവർഷങ്ങളിൽ അനുവദിച്ച വായ്പതുകയുടെ തൻവർഷത്തെ തിരിച്ചടവായ 2004588/- രൂപ, 2020-21 ലെ വികസന ഫണ്ടുകളുടെ അലോട്ട്മെന്റിന്റെ സ്രോതസ്സിൽ വച്ച് കിഴിവ് വരുത്തിയിട്ടുണ്ട് . ഇതിന് ആനുപാതികമായി പഞ്ചായത്ത് ജി.ഒ പ്രോജക്ടുകൾ രൂപീകരിച്ച വിവരമാണ് പട്ടികയിൽ ക്രമ നം. 1-6 വരെ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 4-5 സ്ഥിര നിക്ഷേപം

| | | |
|---|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | Wayanad District Cooperative Bank | 5,41,250 |
| | Treasury Savings Bank | 3,94,000 |
| | Mullankolly Service Cooperative Bank | 5,41,250 |
| തൻവർഷം നിക്ഷേപിച്ച തുക | Wayanad District Cooperative Bank | 43300 |
| | Mullankolly Service Cooperative Bank | 44653 |
| ആകെ | 15,64,453/- | |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 15,64,453/- | |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| ക്രമ നം. | നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|---|
| 1 | Wayanad District Cooperative Bank | 5,84,550 | FDR NO. 130071807520049 Dated 29.03.2021 |
| 2 | Mullankolly Service Cooperative Bank | 5,85,903 | FDR No.002001000236 Dated 11.05.2020 |
| 3 | Treasury Savings Bank | 3,94,000 | FDR No. 799010500376433 Dated 7.4.2021 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | |
|---|---|---|---|---|---|
| 1997-98 | 51<br>36 | 2001-02 | 10 | വാർദ്ധക്യകാല പെൻഷൻ ജില്ലാ കളക്ടറിൽ നിന്നും ലഭിച്ച 15594/- രൂപയിൽ 10974/- രൂപ പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുകയോ പെൻഷൻ ഫണ്ട് ലഭിക്കേണ്ട വ്യക്തികൾക്ക് കൊടുക്കുക യോ ചെയ്യാതെ തിരിമറി നടത്തി.<br>പിരിവ് തുകയിൽ 5405/രൂപപഞ്ചായത്ത് ഫണ്ടിൽ അടയ്ക്കാതെ തിരിമറി നടത്തി. | 10974/- രൂപ 06.01.2015 തിയ്യതിയിലെ 11401105036 നമ്പർ രസീത് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്.<br>ഫണ്ടിൽ അടയ്ക്കാതെ തിരിമറി നടത്തിയ 5405/- രൂപ റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. പരാമർശം നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 1998-99 | 38(1) | 2002-03 | VII 12.3(iii) | വിനോദനികുതി ബാക്കി ടിക്കറ്റുകൾ തിരിച്ചേൽപ്പിക്കാത്തതുമൂലം നഷ്ടം | റവന്യൂ റിക്കവറി നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരാമർശം നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 1998-99 | 39 | 2002-2003 | VII 12.3(iv) | മണൽ വില്പനയിലെ ക്രമക്കേടുകൾ വൻനഷ്ടം | റവന്യൂ റിക്കവറി നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരാമർശം നിയമസഭാസമിതിയുടെ പരിഗണനയിൽ . |
| 1998-99 | 49 | 2002-03 | VII-.12.3.(v) | കർഷകതൊഴിലാളി പെൻഷൻ തിരിച്ചുവന്ന തുക ബന്ധപ്പെട്ട ഫണ്ടിൽ അടച്ചില്ല | റവന്യൂ റിക്കവറി നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരാമർശം നിയമസഭാസമിതിയുടെ പരിഗണനയിൽ. |
| 1998-99 | 51 | 2002-03 | VII-12.3.(vi) | ചെറ്റപ്പാലം-സീതാമൗണ്ട് റോഡ് - തുക അധികം നല്കി | റവന്യൂ റിക്കവറി നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരാമർശം നിയമസഭാസമിതിയുടെ പരിഗണനയിൽ . |
| 1999-00 | 36<br>37 | 2003-04 | 3.12.3 | തൊഴിൽ നികുതി കുടിശ്ശിക ഈടാക്കിയില്ല | റവന്യൂ റിക്കവറി നടത്തുന്നതിനുവേണ്ട |

| | | | | | |
|---|---|---|---|---|---|
| | | | | | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരാമർശം നിയമസഭാസമിതിയുടെ പരിഗണനയിൽ . |
| 1999-00 | 62 | 2003-04 | 3.12.5.1 | പെരിക്കല്ലൂർ വെട്ടത്ത് കവല റോഡ് സോളിംഗ് - പ്രവൃത്തിക്ക് അധികം കൊടുത്ത 27863/-രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവ് വരുത്തേണ്ടതാണ്. | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1999-00 | 65 | 2003-04 | 3.12.5.2 | മാടൽപ്പാലം കുടിയാൻമല റോഡ് സോളിംഗ്-പ്രവൃത്തിക്ക് അധികം കൊടുത്ത 45058/-രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്. | പരാമർശം നിയമസഭാസമിതിയുടെ പരിഗണനയിൽ . |
| 1999-00 | 66 | 2003-04 | 3.12.5.3 | പാറക്കടവ് കുടിവെള്ള പദ്ധതി-അധികം കൈവശം വെച്ച 13583/രൂപ ഓഡിറ്റിൽ അനുവദനീയമല്ലാത്ത ചെലവുകളിൽപ്പെടുത്തുന്നു. | പരാമർശം നിയമസഭാസമിതിയുടെ പരിഗണനയിൽ . |
| 1999-00 | 70 | 2003-04 | 3.12.5.4 | ചെറ്റപ്പാലം-സീതാമൗണ്ട് റോഡ് - തുക അധികം നല്കി | റവന്യൂ റിക്കവറി നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരാമർശം നിയമസഭാസമിതിയുടെ പരിഗണനയിൽ . |
| 1999-00 | 71 | 2003-04 | 3.12.5.5 | ആയുർവേദാശുപത്രി വൈദ്യുതീകരണം-ടി പ്രവൃത്തിക്ക് അധികം പിൻവലിച്ച 20500/-രൂപ ഓഡിറ്റിൽ അനുവദനീയമല്ലാത്ത ചെലവിൽപ്പെടുത്തുന്നു. | റവന്യൂ റിക്കവറി നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരാമർശം നിയമസഭാസമിതിയുടെ പരിഗണനയിൽ . |
| 2000-01 | 15(1)<br>15(2) | 2004-05 | 3.12.3.1 | തിരിച്ചടച്ച സമാഹരണ മുൻകൂറിന് പിഴപലിശ ചുമത്തിയില്ല | കടമാൻതോട് തടയണ എന്ന പ്രവർത്തിയുടെ കൺവീനറായ ശ്രീ. ജോർജ്ജ് തോമസ്, കണ്ടംഉരുത്തിയിൽ എന്നവർക്ക് 87500/-രൂപ നൽകിയതിൽ 75000/- രൂപ 31.03.2002 തിയ്യതിയിലും പിന്നീട് 33580/- രൂപ പാടിച്ചിറ വില്ലേജ് |

| | | | | | |
|---|---|---|---|---|---|
| | | | | | ഓഫീസർ മുഖേനയും പലിശയിനത്തിൽ അടവാക്കാനുള്ള ബാക്കി തുകയ്ക്ക് 09/01/2015 തിയ്യതിയിൽ കത്ത് നൽകിയത് പ്രകാരം 18/03/2015 തിയ്യതിയിൽ 18242/- രൂപ 1140106770 നമ്പർ രസീത് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. പരാമർശം നിയമസഭാസമിതിയുടെ പരിഗണനയിൽ . |
| 2000-01 | 10 | 2004-05 | 3.12.3.2 | ഇന്ദിരാവികാസ് പത്ര- 10000/- രൂപ അപഹരിച്ചു | റവന്യൂ റിക്കവറി നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിനെതിരെ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ഹൈക്കോടതിയിൽ WPC/5533/19 നമ്പർ കേസ് ഫയൽ ചെയ്തിട്ടുണ്ട്.പരാമർശം നിയമസഭാസമിതിയുടെ പരിഗണനയിൽ . |
| 2000-01 | 23(A)<br>24(1)<br>24(2) | 2004-05 | 3.12.3.3 | പെൻഷൻ , വേതന തുകകൾ അപഹരിച്ചു. | റവന്യൂ റിക്കവറി നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിനെതിരെ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ഹൈക്കോടതിയിൽ WPC/5533/19 നമ്പർ കേസ് ഫയൽ ചെയ്തിട്ടുണ്ട്.പരാമർശം നിയമസഭാസമിതിയുടെ പരിഗണനയിൽ . |
| 2001-02 | 14 | 2004-05 | 3.12.3.4 | മരാമത്ത് വേലക്ക് അവസാന ബില്ല് തീർപ്പാക്കിയ ശേഷം ചെലവ് | റവന്യൂ റിക്കവറി നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരാമർശം നിയമസഭാസമിതിയുടെ പരിഗണനയിൽ . |
| 1999-00 | 70 | 2004-05 | 3.12.3.5 | സഹകരണ സംഘത്തിന് ലാഭകരമായി ടെണ്ടർ | റവന്യൂ റിക്കവറി നടത്തുന്നതിനുവേണ്ട |

| | | | | | |
|---|---|---|---|---|---|
| | | | | അധികം നൽകി | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരാമർശം നിയമസഭാസമിതിയുടെ പരിഗണനയിൽ . |
| 2001-02 | 2(1)A | 2005-06 | 2.83.1 | തൊഴിൽ നികുതി : കുടിശ്ശിക പിരിവിൽ അലംഭാവം; 1.64 ലക്ഷം നഷ്ടം | റവന്യൂ റിക്കവറി നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരാമർശം നിയമസഭാസമിതിയുടെ പരിഗണനയിൽ . |
| 2001-02 | 3-7 | 2005-06 | 2.83.2 | തൊഴിൽരഹിത വേതന വിതരണം- ബാക്കി തുക തിരികെ ഒടുക്കിയില്ല | റവന്യൂ റിക്കവറി നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിനെതിരെ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ഹൈക്കോടതിയിൽ WPC/5533/19 നമ്പർ കേസ് ഫയൽ ചെയ്തിട്ടുണ്ട്.പരാമർശം നിയമസഭാസമിതിയുടെ പരിഗണനയിൽ . |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

1. ചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

2. സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 135826264 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 135176398 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 2,35,157 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 51,62,269 |

(ബി)(i) <*പഞ്ചായത്ത് *>ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 13423 | ശ്രീ. അനിൽ കുമാർ ജെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | - | 195000 | ഡോ. ലക്ഷ്മി എസ് അരവിന്ദ്, വെ റ്ററിനറി സർജ്ജൻ |
| 3-3 | - | 26,734 | ശ്രീമതി സുഭാഷിണി കെ.കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | | 2,35,157 | |

(Ii)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 30,000 | ശ്രീമതി. റജീന എം.വി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-20 | 9,88,917 | ശ്രീ. പി. സുരേന്ദ്രൻ, ഹെഡ്മാസ്റ്റർ |
| 1-25 | 1,69,100 | ഡോ. ലക്ഷമി എസ് അരവിന്ദ്, വെറ്ററിനറി സർജ്ജൻ |
| 1-26 | 59,405 | ഡോ. ലക്ഷമി എസ് അരവിന്ദ്, വെറ്ററിനറി സർജ്ജൻ |
| 1-27 | 95,000 | ശ്രീ. അബ്ദുള്ള വി.എം, സെക്രട്ടറി |
| 1-28 | 12,14,572 | ശ്രീ. അബ്ദുള്ള വി.എം, സെക്രട്ടറി |
| 1-29 | 1,18,895 | ശ്രീ. അബ്ദുള്ള വി.എം, സെക്രട്ടറി |
| 1-30 | 94,496 | ശ്രീ. അബ്ദുള്ള വി.എം, സെക്രട്ടറി |
| 1-31 | 17,48,256 | ശ്രീ. അബ്ദുള്ള വി.എം, സെക്രട്ടറി |
| 1-32 | 60,000 | ശ്രീ. ശ്രീകുമാർ കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-33 | 3,05,000 | ശ്രീ. ശ്രീകുമാർ കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-34 | 1,00,000 | ശ്രീ. ശ്രീകുമാർ കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-35 | 75,000 | ശ്രീ. ശ്രീകുമാർ കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-36 | 96,628 | ശ്രീ. അബ്ദുള്ള വി.എം, സെക്രട്ടറി |
| 1-37 | 7,000 | ശ്രീ. അബ്ദുള്ള വി.എം, സെക്രട്ടറി |
| ആകെ | 51,62,269 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ലക്ഷ്മി എസ് അരവിന്ദ്,വെറ്ററിനറി സർജ്ജൻ | വെറ്ററിനറി സർജ്ജൻ, മുള്ളൻകൊല്ലി ഗ്രാമ പഞ്ചായത്ത് | ഇന്ദീവരം, കളർകോട്(പി.ഒ) ആലപ്പുഴ പിൻ-688003 |
| ശ്രീ. അനിൽകമാർ ജെ, അസിസ്റ്റന്റ് എഞ്ചിനീയർ | റിട്ടയേർഡ് | ആശാരിപ്പറമ്പിൽ (വീട്) മയ്യനാട് (പി.ഒ) കൊല്ലം |
| ശ്രീമതി സുഭാഷിണി കെ.കെ,ഐ.സി.ഡി.എസ് സൂപ്പർവൈസര് | ഐ.സി.ഡി.എസ് സൂപ്പർവൈസർ, പൂതാടി | ആലക്കുഴിയിൽ (വീട്) കോളേരി (പി.ഒ) പിൻ-673596 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന പരാമർശങ്ങളുടെ എണ്ണം |
|---|---|---|
| 1998-99<br>90-91 | LF(W) P3-576/95 Dated 30.06.2018 | 2 |
| 1996-97 | LF(W) P2-513/98 Dated 30.06.2018 | 4 |
| 1997-98 | LF(W) P2-513/98 Dated 30.06.2018 | 13 |

| | | |
|---|---|---|
| 1998-99 | LF(W) P1-299/02 Dated 30.06.2018 | 16 |
| 1999-2000 | LF(W) P1-16/03 Dated 18.06.2019 | 6 |
| 2000-01 | LF(W) P5/182/04 Dated 06.10.05 | 7 |
| 2001-02 Plan | LF(W) P4/439/04 Dated 07.05.05 | 4 |
| 2001-02 | LF(W) P4/93/05 Dated 13.02.08 | 2 |
| 2003-04 | LF(W) P4-511/06 Dated 12.12.2008 | 23 |
| 2004-05 | LF(W) P4-505/09 Dated 05.12.2009 | 7 |
| 2005-06 | LF(W) P4-566/09 Dated 05.12.2009 | 11 |
| 2006-07 | LF(W) P4-227/11 Dated 23.12.2011 | 23 |
| 2007-08 | LF(W) P4-228/11 Dated 28.12.11 | 13 |
| 2008-09 | LF(W) P4-183/12 Dated 13.03.12 | 15 |
| 2009-10 | LF(W) P4-327/12 Dated 24.08.12 | 17 |
| 2010-11 | LF(W) P3-636/16 Dated 09.10.2013 | 12 |
| 2011-12<br>2012-13 | LF(W) P3-150/14 Dated 28.03.16 | 20 |
| 2013-14 | LF(W) P3-481/15 Dated 17.03.2018 | 19 |
| 2014-15 | Ksa(wyd)p3-441/16 Dated 17.03.18 | 18 |
| 2015-16 | Ksa(wyd)p3- 632/17 Dated 16.03.18 | 12 |
| 2016-17 | Ksa(wyd)p3-574/17 Dated 11.01.18 | 15 |
| 2017-18 | Ksa(wyd)p3-35/19dated 22.05.2020 | 18 |
| 2018-19 | Ksa(wyd)p3-55/20 Dated 12.04.21 | 8 |
| 2019-20 | Ksa(wyd)p3-997/21 Dated 08.4.22 | 20 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്